Registered No. M. 5819 Licence No. 445. 12-7-45.



ജ്ഞാന നിക്ഷേപം

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന
സംയുക്ത സഭാമാസിക

ജൂൺ 1958 No. 6

എല്ലാത്തരം പള്ളിഉപകരണങ്ങളും

(കാസാസെറസ്, കുരിശ്, മെഴുകുതിരിക്കാലുകൾ, ധൂപക്കുറ്റി മുതലായവ)

തനി വെള്ളിയിലും, പ്ലെറ്റഡ് ചെയ്തും

എപ്പോഴും വില പനയ്ക്കു തയ്യാറുണ്ട്.

പ്രത്യേകതരത്തിൽ ഓർഡറിൻപ്രകാരവും ചെയ്തുകൊടുക്കുന്നതാണ്.

MILLIONS'
ART METAL & ELECTROPLATERS,
KOTTAYAM, KERALA.

Mg. Prop. **A. J. Chandy.**

മല്ലപ്പള്ളി ഡി. സണ്ടെസ്കൂൾ പരീക്ഷ 1958

മദ്ധ്യവകുപ്പ്

Itty Kurian Memorial Prizes

1. പി. സി. മാത്യു (കുറുമ്പനേടം)
2. എം. ബാബു ജോസഫ് (ആരംപുളിക്കൽ)
3. കെ. ഐ. മേരിക്കുട്ടി (കീഴവായ്പൂർ)

Prizes from Mr. N. V. Isaac

4. കെ. എം. സാറാമ്മ (നെടുങ്ങാടപ്പള്ളി)

കുമാരവകുപ്പ്.

1. അന്നാമ്മ ചാക്കോ (കീഴവായ്പൂർ)
2. ശോശാമ്മ ചാക്കോ (നെടുങ്ങാടപ്പള്ളി)
3. കെ. ഐ. അന്നാമ്മ (കീഴവായ്പൂർ)
4. പി. കെ. മറിയാമ്മ (മല്ലപ്പള്ളി)

N. B. 1959 മാർച്ചുമാസത്തിൽ തന്നാണ്ടത്തേക്കു നിശ്ചയിച്ചിരിക്കുന്ന കുമാരവകുപ്പ് മൂന്നാം വർഷം, മദ്ധ്യവകുപ്പു മൂന്നാം വർക്കം ഈ പാഠപുസ്തകങ്ങൾ അടിസ്ഥാനമാക്കി പരീക്ഷ ഉണ്ടായിരിക്കും.

മല്ലപ്പള്ളി,
12-5-58.

K. C. Chacko,
(Convener).

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LXI | JUNE 1958 | No. 6

കമ്മിസ്സറിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

നമ്മുടെ കർത്താവു ഒരു രാജ്യം സ്ഥാപിപ്പാനാണ് വന്നതു്. തന്റെ ഉപദേശം ഈ രാജ്യത്തെയും അതിന്റെ പ്രമാണങ്ങളെയും കുറിച്ചുള്ളതായിരുന്നു. ദൈവരാജ്യം എന്നാണ് താൻ ഈ രാജ്യത്തിനു പേർ പറഞ്ഞതു്. ദൈവം രാജാവായിരിക്കുകയും, ദൈവത്തിന്റെ ഭരണം എല്ലാ രംഗങ്ങളിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയും അനുഭവവുമാണ് ദൈവരാജ്യം എന്ന പദപ്രയോഗത്താൽ യേശു അർത്ഥമാക്കിയിരുന്നതു്. എന്നാൽ ഇതു വേണ്ടംപ്രകാരം ഗ്രഹിപ്പാൻ ശിഷ്യന്മാർക്കോ, അന്നത്തെ സാമാന്യജനങ്ങൾക്കോ പ്രയാസമായിരുന്നു. ഐഹികരാജ്യത്തിന്റെ പ്രമാണങ്ങളും വ്യവസ്ഥിതിയും പോലെയാണ് ദൈവരാജ്യത്തിന്റേതും എന്നു അവർ വിചാരിച്ചു. പരിശുദ്ധാത്മാവു വന്നു അവരെ സകല സത്യത്തിലും വഴി നടത്തുവാൻ തുടങ്ങിയപ്പോൾ അവർ യാഥാർത്ഥ്യം മനസ്സിലാക്കുകയും അവരുടെ ആശയങ്ങളെ നവീകരിച്ചു ലോകരാജ്യങ്ങൾ ദൈവത്തിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജ്യമാക്കിത്തീർക്കുവാൻ പരിശ്രമിക്കുകയും ചെയ്തു.

എക്കാലത്തും ദൈവരാജ്യവും ലോകരാജ്യവും തമ്മിൽ വൈപരീത്യമുണ്ട്. ലോകം അതിന്റെ പ്രമാണങ്ങൾ അനുസരിച്ചു ദൈവരാജ്യത്തെ പിടിച്ചടക്കുവാൻ ശ്രമിക്കുമ്പോൾ ദൈവരാജ്യം അതിന്റെ പ്രമാണങ്ങൾ അനുസരിച്ചു ലോകരാജ്യത്തെ വീണ്ടെടുക്കുവാനാണ് ശ്രമിക്കുന്നതു്. ഈ ലോകത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുസഭയുടെ ജോലി ദൈവരാജ്യത്തിന്റെ പ്രമാണങ്ങൾ അനുസരിച്ചു ലോകരാജ്യങ്ങളെ ദൈവത്തിനു വേണ്ടി നേടുകയാണ്. ഇതിനായിട്ടാണ് തന്റെ സഭയുടെ മേൽ ദൈവം പരിശുദ്ധാത്മാവിനെ പകർന്നതു്.

പക്ഷേ ഇന്നത്തെ സഭ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഈ കർത്തവ്യം നിറവേറിക്കൊണ്ടിരിക്കുന്നു എന്നു പറവാൻ നമുക്കു സാധിക്കുമോ? സഭയിൽ സ്വാധീനവും പ്രാമാണ്യവും ഉള്ള ആളുകൾ ഈ കർത്തവ്യബോധത്തോടെയാണ് സഭാകാര്യങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നു പറവാൻ അവർക്കോ സാധാരണ ജനങ്ങൾക്കോ ധൈര്യമുണ്ടോ? സഭാതിരഞ്ഞെടുപ്പുകളും, രാഷ്ട്രീയതിരഞ്ഞെടുപ്പുകളും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ? രാഷ്ട്രീയ തിരഞ്ഞെടുപ്പുകളിലെ പ്രചരണത്തെയും വടംവലികളെയും കൌശലങ്ങളെയും ലജ്ജിപ്പിക്കുകയും പിന്നിലാക്കുകയും ചെയ്യത്തക്കവണ്ണമല്ലയോ സഭാതിരഞ്ഞെടുപ്പുകൾ നടത്തപ്പെടുന്നതു്? രാഷ്ട്രീയ തിരഞ്ഞെടുപ്പുകൾ പാർട്ടി അടിസ്ഥാനങ്ങളിലാണ് നടത്തപ്പെടുന്നതു്. ഓരോ പാർട്ടിയും അവരവരുടെ താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതിനു ഏറ്റവും പറ്റിയ ആളിനെ തിരഞ്ഞെടുക്കുവാനാണ് വെമ്പൽ കൊള്ളുന്നതു്. സഭാതിരഞ്ഞെടുപ്പുകൾ പാർട്ടി അടിസ്ഥാനത്തിലല്ല നടത്തപ്പെടേണ്ടതു്. ദൈവഹിതം അറിവാനാണ് നാം ശ്രമിക്കേണ്ടതു്. ദൈവഹിതം അന്വേഷിക്കുകയും വിവേചിപ്പാൻ

പത്രാധിപക്കുറിപ്പുകൾ

സഭാവഷ്ടത്തിന്റെ ഉത്തരാദ്ധ്യം

"യഹോവേ, ആണ്ടുകൾ കഴിയും മുമ്പേ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമേ; ആണ്ടുകൾ കഴിയും മുമ്പേ അതിനെ വെളിപ്പെടുത്തേണമേ." (ഹബ. 3. 2.) ഈ വാക്യം ഇംഗ്ലീഷിൽ കാണുന്നതു ഇപ്രകാരമാണ്. "O Lord , revive thy work in the midst of the years, in the midst of the years make known". അതിനെ പദംപ്രതി പരിഭാഷപ്പെടുത്തിയാൽ, "ആണ്ടുകളുടെ മദ്ധ്യത്തിൽ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണ

കഴിയുകയും ചെയ്യുന്നവരാണ് സഭയിൽ തിരഞ്ഞെടുക്കപ്പെടേണ്ടതെന്നു വളരെ അപൂർവ്വമായേ വിചാരിക്കപ്പെടുന്നുള്ളൂ.

സഭയിൽ ജനായത്ത ഭരണമാണ് നടക്കേണ്ടതു് എന്നു കരുതിയിരുന്നവർ ഉണ്ട്. സഭ ഒരു (democracy) ജനായത്ത സ്ഥാപനമല്ല; അതു (theocracy) ദൈവം ഭരിക്കുന്ന ഒരു സ്ഥാപനമാണ്. ദൈവത്തിന്റെ ഭരണമാണു സഭയിൽ നടക്കേണ്ടതു്. ദൈവഹിതം അറിഞ്ഞു അതനുസരിച്ചു മാത്രം ഭരണം നടത്താൻ കഴിയുന്ന തന്റെ മക്കളിൽകൂടെയും അവർ മുഖാന്തിരവുമാണ് സഭയിൽ ഭരണം നടക്കേണ്ടതു്. അങ്ങനെയെങ്കിൽ തിരഞ്ഞെടുപ്പു രീതികൾ വ്യത്യാസപ്പെടേണ്ടതല്ലയോ? വോട്ടപിടുത്തവും പ്രചരണവും മൂലമല്ല കാരോ സ്ഥാനത്തേക്കും സമിതിയിലേക്കും ആളുകൾ തിരഞ്ഞെടുക്കപ്പെടേണ്ടതു്. പരമാർത്ഥതയോടും പ്രാർത്ഥനാപൂർവ്വവുമുള്ള ആലോചനയുടെ ഫലമായാണ് തിരഞ്ഞെടുപ്പുകൾ നടത്തേണ്ടതു്. അതുപോലെതന്നെ സഭാസമിതികളിൽ അനുവർത്തിക്കേണ്ട രീതിയും രാഷ്ട്രീയ അസംബ്ലികളിലേതിൽനിന്നു വ്യത്യസ്തമായിരിക്കേണ്ടതാണ്. യുക്തിവാദമോ, പ്രതിപക്ഷബഹുമാനമില്ലായ്മയോ അല്ല വേണ്ടതു്. പ്രത്യേകപ്രശ്നങ്ങളെ സംബന്ധിച്ചു ദൈവഹിതം എന്തെന്നു കരുതിച്ചു പ്രാർത്ഥനാപൂർവ്വം ചിന്തിച്ചു കായ്കൾ തീരുമാനിക്കയാണ് വേണ്ടതു്. ദൈവസന്നിധിയിൽ വിനയത്തോടും പരമാർത്ഥതയോടും കാത്തിരിക്കുന്ന ഒരു കൂട്ടത്തിനു അപ്രകാരമുള്ള ഒരു വ്യക്തിയെക്കാൾ അധികമായി ദൈവഹിതം വെളിപ്പെട്ട കിട്ടുമെന്നുള്ളതിനു തർക്കമില്ല. അതുകൊണ്ടാണ് നമുക്കു കമ്മറിക്കും സമിതികൾക്കും ഉള്ളതു്. പെന്തെക്കോസ്തിന്റെ ആത്മാവാണ് ഇക്കാര്യത്തിലൊക്കെയും നമുക്കു ആവശ്യമായിരിക്കുന്നതു്. അപ്പൊസ്തലന്മാർ ലോകത്തെ കീഴ്മേൽ മറിച്ചതു്—ലോകത്തിന്റെ ഒഴുക്കിനനുസരണമായി പോകാതെയിരുന്നതു —ഈ ആത്മാവിന്റെ സഹായത്താലും പ്രേരണയാലും നടത്തിപ്പിനാലും ശക്തിയാലും ആയിരുന്നു. അവരുടെ ശക്തിയാലോ, ധനത്താലോ, സ്വാധീനത്താലോ ഒന്നുമല്ലായിരുന്നു. ദൈവസന്നിധിയിൽ കാത്തിരുന്നു പെന്തെക്കോസ്തുശക്തി പ്രാപിക്കുന്നതിനു വ്യക്തികളായും സഭകളായും മഹായിടവകയായും നമുക്കു ഉത്സാഹിക്കാം.

നമ്മുടെ മഹായിടവകയുടെ ഒരു ബിഷപ്പിനെ നിയമിക്കുന്നതിനുള്ള കമ്മറി ജൂൺ മാസത്തിന്റെ ആദ്യത്തെ ആഴ്ചയിൽ കൂടുന്നതാണ്. ആത്മാർത്ഥവും താല്പര്യപൂർവ്വവുമായ പ്രാർത്ഥന ആവശ്യമാണെന്നു വീണ്ടും ഓർപ്പിക്കട്ടെ.

സ്ഥലംമാറ്റംമൂലം ചിലരെല്ലാം പുതിയ സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതിനായി വിളിക്കപ്പെട്ടിരിക്കുന്നവരാണ്. മറ്റുള്ളവർ പഴയ സ്ഥാനങ്ങളിൽ തുടർന്നു പ്രവർത്തിക്കുകയുമാണ്. പുതിയ സ്ഥാനങ്ങളിലായാലും പഴയ രംഗങ്ങളിൽ തന്നെയായാലും ദൈവമാകുന്നു നമ്മെ കാരോ പ്രവർത്തനരംഗത്തു, വിളിച്ചിരിക്കുന്നതു് എന്ന ബോധത്തോടുകൂടെ, പെന്തെക്കോസ്തിന്റെ ആത്മാവിനാൽ നിറയപ്പെട്ടവരായി നമ്മുടെ ചുമതലകളെ നിറവേറ്റാം.

എന്നു്,

എം. ജെ. ചാണ്ടി,
കമ്മിസ്സറി.

മാച്ച് 21-ാംനു വെള്ളിയാഴ്ച കോട്ടയം ഭദ്രാസനപ്പള്ളിയിൽവച്ച് നാലുപേക്കു പ്രസ്ബിറർ പട്ടം നൽകിയ അവസരത്തിൽ റവ. ജഫറിപോൾ എം, എ. ചെയ്ത പ്രസംഗം

ഇന്നു പ്രസ്ബിറർ പട്ടം നിങ്ങൾ ഏല്ക്കുമ്പോൾ ഒരു ശ്രേഷ്ഠമായ പദവി നിങ്ങൾക്കു നല്കപ്പെടുകയാണ്. ഇന്നു മുതൽ വിശുദ്ധ സംസ്ക്കാരശുശ്രൂഷ നടത്തുന്നതിനുള്ള അനുവാദം

മേ ; ആണ്ടുകളുടെ മദ്ധ്യത്തിൽ അതിനെ വെളിപ്പെടുത്തേണമെ" എന്നു ആയിരിക്കും. സഭാവർഷം ഡിസംബർമാസത്തിൽ ആഗമനകാലത്തോടുകൂടി ആരംഭിക്കുന്നു എന്നു സഭാചരിത്രം നോക്കിയാൽ അറിയാം. അതുകൊണ്ടു മെയ്മാസം അവസാനിച്ചപ്പോൾ സഭാവർഷത്തിന്റെ പൂർവ്വാർദ്ധം—ആദ്യത്തെ ആറുമാസങ്ങൾ—അവസാനിച്ചിരിക്കുന്നു. ഉത്തരാർദ്ധം—പിന്നീടുള്ള ആറുമാസങ്ങൾ—ജൂൺമാസത്തിൽ ആരംഭിച്ചു നവംബർമാസത്തിൽ അവസാനിക്കുന്നു. അങ്ങനെ ജൂൺമാസത്തിൽ നാം സഭാവർഷത്തിന്റെ ഉത്തരാർദ്ധത്തിലേക്കു പ്രവേശിക്കുകയാണ്.

കഴിഞ്ഞ ആറുമാസങ്ങൾ സഭ മുഖാന്തരമായി നമുക്കു ലഭിച്ച ആത്മീയ അനുഗ്രഹങ്ങളും കൃപാവഴികളും എന്തെല്ലാമാണെന്നു പുറകോട്ടു നോക്കി നിശ്ചയം വരുത്തുന്നതു പ്രയോജനകരമായിരിക്കും. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ക്രിസ്തുമസ്സു പെരുനാൾ സമയത്തും, പാപപരിഹാരയാഗമരണം വലിയ വെള്ളിയാഴ്ച നാളിലും, പാപമോചനത്തിന്റെയും പുതിയജീവന്റെയും ഉറപ്പു പുനരുത്ഥാനത്തിൽക്കൂടെ പെസഹാ ഞായറാഴ്ചയും, മനുഷ്യവർഗ്ഗത്തിന്റെ മഹത്പൂർണ്ണമായ പരിണാമം സ്വർഗ്ഗാരോഹണത്തിൽക്കൂടെയും വെളിപ്പെടുത്തി. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവു പെന്തിക്കോസ്തു പെരുനാളിൽ സഭയുടെമേൽ പരിശുദ്ധാത്മാവിനെ പകരുകയും ചെയ്തു. ദൈവം മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി യേശുക്രിസ്തുവിൽക്കൂടെ നിവൃത്തിച്ച വീണ്ടെടുപ്പിൻ വേലയുടെ വിവിധ വശങ്ങളാണു സഭാവർഷത്തിന്റെ ആദ്യഘട്ടത്തിൽ നാം കാണുന്നതു്. ഇവയെല്ലാം ദൈവത്തിന്റെ മഹാ സ്നേഹത്തിന്റെ പ്രദർശനമാണ്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." എന്നു യോഹ. 3. 16-ലും. "ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" എന്നു റോമ. 5. 8-ലും നാം വായിക്കുന്നു.

ദൈവം യേശുക്രിസ്തുവിൽക്കൂടി തന്റെ സ്നേഹത്തെ പ്രദർശിപ്പിച്ചതു മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്ന സ്നേഹത്തെ ജ്വലിപ്പിച്ചു ശുദ്ധീകരിച്ചു നിത്യജീവന്റെ അനുഭവത്തിലേക്കു പ്രവേശിപ്പിക്കുന്നതിനത്രെ. അതിനാൽ സഭാവർഷത്തിന്റെ ഉത്തരാർദ്ധത്തിൽ പരിശുദ്ധാത്മശക്തി ലഭിച്ച പ്രായോഗിക ജീവിതത്തിൽ വിശുദ്ധീകരണം പ്രാപിച്ചു ദൈവസ്വഭാവത്തിനു കൂട്ടാളികളായിത്തീരുന്നും സ്വർഗ്ഗാരോഹണസമയത്തു കർത്താവു തന്റെ സഭയ്ക്കു നല്കിയ അന്ത്യകല്പന അനുസരിച്ചു ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യംപറഞ്ഞുകൊണ്ടും ലോകത്തിൽ പ്രകാശിക്കുന്നതിനായുള്ള നമ്മെക്കുറിച്ചുള്ള ദിവ്യഉദ്ദേശം എന്നു നാം ധരിക്കേണ്ടതാണ്.

പെന്തിക്കോസ്തിനു പിമ്പുള്ള ഞായറാഴ്ചകളിൽ ഉപയോഗിക്കുന്നതിനു നമ്മുടെ ആരാധനക്രമത്തിൽ ചേർത്തിരിക്കുന്ന അപേക്ഷകളും വേദഭാഗങ്ങളും ശരിയായി നോക്കിയാൽ ഈ ഉദ്ദേശം ബോദ്ധ്യമാകുന്നതാണ്. അതുകൊണ്ടു സഭാവർഷത്തിന്റെ ഉത്തരാർദ്ധത്തിലേക്കു നാം കടക്കുന്ന ഈ സമയത്തു നമുക്കു നല്കപ്പെട്ടിരിക്കുന്ന ദൈവകൃപയ്ക്കു അനുസരണമായി നമ്മുടെ ദൈനംദിന ജീവിതത്തെയും സാക്ഷ്യത്തെയും ക്രമീകരിപ്പാൻ ഉത്സാഹിക്കാം. "നിങ്ങൾക്കു ദൈവത്തിന്റെ കൃപ ലഭിച്ചതു വ്യർത്ഥമായി തീരരുതു എന്നു ഞങ്ങൾ സഹപ്രവർത്തിക്കാരായി നിങ്ങളെ പ്രബോധിപ്പിക്കുന്നു" എന്നു വിശുദ്ധ പൌലൊസ് 2കൊരി. 6. 1-ൽ പറഞ്ഞിരിക്കുന്നതു ഓർക്ക.

നിങ്ങൾക്ക ലഭിക്കുന്നും. നിങ്ങളുടെ ആത്മീയ തീർത്ഥയാത്രയിൽ മനുഷ്യരുടെ ആത്മാക്കളെ സ്വർഗ്ഗീയ അപ്പംകൊണ്ട പോഷിപ്പിക്കുന്നതിനുള്ള അധികാരം ഇന്നു മുതൽ നിങ്ങൾക്ക കിട്ടുന്നു എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്?

അതിൽ മൂന്നു കാര്യങ്ങൾ ഉൾക്കൊള്ളുന്നു. നിങ്ങളുടെ സ്വഭാവത്തെയും ജീവിതത്തെയും സമൂലമായി രൂപപ്പെടുത്തേണ്ട മൂന്നു കാര്യങ്ങൾ.

ഒന്നാമതു, അതിന്റെ അർത്ഥം, മുമ്പിലത്തെക്കാളധികമായി നിങ്ങൾ സഭ മുഴുവന്റെയും ഒരു പ്രതിനിധിയായിത്തീരുന്നുവെന്നതു്. റോമിൽവച്ചു ഒരു രക്തസാക്ഷിയായി കൊല്ലപ്പെടുന്നതിനു വിശുദ്ധ ഇഗ്നേഷ്യസിനെ കൊണ്ടുപോയ വഴിയിൽവച്ചു അദ്ദേഹം എഴുതിയതായ ഒരു കത്തിൽ പറയുന്നതു് ഒരു ബിഷപ്പ് ശുശ്രൂഷകനായിരിക്കുമ്പോൾ മാത്രമേ യഥാർത്ഥമായ ഒരു വിശുദ്ധ സംസ്ക്കാരശുശ്രൂഷ ആചരിക്കപ്പെടുന്നുള്ളു എന്നതു്. പട്ടണം തോറും കാരോ ബിഷപ്പന്മാരുണ്ടായിരുന്ന കാലത്തെക്കുറിച്ചാണ് ഈ പറയുന്നതു്. ഇപ്പോൾ ഈ ചുമതല പ്രസ്ബിറ്റേറന്മാരുടെതായിത്തീർന്നിരിക്കുന്നു. എന്നാൽ ഇഗ്നേഷ്യസ് അർത്ഥമാക്കിയതു് വിശുദ്ധ സംസ്ക്കാരം സഭ മുഴുവനും ഏകോപിച്ചു അനുഷ്ഠിക്കുന്ന ഒരു പ്രവൃത്തിയാണെന്നാണ്. അവിടെയും ഇവിടെയും ആയി ഒരു കൂട്ടം ക്രിസ്ത്യാനികൾ ചെയ്യുന്ന ഒരു കാര്യം മാത്രമായി ഇതിനെ ഗണിക്കരുതു്. സഭ മുഴുവനും കൂടായി ഏകീഭവിച്ചു അതിന്റെ ഭക്തി പ്രദർശിപ്പിക്കുന്ന മഹത്തായ ഒരു ശുശ്രൂഷയാണതു്. സഭയെ പ്രതിനിധീകരിക്കുന്നതിനു് അധികാരം ലഭിച്ചിട്ടുള്ള ഒരുവനു മാത്രമേ സഭയ്ക്കുവേണ്ടി ഈ ശുശ്രൂഷ നടത്തുവാൻ കഴികയുള്ളു. അദ്ദേഹത്തിനു മാത്രമേ സഭയുടെ ശബ്ദം എന്ന നിലയിൽ പ്രവൃത്തിപ്പാൻ അവകാശമുള്ളു. അവനു മാത്രമേ ദൈവമുമ്പാകെ നിന്നുകൊണ്ടു ജനങ്ങൾ ഏവരുടെയും ഭക്തിയെ പ്രകടിപ്പിക്കുവാൻ കഴികയുമുള്ളു. ഇന്നു നിങ്ങളുടെ ഇടവകയിലെ ജനങ്ങളുടെ ഏകമായ ഭക്ത്യാദരവിനെ ദൈവമുമ്പാകെ പ്രത്യാപിക്കുന്നതിനുള്ള അധികാരം നിങ്ങൾക്ക ലഭിക്കുന്നു.

മുമ്പിലത്തേക്കാൾ അധികമായി നിങ്ങൾ അവരുടെ പ്രതിനിധിയായിത്തീരുന്നു. നിങ്ങളുടെ ഹൃദയതലത്തിൽ നിങ്ങൾ അവരുമായി പൂർണ്ണമായി ഏകീഭവിക്കണം. നിങ്ങൾ ഇനിയും നിങ്ങൾക്കുള്ളവരല്ല. നിങ്ങളുടെ ജനങ്ങളുടെ വകയാണ്. നിങ്ങളുടെ ഹൃദയാന്തർഭാഗത്തു അവരുടേതായ ഭക്ത്യാദരവിനെയാണ് സൂക്ഷിച്ചു പോരുന്നതെന്ന് അവർ നിങ്ങളെക്കുറിച്ചു അറിയുമാറാകണം. നിങ്ങൾക്കിനിയും നിങ്ങൾക്ക തനതായ രക്ഷ എന്നൊന്നില്ല. നിങ്ങളുടെ രക്ഷ നിങ്ങളുടേതുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ അവരോടു ചേർന്നു രക്ഷിക്കപ്പെടുകയോ വിധിക്കപ്പെടുകയോ ചെയ്യും. നിങ്ങൾ നിങ്ങളുടെ ജനങ്ങളെ പ്രശംസിക്കുമ്പോഴും ശകാരിക്കുമ്പോഴും, നിങ്ങൾ നിങ്ങളെ അവരിൽ നിന്നും വ്യത്യസ്തമായി ഗണിക്കുന്നില്ലെന്നും നിങ്ങളും അവരും ഒരേ കാര്യത്തിനുവേണ്ടി നിലകൊള്ളുന്നു എന്നും അവർ അറിയുവാൻ ഇടവരട്ടെ.

ഞാൻ പറഞ്ഞതെന്താണെന്നു വ്യക്തമാക്കുവാൻ മൂന്നു ഉദാഹരണങ്ങൾ പറയാം. Georges Bernanos-ന്റെ 'ഡയറി ഓഫ് എ കൺട്രി പാഴ്സ്നി'ൽ ഒരു യുവപട്ടക്കാരനെ ഗ്രാമാന്തരത്തിലുള്ള അപ്രധാനമായ ഒരു ഇടവകയിലേക്കു അയച്ച കാര്യം പറഞ്ഞിരിക്കുന്നു. ആ പട്ടക്കാരന്റെ ഡയറിക്കുറിപ്പിൽ ഇപ്രകാരം എഴുതിയിരുന്നു. "ഞാൻ ഇന്നു ഈ സ്ഥലത്തു താമസിക്കാനായി വന്നിരിക്കുന്നു; മരണം എന്നെ വേർപിരിക്കുന്നതുവരെയും ഇവിടെനിന്നു പിരിയാതിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു." ഒരു ഇടവകയുടെ ചുമതലയിൽ വന്നിട്ട്, അവിടെനിന്നു ഒരു സ്ഥലംമാറ്റം കിട്ടണം എന്നുള്ള ആകാംക്ഷയോടെ നോക്കിപ്പാർക്കുന്ന ഒരു പട്ടക്കാരനും, ഇടവകജനങ്ങളിൽ ഒരാളെപ്പോലെ അവരുടെ ഇടയിൽ താമസിക്കുന്നതിനായിട്ടു സ്വന്തകുടുംബവുമായി വന്നുചേരുന്ന ഒരു പട്ടക്കാരനും തമ്മിലുള്ള വ്യത്യാസം നാം ഏവർക്കും അറിവുള്ളതാണല്ലോ.

പതിന്നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആംഗലേയ കവിയായ Chaucer എന്നയാളുടെ "Canterbury Tales"—ൽ നിന്നാണ് രണ്ടാമത്തെ ഉദാഹരണം. കാൻറർ

ബെറിയിലേക്ക് തീർത്ഥയാത്ര പോകുന്നതായ ഒരു കൂട്ടം ആളുകളിൽ പതിനൊന്നു സഭാപ്രവർത്തകരുടെ കായ്യം ഇതിൽ പറഞ്ഞിരിക്കുന്നു. ഇവരിൽ പത്തുപേരും വെറും ഉദ്യോഗികളും ആത്മീയകായ്യങ്ങളെക്കുറിച്ചു ഗണ്യമില്ലാത്തവരുമായിരുന്നു. എന്നാൽ വിശുദ്ധനായ ഒരാൾ അക്കൂട്ടത്തിലുണ്ടായിരുന്നു; ആ ഇടവകപ്പട്ടക്കാരൻ ഏതു കാലാവസ്ഥയിലാണെങ്കിലും ശരി, ഇടവകയുടെ ഏറ്റവും അകലെയായി താമസിക്കുന്ന സഭാംഗത്തെക്കൂടിയും അതിഹർഷം സന്തോഷത്തോടെ സന്ദർശിച്ചുപോന്നു. എല്ലാക്കായ്യത്തിലും തന്റെ ആടുകൾക്കു മാതൃകയായിരിക്കണമെന്നുള്ളതു തന്റെ താല്പര്യമായിരുന്നു. "സപ്തസ്ഥാനത്തിനു തുരുമ്പു വീഴുമെങ്കിൽ ഇരുമ്പിന്റെ കഥ എന്ത്," എന്നു താൻ പറയുമായിരുന്നു. തന്റെ ഇടവകയുടെ ചുമതല മറ്റൊരാളെ ഏല്പിക്കുന്നതിനു താൻ ഇഷ്ടപ്പെട്ടിരുന്നില്ല. അക്കാലത്തു ഒരു പട്ടക്കാരനു തന്റെ ഇടവകയിലെ കഠിനാദ്ധ്വാനം അനിഷ്ടമായിത്തോന്നിയാൽ, തന്നിൽ താണ മറ്റൊരാളെ ശമ്പളക്കാരനായി നിയമിച്ചു ഇടവകജോലി നോക്കിപ്പിക്കയും, തനിക്കു ലണ്ടൻ മുതലായ പട്ടണപ്രദേശങ്ങളിൽ പോയി കൂടുതൽ ഉല്ലാസപ്രദമായ ജോലി സ്വീകരിക്കയും ചെയ്യാമായിരുന്നു. പണക്കാരായ ആളുകൾ അവരുടെ ആത്മാക്കളുടെ രക്ഷയ്ക്കായി തങ്ങളുടെ മരണശേഷം എല്ലാദിവസവും 'മാസ്സുകൾ' ചൊല്ലുന്നതിനു പണം ഏല്പിക്കുക സാധാരണയായിരുന്നു. ഇതിനായി നിയമിക്കപ്പെട്ടിരുന്ന പട്ടക്കാരുടെ ഏകചുമതല കാരോ ദിവസവും ഈ പ്രാർത്ഥന പറയുക എന്നതു മാത്രമായിരുന്നു. ശേഷിച്ചസമയം അവർ യഥേഷ്ടം ചെലവഴിച്ചുവന്നു. എന്നാൽ ചോസർ പറയുന്ന പാവപ്പെട്ട പട്ടക്കാരനാകട്ടെ തന്റെ സ്ഥലത്തു സ്ഥിരമായി താമസിച്ചു ആടിന്റെ കൂട്ടത്തെ ശരിയായി പരിപാലിച്ചുപോന്നു. ഇക്കാലത്തും ഇതൊരു വാസ്തവമല്ലയോ? ഉൽനാട്ടിലെ വിരസമായ ഇടവകജോലി ഉപേക്ഷിച്ചു അമേരിക്കയിലേക്കു പോകുവാൻ പട്ടക്കാർ പരീക്ഷിക്കപ്പെടാറില്ലേ? കുറഞ്ഞപക്ഷം കുറെക്കൂടെ ഭേദമായ ഒരു ജോലി കിട്ടിയെങ്കിൽ തരക്കേടില്ലായിരുന്നുവെന്നു വിചാരിക്കുന്നവർ എത്രപേർ കാണും. എന്നാൽ നിങ്ങൾ നാലുപേരും നിങ്ങളെ അയയ്ക്കുന്നതായ സ്ഥലങ്ങളിൽ താമസിച്ചു ആടുകളെ പരിപാലിക്കുന്നതിൽ വ്യാപൃതരായിരിക്കുമോ? ഇഷ്ടച്ചെന്നായ്ക്കൾ വന്നു നിങ്ങളുടെ ആട്ടിൻകൂട്ടത്തെ ഒരുപദ്രവത്തിലേക്കും വിശ്വാസത്യാഗത്തിലേക്കും വലിച്ചിഴയ്ക്കാതെവണ്ണം കാത്തുകൊൾവിൻ.

മൂന്നാമത്തെ ഉദാഹരണം, കഴിഞ്ഞ മഹായുദ്ധത്തിൽ കൊല്ലപ്പെട്ട Dietrich Bonhoeffer എന്ന പേരുള്ള വേദശാസ്ത്രപണ്ഡിതനായ ഒരു ജർമ്മൻ പട്ടക്കാരനെ സംബന്ധിക്കുന്നതാണ്. ഒരു ഇടവകപ്പട്ടക്കാരന്റെ പ്രാർത്ഥനയെക്കുറിച്ചു അദ്ദേഹം ഇപ്രകാരം പറയുന്നു. "ഒരു പട്ടക്കാരൻ തന്റെ ജനങ്ങളെക്കുറിച്ചു ഒരിക്കലും പരാതിപ്പെടുവാൻ പാടില്ല. മറ്റാളുകളുടെ മുമ്പാകെ ഒരിക്കലും പാടില്ല; ദൈവമുമ്പാകെയും അരുത്. ഒരു ജനക്കൂട്ടത്തെ തന്റെ ചുമതലയിൽ ഏല്പിച്ചിരിക്കുന്നതു, താൻ ദൈവമുമ്പാകെ അവരുടെ കുറവുകളുമായി വരുന്നതിനല്ല. അയാൾ സ്വന്തം തെറ്റുകളെക്കുറിച്ചുള്ള ബോധത്തോടുകൂടെ തന്റെ ജനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം പറയട്ടെ. അവൻ തന്നെ ഭരമേല്പിച്ചിരിക്കുന്നതു ചെയ്യുകയും ദൈവത്തെ മഹത്പ്പെടുത്തുകയും ചെയ്യട്ടെ." നിങ്ങൾ ചിലപ്പോൾ നിങ്ങളുടെ ജനങ്ങളെക്കൊണ്ടു സഹികെട്ട്, 'ഉപദ്രവകാരികളായ ഈ വികടന്മാരുടെ ഇടയിലേക്ക് എന്നെ അയച്ചതു എന്തിനാണ് കർത്താവേ' എന്നു പറയുവാൻ പരീക്ഷിക്കപ്പെട്ടേക്കാം. ഒരു സന്ദർഭത്തിൽ അവരുടെ പട്ടക്കാരനാണ് നിങ്ങൾ എന്ന കായ്യം വിസ്മരിച്ചുപോകരുതു. നിങ്ങൾ അവരുടെ നാമത്തിലാണ് വിശുദ്ധ സംസ്ക്കാരശുശ്രൂഷ നടത്തുന്നതു. ആ ശുശ്രൂഷയിൽ അവരുടെ ഹൃദയത്തിലുള്ള നന്മയെയാണ് നിങ്ങൾ ദൈവമുമ്പാകെ കൊണ്ടുവരുവാൻ ശ്രമിക്കുന്നതു. ഒരു യഥാർത്ഥ പുരോഹിതനായിരുന്ന മോശെയുടെ വാക്കുകൾ ശ്രദ്ധിക്കുക. മോശെ തന്റെ ജനതയെക്കുറിച്ചു ഇപ്രകാരം പറഞ്ഞു. "നീ അവരുടെ പാപം ക്ഷമിക്കുന്നില്ലായെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽനിന്നു എന്റെ പേർ മായിച്ചുകളയണമേ." ആംഗ്ലിക്കൻ സഭയിൽ ഒരാൾ ബിഷപ്പ് ആയിത്തീരുമ്പോൾ തന്റെ സ്വന്തം പേരു ഇല്ലാതായിത്തീരുന്നു. ഉദാഹരണമായി ഹെൻട്രി എന്നയാൾ ലണ്ടനിലെയും, ലസ്‌ലി എന്നയാൾ ഗുഗാണ്ടായിലെയും ബിഷപ്പ്

ആകുകയാണെങ്കിൽ, അവരുടെ പേരു 'ഹെൻട്രി ലണ്ടൻ' എന്നും 'ലസ്സി ഉഗാണ്ടാ' എന്നുമായിരിക്കും. ഇന്നു മുതൽ നിങ്ങൾ മിയാക്കോമാരല്ല. നിരുത്തരവാദികളായ ചെറുപ്പക്കാരും അല്ല. നിങ്ങളുടെ സ്വന്തം പേർ നിങ്ങൾക്കു ഇന്നു നഷ്ടപ്പെടുന്നു. നിങ്ങളുടെ പേരുകൾ നിങ്ങൾ ശുശ്രൂഷ ചെയ്യുന്ന സ്ഥലത്തിന്റെ പേരോടു ചേർത്താണ് ഇനിയും അറിയപ്പെടേണ്ടതു.

രണ്ടാമതായി, നിങ്ങൾ വിശ്വാസ സംസ്കൃതം അനുകരിക്കുമ്പോൾ സഭയുടെ യാഗം അപ്പിക്കുന്നു. തനിക്കു നല്കപ്പെട്ട അധികാരംമൂലം ജീവിച്ചിരിക്കുന്നവക്കും മരിച്ചവക്കുംവേണ്ടി മാസ്സിൽക്കുടെ ക്രിസ്തുവിനെ ദൈവത്തിനു സമർപ്പിക്കുക എന്നാകുന്നു റോമാസഭ പഠിപ്പിക്കുന്നതു്. നമ്മുടെ സഭയുടെ ഉപദേശം ഇതല്ല. ഒരിക്കലായി പൂർണ്ണമായ വഴിപാടു അർപ്പിച്ചിരിക്കുന്ന യഥാർത്ഥ പുരോഹിതൻ ക്രിസ്തുവത്രേ. 'പുരോഹിതൻ' എന്ന വാക്കു പുതിയ നിയമത്തിൽ ക്രിസ്തുവിനെ മാത്രം കുറിക്കുന്നതായിട്ടേ കാണുന്നുള്ളൂ. എന്നാൽ സഭയെ ഒരു പുരോഹിതവർഗ്ഗമായി പറഞ്ഞിട്ടുണ്ട്. സഭ ആത്മീയയാഗം അർപ്പിക്കുന്നതായി വിശ്വാസപ്രമാണവും പറയുന്നു. വിശ്വാസ സംസ്കൃതശുശ്രൂഷയിൽ, "ഞങ്ങൾ ഞങ്ങളെത്തന്നെയും ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും ബുദ്ധിയും, ജീവനും, വിശ്വാസിയുമുള്ള യാഗമായിട്ടു നിനക്കു സമർപ്പിക്കുന്നു" എന്നാണല്ലൊ പറയുന്നതു്. നമ്മുടെ യാഗം എന്നു പറയുന്നതു നാം നമ്മെത്തന്നെ സമർപ്പിക്കുന്നതു് ആകുന്നു. ഈ യൂക്കറിസ്റ്റിൽ നമുക്കു സമീപിക്കുവാൻ കഴിയുന്നതു് അവന്റെ യാഗത്താലുള്ള വീണ്ടെടുപ്പു നിമിത്തമാണ്. തന്റെ എന്നേക്കുമുള്ള മോചനത്തിന്റെ അടയാളമായി തിരുശരീരവും തിരുരക്തവും നാം അനുഭവിക്കുന്നു. ആ ആഹാരത്തിന്റെ ശക്തിയാൽ അവന്റെ യാഗത്തോടു ചേർക്കപ്പെടുവാൻ നാം നമ്മെത്തന്നെ വിട്ടുകൊടുക്കുകയും ചെയ്യുന്നു. യൂക്രിസ്റ്റിൽ സഭ മുഴുവനും വിശ്വാസപ്രൊലൊസിനോടുചേർന്നു പറയുന്നതു് "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു" എന്നത്രെ. കർത്താവിന്റെ ശരീരത്തെ ഭക്ഷിക്കുകയും അവനോടുകൂടി മരിക്കയും ചെയ്തിരിക്കുന്ന നമ്മിൽക്കുടെ ലോകത്തിലേക്കു തന്റെ യാഗത്തിന്റെ ദിവ്യശക്തി പ്രവഹിക്കണം എന്നതാണ് സഭ മുഴുവന്റെയും വാഞ്ഛ. അപ്പവും വീഞ്ഞും തിരുമേശയിൽ വയ്ക്കുന്നതായ സമയത്തു വിശ്വാസ അഗസ്റ്റീൻ തന്റെ ജനങ്ങളോടു ഇങ്ങനെ പറയുമായിരുന്നു. "ഇപ്പോൾ നിങ്ങളുത്തന്നെ ഈ തിരുമേശയിൽ വച്ചിരിക്കുന്നു."

നിങ്ങൾ നാലുപേരും ഇന്നു പുരോഹിതന്മാരായിതീരുകയാണ്. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടണം എന്നുള്ള സഭയുടെ വാഞ്ഛയെ വിളിച്ചു പറയുവാൻ പോകുന്ന നിങ്ങൾ, നിങ്ങൾക്കതന്നെ മരിച്ചു ക്രിസ്തുവിനു ജീവിക്കപ്പെടേണ്ടതിന്റെ ആവശ്യം എത്രയോ വലുതാണ്. പൗരോഹിത്യത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ ഒരുനാളും നിങ്ങൾ ശ്രമിക്കരുതു്. നിങ്ങൾ പുറംതിരിഞ്ഞു ലോകത്തിലേക്കു പോകുവാൻ ഇടവരരുതു്. എല്ലാ അഭിലാഷങ്ങളെയും പ്രശസ്തിക്കായുള്ള സകല ആകാംക്ഷകളെയും പരിത്യജിക്കുക. നിങ്ങളുടെ ജോലിയിൽ ചിലപ്പോൾ നിങ്ങൾക്കു ഉന്നതി കിട്ടി എന്നുവരാം, അല്ലെങ്കിൽ, ചിലപ്പോൾ നിങ്ങൾക്കു ആജീവനാന്തം കഷ്ടകരവും നിസ്സാരവും ആയ ജോലി തന്നെ കിട്ടിയെന്നു വന്നേക്കാം, എന്തു ഭവിച്ചാലും ലോകമനുഷ്യരെപ്പോലെ അവയെ കാത്തു നിങ്ങൾ ഒരുനാളും ഭാരപ്പെടരുതു്. ഓരോ യൂക്കറിസ്റ്റിലൂടെയും സഭ അതിനെത്തന്നെ ദൈവത്തിനായി സമർപ്പിക്കുമ്പോൾ സഭയുടെ ശബ്ദമായി വർത്തിക്കുന്ന നിങ്ങൾ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു അറിയണം. നിങ്ങളുടെ ജീവിതം ആത്മാവും ആണിപ്പാടുകളുടെ അടയാളങ്ങളും ക്രൂശിന്റെ മുദ്രയും കൊത്തപ്പെട്ടതായിരിക്കട്ടെ. മെഥെഡിസ്റ്റു് കവനന്റു് ശുശ്രൂഷയിലെ ഈ വാക്കുകൾ നിങ്ങളുടെ ഏജയത്തിന്റെ അവസ്ഥയെ വിവരിക്കുവാൻ പര്യാപ്തമാണ്.

'ഞാൻ ഇനിയും എന്റേതല്ല, നിന്റേതത്രെ.

നീ നിനയ്ക്കുന്നിടത്തു എന്നെ ആക്കുകയും തിരുഹിതംപോലെ ഏതു അണിയിലെങ്കിലും എന്നെ ചേർക്കുകയും ചെയ്യുക.

എന്നെക്കൊണ്ടു പ്രവൃത്തിപ്പിക്കേണമേ, എന്നെ ക്ലേശിപ്പിക്കേണമേ.

നിനക്കായി ഞാൻ ചെയ്യുന്നവൻ ആയിരിക്കട്ടെ, നിനക്കായി ഞാൻ ചെയ്യാൻ കഴിയാത്തവനായിരിക്കട്ടെ.

നീ നിമിത്തം ഉയച്ചയോ താഴ്ചയോ എനിക്കു വരട്ടെ.

ഞാൻ നിറഞ്ഞവനായിത്തീരട്ടെ, ഞാൻ ഒഴിഞ്ഞവനായിത്തീരട്ടെ; എനിക്കു എല്ലാം ഉണ്ടായിരിക്കട്ടെ, ഞാൻ ഏതുമില്ലാത്തവനായി ഭവിക്കട്ടെ; മനസ്സാലെ ഹൃദയപൂർവ്വം സ്വീകരിച്ചവും നിന്റെ സന്തോഷത്തിനായും ഇച്ഛക്കായും ഞാൻ വിട്ടുതരുന്നു.'

മൂന്നാമതായി, നിങ്ങൾ സത്യകർമ്മശുശ്രൂഷ നടത്തുമ്പോൾ നിങ്ങളുടെ കൈകൾ ഏറ്റവും വിശുദ്ധമായ വസ്തുക്കളെയാണ് കൈകാര്യം ചെയ്യുന്നതെന്നു കാണണം. നിങ്ങളുടെ കൈകളിൽനിന്നു വിശ്വാസികൾ തങ്ങളുടെ ആത്മാക്കളുടെ ശക്തിക്കായി ക്രിസ്തുവിനെത്തന്നെ കൈക്കൊള്ളുന്നു. യാതൊന്നാണോ നിങ്ങളെ ക്രിസ്തുവുമായുള്ള ഏക കൂട്ടായ്മയിലേക്കു ബന്ധിപ്പിക്കുകയും തന്റെ ശരീരമായി നിങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്നത്, അതാണ് അവർ നിങ്ങളുടെ കൈകളിൽനിന്നു വാങ്ങുന്നത്. ഒരിക്കൽ ഞാൻ ഒരു എസ്സ്. സി. എം. കോൺഫ്രൻസിൽ സംബന്ധിച്ച കാര്യം ഓർക്കുന്നു. ഒരു ഉത്തമയായ ക്രിസ്തീയ വനിത താമസിച്ചിരുന്നിടത്താണ് ഞങ്ങളുടെ ആഹാരം ക്രമപ്പെടുത്തിയിരുന്നത്. കോൺഫ്രൻസ് ഒരു സത്യകർമ്മശുശ്രൂഷയോടുകൂടെ സമാപിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. ഞാൻ ആ സ്ത്രീയോടു ഞങ്ങൾ ഭക്ഷണത്തിനായി കൂടി വരാറുള്ള അവളുടെ മുറിയിൽവച്ചു ആ ദിവ്യ ശുശ്രൂഷ നടത്തട്ടയോ എന്നു ചോദിച്ചു. വളരെ ഭയാശങ്കകളോടെ, അതിനു അവൾ അനുവദിക്കയില്ല എന്നു പറഞ്ഞു. "നിങ്ങൾ ഇവിടെ ആ ദിവ്യ ശുശ്രൂഷ നടത്തുകയാണെങ്കിൽ ഇതൊരു സാധാരണസ്ഥലമായി കരുതുവാൻ പിന്നീടു എനിക്കു സാധിക്കുകയില്ല," അവൾ പറഞ്ഞു. അവൾ ആ ദിവ്യശുശ്രൂഷയുടെ അതിവിശുദ്ധിയെക്കുറിച്ചു ഭയപ്പെടുകയായിരുന്നു. അവളുടെ താമസമുറി ഒരു വിശുദ്ധ സ്ഥലമായിത്തീരുന്നതിനു അവൾ ഇഷ്ടപ്പെട്ടില്ല. നിങ്ങളുടെ കൈകളും വിശുദ്ധ വസ്തുക്കൾ കൈകാര്യം ചെയ്യുവാൻ പോകുകയാണ്. ആ ഉത്തരവാദിത്വത്തിൽനിന്നു നിങ്ങൾക്കു ഒരുനാളും പിന്തിരിയുവാനും സാദ്ധ്യമല്ല. കർത്താവിന്റെ ശരീരവും രക്തവും സ്പർശിക്കപ്പെടുന്നതായ നിങ്ങളുടെ കൈകളെ വെറും സാധാരണ കൈകളായി ചിന്തിക്കപ്പെടുവാൻ നിങ്ങൾക്കു ഇടയാകരുത്. മറുള്ളവരെ മുറിപ്പെടുത്തുന്നതും, വഞ്ചിക്കുന്നതുമായ യാതൊന്നും ആ കൈകൾകൊണ്ടു എഴുതരുത്. സത്യമല്ലാത്ത ഒന്നിനും ഒപ്പു വയ്ക്കുവാൻ ആ കൈകൾ ഉപയോഗിച്ചുകൂടാ. കർത്താവിന്റെ കൈകൾ തൊഴിൽ ചെയ്യുന്നതിനു പരിശീലിക്കപ്പെട്ടിരുന്നതുപോലെ നിങ്ങളുടെ കൈകളും കർത്താവിനെയോ മറുള്ളവരെയോ ശുശ്രൂഷിക്കുന്നതു നിമിത്തം ചേറു പുരളേണ്ടിവന്നാൽ അതിനു മടി വിചാരിക്കരുത്. അശുദ്ധമായതു ചെയ്യുന്നതിൽ വ്യാപൃതമായിരിക്കയോ മോഷ്ടമായതു പ്രവൃത്തിപ്പാൻ അവ നടുപ്പെടുകയോ അരുത്. നിങ്ങൾ അവയെ വിശുദ്ധ കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു; അവ എപ്പോഴും വിശുദ്ധമായിത്തന്നെയിരിക്കട്ടെ.

നിങ്ങൾ എപ്പോഴും വിശുദ്ധ വസ്തുക്കൾ കൈകാര്യം ചെയ്യുന്നവരാകയാൽ അവയുടെ നേരെ നിങ്ങളിൽ എപ്പോഴും വലുതായ ആദരവു ഉണ്ടായിരിക്കേണ്ടതാണ്. നിങ്ങൾ തന്നെത്താൻ ഓർക്കാതെ ആ ദിവ്യ ശുശ്രൂഷ ഒരിക്കലും നടത്തരുത്. ഒരു പ്രസംഗം ഓർക്കുവാൻ സമയവും ബുദ്ധിപ്പാടും ആവശ്യമുണ്ട്. സത്യകർമ്മശുശ്രൂഷ നടത്തുവാൻ യാതൊരു ബുദ്ധിമുട്ടും ഇല്ല; അതിനു പ്രത്യേകമായ ഓർക്കങ്ങൾ ഒന്നും ഇല്ലല്ലോ എന്നു ചിന്തിച്ചുപോകരുത്. ഓരോ പ്രാവശ്യവും തിരുമേശയിങ്കലേക്കു സമീപിക്കുമ്പോൾ വിശുദ്ധനായ തോമസ് അകെമിനാസ് പറയുമ്പോലെ, "ഭയത്തോടും, വിറയലോടും, അനുതാപത്തോടും, സ്നേഹത്തോടും, വിശ്വാസിയോടും, ഭക്തിയോടും, വിനയത്തോടും"കൂടെ അടുത്തു വരുവിൻ.

ദേവാലയത്തിൽ അവസാനനിമിഷത്തിൽ വരാനായി കാത്തിരിക്കരുത്. പ്രാർത്ഥിക്കുന്നതിനും, ആത്മാവു ഏകാഗ്രമാക്കപ്പെടുന്നതിനും നിങ്ങളിൽത്തന്നെ ദൈവസാന്നിദ്ധ്യബോധനിറവുള്ളവരായിത്തീരുന്നതിനും മതിയായ സമയം കിട്ടത്തക്കവിധത്തിൽ നേരത്തെ

ജോജ്ജ് മുള്ളറും പ്രാർത്ഥനയുടെ ശക്തിയും

എബ്രായലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ ലേഖനകർത്താവു വിശ്വാസവും പ്രാർത്ഥനയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നുണ്ട്. "ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലേ" (എബ്രാ. 11. 6). പ്രാർത്ഥനയെ ശരിയാംവണ്ണം മനസ്സിലാക്കി തീക്കുന്നതിന് രണ്ടു പടികൾ ഉണ്ട്. ഒന്നാമതു ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള സുദൃഢമായ ബോധം. രണ്ടാമതു ദൈവം നന്മകൾ നൽകുന്നവനാണെന്നുള്ള വിശ്വാസം. ദൈവത്തിന്റെ അസ്തിത്വത്തിലുള്ള വിശ്വാസം ദൈവം തന്നെത്താൻ വെളിപ്പെടുത്തിയ വസ്തുതയെ ആശ്രയിച്ചിരിക്കുന്നു. ദൈവത്തിന്റെ നന്മയിലുള്ള ആശ്രയമാണു നാം ആശിക്കുന്ന കാര്യങ്ങളുടെ ഉറപ്പ്.

ക്രിസ്തീയ സഭയുടെ ചരിത്രം ദൈവത്തിന്റെ യാഥാർത്ഥ്യത്തിനു സാക്ഷ്യം വഹിച്ചവരായ സ്ത്രീപുരുഷന്മാരെകൊണ്ടു സമൃദ്ധമായിരിക്കുന്നു. "പ്രാർത്ഥനയ്ക്കു വ്യക്തമായ മറുപടി ലഭിച്ചു തിനെക്കാൾ കൂടുതലായ സാക്ഷ്യം ആവശ്യമില്ല. ഇപ്രകാരമുള്ള സാക്ഷികളുടെ ഗണത്തിൽ പ്രമുഖസ്ഥാനത്തു നില്ക്കുന്നതു 1898 മാർച്ച് പത്താം തിയ്യതി 93-ാമത്തെ വയസ്സിൽ നിത്യസ്വസ്ഥതയിലേക്കു പ്രവേശിച്ച ജോജ്ജ് മുള്ളറാണ്. മറുപടി ലഭിച്ച പ്രാർത്ഥനയുടെ അനുഭവത്തിൽ തന്റെ ആയുസ്സു മുഴുവൻ കഴിച്ച ഒരു വ്യക്തിയായിട്ടാണു അദ്ദേഹം ചരിത്രത്തിൽ

വരുവിൻ. ദിവ്യശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പായി നിവൃത്തിയുണ്ടെങ്കിൽ മറ്റാരുമായി സംസാരിക്കാതിരിപ്പാൻ ശ്രദ്ധിപ്പിൻ. നിങ്ങളുടെ ചിന്തകളും വാക്കുകളും തത്സമയം ദൈവികചിന്തയാൽ ഭരിക്കപ്പെടട്ടെ. വിശുദ്ധരായ പട്ടക്കാരെയാണ് ഇന്നു ആവശ്യമെന്നു സഭ അറിയുന്നു. നിങ്ങൾ ഇക്കാര്യത്തിൽ ഒരു നല്ല തീക്കം സൃഷ്ടിക്കയാണെങ്കിൽ നിങ്ങളുടെ ആളുകൾ അതു മനസ്സിലാക്കും. പിന്നീടു ശുശ്രൂഷയ്ക്കു മുമ്പു നിങ്ങളുമായി വൃഥാ സംസാരിക്കാൻ അവർ മുതിരുകയില്ല. മറിച്ച്, അവർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. നിങ്ങളുടെ ശുശ്രൂഷകാലമത്രയും വിശുദ്ധ സംസർഗ്ഗശുശ്രൂഷ വെറും ഒരു നിസ്സാരസംഗതിയായി നിങ്ങൾക്കു തോന്നരുത്. അതെപ്പോഴും ആഴമേറിയ ഒരു രഹസ്യമായും ഒരു അതിശയമായും ഒരു വിസ്മയമായും നിങ്ങൾക്കു അനുഭവപ്പെടട്ടെ. എപ്പോഴും, നിങ്ങൾ നില്ക്കുന്ന സ്ഥലം വിശുദ്ധമാണെന്നറിഞ്ഞുകൊണ്ടു കാലിൽനിന്നു ചെരിപ്പൂരിക്കുവിൻ.

അങ്ങനെ നിങ്ങൾ ഇന്നു പുരോഹിതർ ആയിത്തീരുകയാണ്. അതായതു്, സഭയുടെ പൗരോഹിത്യത്തിന്റെ കേന്ദ്രസ്ഥാനങ്ങൾ നിങ്ങൾ. നിങ്ങളുടെ ജനങ്ങളുടെ ശബ്ദമായിത്തീരുന്നു. എന്തെന്നാൽ നിങ്ങളുടെയും അവരുടെയും ഹൃദയം ഇന്നു ഒന്നത്രേ. നിങ്ങൾ പൂർണ്ണമായും ക്രിസ്തുവിനു യാഗമായി അർപ്പിക്കപ്പെട്ടതുകൊണ്ടും നിങ്ങളുടെ വിചാരങ്ങളും പ്രവൃത്തികളും വിശുദ്ധമായിരിക്കുന്നതിനാലും സഭ നിങ്ങളുടെ വാക്കുകളിലും പ്രവൃത്തിയിലും കൂടെ വീണ്ടും വീണ്ടും ക്രൂശിക്കപ്പെട്ടവനായ കർത്താവിങ്കലേക്കു അടുത്തു വരുവാൻ ഇടയാകട്ടെ.

നാളെ കഴിഞ്ഞു ഞായറാഴ്ച വിശുദ്ധ സംസർഗ്ഗശുശ്രൂഷ നിങ്ങൾ ആദ്യമായി നടത്തും. നാളെ വൈകിട്ടു നിങ്ങൾ മറ്റുള്ളവരുടെയും ജോലികളും ഉപേക്ഷിച്ചു ദേവാലയത്തിൽ ചെന്നിരുന്ന് ഈ ശുശ്രൂഷയ്ക്കായി നിങ്ങളെത്തന്നെ ഒരുക്കുക. ഈ നാലു പേരുടെ സഭാംഗങ്ങളായി ഇവിടെ കൂടിയിരിക്കുന്ന നിങ്ങൾ നാളെ വൈകിട്ടു ഇവരെ ഭക്ഷണത്തിനു ക്ഷണിക്കയോ വീട്ടുപ്രാർത്ഥനകൾക്കു വിളിക്കുകയോ ചെയ്യരുത്. നിങ്ങളുടെ ശുശ്രൂഷകർ എന്ന നിലയിൽ ദൈവത്തിന്റെ തിരുമേശയിങ്കലേക്കു വിശുദ്ധിയോടും, ഭയത്തോടും, ഭൈയ്യത്തോടും കൂടി അടുത്തു വരുവാൻ അവരുടെ ഹൃദയങ്ങളെ ഏകാന്തതയിൽ ഒരുക്കുന്നതിനു അവർക്കു നിങ്ങൾ സ്വാതന്ത്ര്യം നല്കേണ്ടതാണ്.

നിലകൊള്ളുന്നത്. പ്രശസ്തരായ മറ്റനേകം ക്രിസ്ത്യാനികൾ പ്രസംഗചാതുര്യം, സംഗീതവരം, സംഘടനാ വൈഭവം, ഗ്രന്ഥരചനാപാടവം ഇവകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തിയിട്ടുണ്ട്. എന്നാലോ മുള്ളർ അദ്വിതീയനായി തീർന്നതു എല്ലാ വിശ്വാസികൾക്കും പ്രാപ്യമായിട്ടുള്ള ഒരു വരം—അതായതു എഫേസ്യർ 6. 18-ൽ പറയുന്ന—"സകല പ്രാർത്ഥനയാലും" എന്നുള്ള ആയുധം ഉപയോഗപ്പെടുത്തിയതിനാലത്രേ.

ഇന്നത്തെ സഭയിൽ അത്യന്താപേക്ഷിതമായിരിക്കുന്നതു പ്രാർത്ഥനയുടെ യാഥാർത്ഥ്യത്തെ കൃത്രിമമായി അനുഭവിക്കുക എന്നുള്ളതാണ്. പ്രയാസങ്ങളും കർത്തവ്യങ്ങളും നേരിടുമ്പോൾ കൈക്കൊള്ളേണ്ടുന്ന ഒരു മാർഗ്ഗമാണു പ്രാർത്ഥന എന്നാണു അനേകരുടെയും ധാരണ. നിരന്തരമായ പ്രാർത്ഥന നിവ്വിഘ്നം നടത്തപ്പെടേണ്ടതുണ്ടെന്നാണ്. അതു ഓരോ വ്യക്തിയുടെയും ആഹ്നികം അനുദിനം കൃപാസനവുമായിട്ടുള്ള ബന്ധത്തിൽ വർത്തിക്കുന്നതാണ്. പരിപൂർണ്ണമായി ദൈവത്തിനു സമർപ്പിക്കപ്പെട്ട ഒരു ജീവിതത്തിന്റെ സ്വതസിദ്ധവും നിരന്തരവുമായ ഒരു പ്രകാശനമാണിത്.

"അനാഥശാലകൾ മുഖാന്തരമായി മറുപടി നൽകുന്ന ദൈവം തന്നെ ദൈവമായിരിക്കട്ടെ" എന്നു സ്പർജൻ പ്രസ്താവിച്ചു. പ്രാർത്ഥനമൂലം ഒരു വലിയ അനാഥശാല നടത്തിയ ഒരാളായിട്ടാണു ജോർജ്ജ് മുള്ളറിനെ ഓർക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതു. അദ്ദേഹം നിരന്തരമായി ദൈവത്തോടുകൂടി നടന്നതിനാൽ ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അനുഭവപ്പെടുത്തി ദൈവത്തെ ജാഗ്രതയോടെ അന്വേഷിക്കുന്നവർക്കു താൻ പ്രതിഫലം കൊടുക്കും എന്നുള്ളതു അവിശ്വാസികളായ ലോകർക്കു സ്വന്ത അനുഭവത്തിൽകൂടി തെളിയിച്ചു കൊടുത്തു. മറ്റുള്ളവരെക്കാൾ വിശേഷവിധിയായ ശക്തികൾ തനിക്കുണ്ടെന്നു മനുഷ്യർ ധരിക്കരുതെന്നു മുള്ളറിനു എപ്പോഴും നിർബന്ധമുണ്ടായിരുന്നു. സാധാരണ ജനങ്ങൾ തന്നെ വിശ്വസിക്കുന്നതിനു ഇടയാക്കുന്ന അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ശക്തി തനിക്കില്ലെന്നു മുള്ളർ പറയുമായിരുന്നു. അദ്ദേഹത്തെ നേരിട്ടു അറിഞ്ഞിട്ടുള്ളവർ തന്റെ പ്രാർത്ഥനയുടെ പിമ്പിൽ അസാധാരണമായ ആത്മശക്തിയോ മാനസീകമായ വരങ്ങളോ ഉണ്ടായിരുന്നതായി സാക്ഷിച്ചിട്ടില്ല. അസാധാരണമായ ആത്മീയ സിദ്ധികൾ ഉള്ള ഒരാളായിട്ടു അദ്ദേഹത്തെ എണ്ണിക്കൂടാ. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തിനു തന്റെ ജീവിതത്തിലെ സകല കാര്യങ്ങളെയും വിധേയമാക്കികൊണ്ടാണു മുള്ളർ ജീവിച്ചതു. അതിന്റെ സ്വതസിദ്ധമായ ഫലമായിരുന്നു വിശ്വാസത്തോടുകൂടിയ പ്രാർത്ഥന. അവനു ദൈവത്തോടു പ്രാഗത്ഭ്യം ഉണ്ടായിരുന്നതുകൊണ്ടാണു മനുഷ്യനോടും പ്രാഗത്ഭ്യം ഉണ്ടായിരുന്നതു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും ജനങ്ങൾ പതിനഞ്ചുലക്ഷം പവനിലധികം അവന്റെപേക്ഷ അയച്ചുകൊടുപ്പാൻ നിർബന്ധിതരായതു ഈ ദൈവഭാസനെറയും തന്റെ സഹപ്രവർത്തകരുടെയും പ്രാർത്ഥനയുടെ ഫലമായി ദൈവം ജനങ്ങളുടെ ഹൃദയങ്ങളെ ഉണർത്തിയതിനാലായിരുന്നു.

ഏലിയാവു നമുക്കു സമസ്വഭാവമുള്ള മനുഷ്യനായിരുന്നു എന്നു നാം വായിക്കുന്നു. ജോർജ്ജ് മുള്ളരും അങ്ങനെതന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ആദ്യത്തെ ഇരുപതുവർഷം ദൈവം ഇല്ലാത്തവനായി കഴിഞ്ഞു. 1805-ൽ ജർമ്മനിയിൽ ജനിച്ച ഈ ആൾ ചെറുപ്പകാലത്തു തിന്മയിലേക്കു ചായ്വുള്ളവനായിരുന്നു. പത്തുവയസ്സാകുന്നതിനു മുമ്പേ തന്നെ അവൻ ഒരു മോഷ്ടാവായി തീർന്നു. സ്ഥിരീകരണാവസരത്തിൽ പള്ളിയിൽ കൊടുക്കുന്നതിനായി അവന്റെ പിതാവു അവനെ ഏല്പിച്ച പണത്തിൽ അധികഭാഗവും അവൻ മോഷ്ടിച്ചു. പതിന്നാലു വയസ്സുപ്രായമുള്ളപ്പോൾ അവന്റെ അമ്മ മരണക്കിടക്കയിൽ ആയിരുന്ന സമയത്തു അവൻ മദ്യപിച്ചു കറങ്ങി നടക്കുകയായിരുന്നു. മദ്യക്കുപ്പികളും സ്ത്രീശാലകളുമായിരുന്ന അവന്റെ താവളങ്ങൾ. ഇപ്രകാരമുള്ള തിന്മകൾക്കു അധീനനായിരുന്ന അവനെ ഒരു വൈദീക സ്ഥാനാർത്ഥിയായി തിരഞ്ഞെടുത്തതു ആലോചിക്കുമ്പോൾ അക്കാലത്തെ സഭയുടെ ആത്മീയനില എത്ര അധഃപതിച്ചതായിരുന്നു എന്നു കാണാം.

അവനെ മോക്ഷവഴികളിലേക്കു നയിച്ച ഒരു സ്നേഹിതൻ 1825-ൽ മാനസാന്തരപ്പെട്ടു

കയും, ഈ സ്നേഹിതൻ അവനെ ഒരു വീട്ടിൽവച്ചു നടത്തപ്പെട്ട യോഗത്തിൽ സംബന്ധിപ്പാൻ ക്ഷണിക്കുകയും ചെയ്തു. മുള്ളറിനു ആ യോഗത്തിൽ സംബന്ധിക്കണമെന്നു ആഗ്രഹമുദിച്ചു. അവിടെ ആളുകൾ മുട്ടിന്മേൽനിന്നുകൊണ്ടു അവരുടെ ഹൃദയങ്ങളെ ദൈവസന്നിധിയിൽ പകരുന്നതു കണ്ടു അവന്റെ ഹൃദയത്തിൽ ഒരു സ്പർശനമുണ്ടായി. ആ വീട്ടുടമസ്ഥൻ പ്രാർത്ഥിക്കുന്നതു കേട്ടിട്ടു മുള്ളർ തന്നോടു തന്നെ ഇപ്രകാരം പറഞ്ഞു, "ഈ അക്ഷരജ്ഞാനമില്ലാത്ത ആളിനെക്കാൾ ഞാൻ വളരെ അധികം പഠിപ്പുള്ളവൻ ആണെങ്കിലും അവൻ പ്രാർത്ഥിക്കുന്നതുപോലെ പ്രാർത്ഥിപ്പാൻ എനിക്കു കഴിയുന്നില്ല." ആ എളിയ ജനങ്ങളോടുകൂടി അവൻ മുട്ടുകുത്തുകയും അവർണ്ണനീയമായ സന്തോഷവും സമാധാനവും അനുഭവപ്പെടുത്തുകയും ചെയ്തു. പിതാവിന്റെ അടുക്കലേക്കു തിരിച്ചു വന്ന മുടിയൻപുത്രനു അനുഭവപ്പെട്ടതുപോലെ ദൈവകൃപയുടെ മാധുര്യം അവൻ അനുഭവിച്ചു. ആ സമയം മുതൽ മുള്ളറിന്റെ ജീവിതം രൂപാന്തരപ്പെട്ടു.

അത്ഭുതകരമായ വിധത്തിൽ തന്നെ രക്ഷിച്ച ദൈവത്തെ സേവിപ്പാൻ അവൻ വാഞ്ഛിച്ചു. യഹൂദന്മാരുടെ ഇടയിൽ ഒരു മിഷ്യനറിയായി പോകണമെന്നുള്ള ആഗ്രഹം സ്വപിതാവിനെ അറിയിച്ചപ്പോൾ മുള്ളറിന്റെ പിതാവു അതു ശ്രദ്ധിക്കാതെ കോപിക്കുകയും നിരാശപ്പെടുകയുമാണു ചെയ്തതു്. അനന്തരം മുള്ളർ ഇംഗ്ലണ്ടിലേക്കു പോയി. ഏറെതാമസിയാതെ അവൻ പ്രാപ്തനായ ഒരു വചനശുശ്രൂഷകനായി തീർന്നു. ആദ്യം റേറയിൽ മതം എന്ന സ്ഥലത്തും പിന്നീടു ബ്രിസ്റ്റലിലും അദ്ദേഹം വേലചെയ്തു.

ഇക്കാലത്തു ഹാലി എന്ന സ്ഥലത്തു ദൈവത്തിൽ മാത്രം ആശ്രയിച്ചു ഒരു അനാഥശാലനടത്തിയ എ. എച്ച്. ഫ്രാങ്ക് എന്ന ആളിന്റെ ജീവചരിത്രം വായിപ്പാൻ മുള്ളറിനു ഇടയായി. തൽഫലമായി ഇതുപോലെയുള്ള ഒരു അനാഥശാല ബ്രിസ്റ്റലിൽ തുടങ്ങുന്നതിനു ദൈവഹിതം അറിവാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈ ചിന്ത തന്നിൽ ശക്തിപ്പെട്ടതിന്റെ ഫലമായി 1835-ൽ കുറെ സ്നേഹിതരുടെ മുമ്പാകെ ഒരു അനാഥശാല തുടങ്ങുന്നതിനുള്ള അഭിപ്രായം വെളിപ്പെടുത്തി. പിറെറവർഷം അലഞ്ഞുതിരിഞ്ഞു നടക്കുന്ന ബാലികമാരെ താമസിപ്പിക്കുന്നതിനായി വിൽസൻതെരുവിൽ ഒരു വീടു വാടകയ്ക്കു എടുത്തു' ഈ ചെറിയ ആരംഭത്തിൽനിന്നു ആങ്ക്ലിഡൗൺ എന്ന സ്ഥലത്തു 2000 അനാഥബാലികമാർ താമസിക്കുന്നതുകൂടാവുന്നതും വിസ്തൃതമായ അഞ്ചു അനാഥമന്ദിരങ്ങൾ സ്ഥാപിക്കുന്നതുകൂടാവുന്നതും ഈ വേല വളർന്നുവന്നു. തന്റെ ജീവിതകാലത്തു 10000-ൽപരം അനാഥരെ സംരക്ഷിക്കുകയും വിദ്യ അഭ്യസിപ്പിക്കുകയും ചെയ്തെങ്കിലും ഒരിക്കലും പണസഹായത്തിനായി യാതൊരു മനുഷ്യരോടും ആവശ്യപ്പെട്ടിട്ടില്ല. ആവശ്യങ്ങൾ എല്ലാം ദൈവത്തെ മാത്രം അറിയിക്കുകയാണു ചെയ്തതു്. ഒരിക്കൽപോലും ദൈവം അവയെ നിറവേറാതെ ഇരുന്നിട്ടില്ല. എല്ലാപുതിയ ആവശ്യങ്ങളിലും വിങ്മതകളിലും വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥനയായിരുന്നു ഏക അവലംബം.

ജോർജ്ജ് മുള്ളറിന്റെ പ്രവർത്തനം അനാഥശാലകളിൽ മാത്രമല്ലായിരുന്നു കേന്ദ്രീകരിച്ചിരുന്നതു. അദ്ദേഹവും സഹപ്രവർത്തകരും പന്ത്രണ്ടു സണ്ടേസ്കൂളുകൾ സ്ഥാപിക്കുകയും മറും പലതിനെ സഹായിക്കുകയും ചെയ്തു. ഇരുപതുലക്ഷം വേദപുസ്തകങ്ങൾ വിതരണം ചെയ്യുകയും മറും രാജ്യങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 115 മിഷ്യനറിമാരെ സഹായിക്കുകയും ചെയ്തു. ഇതിനും പുറമേ ലക്ഷക്കണക്കിനു ട്രാക്ടറുകളും വേദഭാഗങ്ങളും വിതരണം ചെയ്യുകയുണ്ടായിട്ടുണ്ടു്. വേല ദൈവത്തിന്റേതു ആണെന്നും ക്രിസ്തുവിലുള്ള തന്റെ സാന്നിദ്ധ്യത്തിന്മേൽ ആശ്രയിച്ചുള്ള നിൽക്കുന്നതെന്നും വ്യക്തമാക്കുവാൻ ചില വർഷങ്ങൾ അവൻ സഞ്ചാരത്തിൽ ഏർപ്പെടുകയും അതേ 42 രാജ്യങ്ങൾ സന്ദർശിച്ചു ദൈവവചനം പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടു്. അനാഥശാലയുടെ കാര്യം മറുള്ളവരുടെ ശക്തിയായ നിർബന്ധമുണ്ടായപ്പോൾ മാത്രമേ പ്രസ്താവിക്കയുണ്ടായിട്ടുള്ളൂ.

ഈ പ്രവർത്തനത്തിന്റെ സ്ഥാപകൻ തിരുശ്ശീലയ്ക്കപ്പുറം പ്രവേശിച്ചിട്ടു അരുപതു വർഷം കഴിഞ്ഞെങ്കിലും ഇന്നും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ വിവിധ വകു

ദൈവത്വത്തിലെ ചില മർമ്മങ്ങൾ

(തുടർച്ച)

M. K. T.

അടുത്തതായി തിരുവെഴുത്തു പരിശോധിച്ചാൽ "യഹോവയുടെ ദൂതൻ" എന്നൊരാളെപ്പറ്റി നാം അവിടെ വായിക്കുന്നു; ദൈവത്വത്തിൽ ഒരു ബഹുത്വം ഉണ്ടെന്നും, അതു മനുഷ്യനിൽ അധികം വെളിപ്പെട്ടുന്നില്ലെന്നും നാം കണ്ടുകഴിഞ്ഞു. യഹോവ എന്നും യഹോവയുടെ ദൂതൻ എന്നുംപറയുന്നതു രണ്ടാൾ അല്ല. എന്റെ ദൂതൻ എന്നു പറയുമ്പോൾ, ഞാൻ വേറെ, ദൂതൻ വേറെ എന്നു സ്പഷ്ടം. എന്നാൽ യഹോവ എന്ന പേരു എടുക്കുന്നതിനു ഈ ദൂതനു യാതൊരു മടിയുമില്ലെന്നു കാണുന്നു.

ഉല്പത്തി പു. കാ, കാ വാക്യങ്ങളിൽ മകനെ വെട്ടുവാൻ തയ്യാറായി നില്ക്കുന്ന അബ്രഹാമിനെ യഹോവയുടെ ദൂതൻ വിളിച്ചു് "നിന്റെ ഏകജാതനായ മകനെ തരുവാൻ മടിയ്ക്കായ്കകൊണ്ടു നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ അറിയുന്നു" എന്നു അരുളിച്ചെയ്തതോടു പറയുന്നു. അബ്രഹാം മകനെ യാഗത്തിനു ഒരുക്കിയതു ഈ യഹോവയുടെ ദൂതനു് ആണെന്നും, അവിടെ വെച്ചു കാണിച്ച ഭക്തിയെ ദൈവം കണ്ടു എന്നല്ല, താൻ കണ്ടു എന്നാണല്ലോ ഈ ദൂതൻ പറയുന്നതു്. ഉല്പത്തി പു. പു മുതൽ യഹോവയുടെ ദൂതൻ യാക്കോബുമായി മല്ലിയുദ്ധം ചെയ്തതായി നാം വായിക്കുന്നു. "ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്കു ജീവഹാനി വന്നില്ല" എന്നു യാക്കോബു പറഞ്ഞു. ഹോശേയ കാ—ൽ ഈ ദൂതൻ സൈന്യങ്ങളുടെ ദൈവമായ യഹോവയാണെന്നു കാണുന്നു. ന്യായാധിപന്മാർ കാ—ാ ലും ഇതേ സത്യം തന്നെ തെളിയുന്നു.

പുറപ്പാടു് നാ. ാ ൽ യഹോവയുടെ ദൂതൻ മുൾപ്പടർപ്പിൽ മോശയ്ക്കു പ്രത്യക്ഷനായി "ഞാൻ അബ്രഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി, നിന്റെ പിതാവിന്റെ ദൈവം ആകുന്നു" എന്നു അരുളിച്ചെയ്തു.

ഈ യഹോവയുടെ ദൂതനെ നാം അനുഗമിച്ചാൽ അതുതന്നെ നസറായനായ യേശു എന്നും കൂടി തെളിഞ്ഞു വരുന്നതാണു്. ന്യായാ. കാ. കാ-ൽ മനോഹ; ഈ ദൂതനോടു നിന്റെ പേരെന്തു് എന്നു ചോദിച്ചതിനു, 'അതു അതിശയമുള്ളതു' എന്നാണു് ദൂതൻ മറുപടി പറഞ്ഞതു്. ദൈവദൂതന്മാർ പേരു പറഞ്ഞതായി നാം തിരുവെഴുത്തിൽ വായിക്കുന്നു. ഉദാ. ലൂക്കോ. കാ. കൻ. യെശയ്യാ. ൻ ൽ അവനു അത്ഭുതമന്ത്രി (wonderful) എന്നു പേരു കാണുന്നതുകൊണ്ടു് മനോഹരം കാണപ്പെട്ട യഹോവയുടെ ദൂതന്റെ പേരും ബെത്ത്ലഹേമിൽ ജനിക്കുന്ന ശിശുവിന്റെ പേരും ഒന്നുതന്നെ എന്നു വ്യക്തമാകുന്നു. യെശ. രും. നു ൽ യഹോവയ്ക്കു ഒരു വഴി ഒരുക്കുന്നതിനു ദൂതനെ അയയ്ക്കും എന്നു പറഞ്ഞതു് മത്താ. നു. നു ൽ നസ്രായനായ യേശുവിന്റെ മുന്നോടിയായി യോഹന്നാൻ വന്നതിനെ സൂചിപ്പിക്കയായിരുന്നല്ലോ. ഈ ഭാഗത്തു 'യഹോവ എന്നു പറയുന്നതു' ആരെക്കുറിച്ചാണെന്നു വായനക്കാർ തന്നെ തീരുമാനിക്കട്ടെ.

പുകവിലുള്ള വേല നിവ്വിഘ്നം പുരോഗമിച്ചു കൊണ്ടിരിക്കുന്നു എന്നുള്ളതു ഇതു ദൈവവേലയാണു എന്നുള്ളതിനെ തെളിവാക്കുന്നു. ഇംഗ്ലണ്ടിൽ വിദ്യാഭ്യാസവിഷയത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾമൂലം മുമ്പിന്റെ കാലത്തു നടത്തിയതുപോലെ പ്രത്യേക സ്ഥാപനങ്ങളിൽ ചെന്നു സംരക്ഷിക്കപ്പെടേണ്ട അനാഥകുട്ടികളുടെ എണ്ണം കുറഞ്ഞു വരികയാണു്. ഇപ്രകാരമാണെങ്കിലും അനാഥബാലരെ താമസിപ്പിച്ചിരിക്കുന്ന ആധുനിക മാതൃകയിലുള്ള കെട്ടിടങ്ങൾ മുമ്പുള്ള അക്കാലത്തു പണിയിച്ചിട്ടുള്ള കെട്ടിടങ്ങളെപ്പോലെ "ദൈവത്തിൽ വിശ്വാസമുള്ളവരായിരിപ്പിൻ" എന്ന ലോകത്തിനു ഒരു വെല്ലുവിളിയായി നിലകൊള്ളുന്നു.

("Christian" എന്ന ഇംഗ്ലീഷ് വാരികയിലെ ഒരു ലേഖനത്തെ ആധാരമാക്കി എഴുതിയതു്).

വേദപുസ്തകത്തിരുവെഴുത്തുകളുടെ ദൈവശ്വാസീയത

[സി. മാത്യു, തെങ്ങുംമഠം]

വിജ്ഞയങ്ങളുടെ പ്രാധാന്യം, നിത്യത മുതൽ നിത്യതവരെ ഉൾക്കൊള്ളുന്ന ദൈവരഹസ്യങ്ങളുടെ കലവറ, പുസ്തകത്തിന്റെ സാക്ഷാൽ നിർമ്മിതാവിന്റെ മഹാത്മ്യം മുതലായതു പരിഗണിച്ചാൽ ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ വിശുദ്ധ വേദപുസ്തകം

അടുത്തതായി ഈ യഹോവയുടെ ദൂതന്റെ ചില പ്രത്യേകതകളെപ്പറ്റി ചിന്തിക്കാം. ചിലർക്ക് സംസാരത്തിലും പദപ്രയോഗത്തിലും ചില പ്രത്യേകതകൾ ഉണ്ടല്ലോ. ഈ ദൂതനിൽ കാണുന്ന ഒരു പ്രത്യേകത, തന്റെ വിളിയിൽ ഒരു ഇരട്ടിപ്പ് കാണുന്നു എന്നുള്ളതാണ്. ഉല്പ. ൨൨-ൽ 'അബ്രഹാമേ, അബ്രഹാമേ' എന്നും, ൪൬-ൽ മൂൽപടർപ്പിൽ വെച്ചു 'മോശെ, മോശെ' എന്നും ഇരട്ടിപ്പായി വിളിക്കുന്നു. ലൂക്കോ. ൧൦-ൽ 'മാർത്തയേ, മാർത്തയേ' എന്നും, ൨൨. ൪൨-ൽ 'ശീമോനേ, ശീമോനേ' എന്നും, മത്താ. ൨൩. ൩൭-ൽ 'യെരൂശലേമേ; യെരൂശലേമേ' എന്നും, ൨൬. ൯൩-ൽ 'ഏലീ ഏലീ' എന്നും, തന്റെ സ്വർഗ്ഗാരോഹണശേഷം അപ്പൊ. പ്ര. ൯-ൽ 'ശൗലേ, ശൗലേ' എന്നും യേശുരക്ഷകൻ വിളിക്കുന്നതായി കാണുന്നു. ഇത് ഭാഗങ്ങളെ പരിശോധിച്ചാൽ പണ്ട് അബ്രഹാമിനെയും മോശെയേയും വിളിച്ച യഹോവയുടെ ദൂതൻ അല്ലെങ്കിൽ യഹോവ തന്നെയാണ മനുഷ്യാവതാരം ചെയ്ത യേശു എന്നു തോന്നുവാൻ ന്യായമുണ്ട്. പേരു മാറ്റി കൊടുക്കുന്ന ഒരു പ്രകൃതി ഈ ദൈവ ദൂതനിൽ കാണുന്നു. അബ്രാമിനു അബ്രഹാമെന്നും സാറായിക്കു സാറാ എന്നും പുതിയ പേർ കൊടുക്കുന്നു (ഉല്പ. ൧൭. ൫൬; ൨൧. ൩. ൧൭) യാക്കോബിനു പേരുമാറ്റി യിസ്രായേൽ എന്നാക്കി (ഉല്പ. ൩൨. ൨൮) നസ്രായനായ യേശു തന്റെ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു ശീമോനു്, പത്രോസ് എന്നും, യാക്കോബു, യോഹന്നാൻ എന്നിവർക്കു ബൊവനേർഗ്ഗസ് എന്നും പേരു മാറ്റി കൊടുക്കുന്നു (മർക്കോ. ൩. ൧൬—൧൭). ഒരു പക്ഷേ തർസൂസുകാരൻ ശൌലിനു പൌലൂസ് എന്നുള്ള പേരിട്ടതു കർത്താവു തന്നെ ആയിരിക്കാം. യെശ. ൬൨-ൽ യഹോവ പുതിയപേരു് കൽപ്പിക്കുന്നു എന്നും കാണുന്നു.

ഈ യഹോവയുടെ ദൂതനും നസ്രായനായ യേശുവും വന്ദനങ്ങളെ സ്വീകരിക്കുന്നതിനു മടി കാണിക്കുന്നില്ല (ന്യായ ൧൩; യോഹ. ൨൦. ൨൮; വെളി. ൧. ൧൭). യെശ. ൪൫. ൪-ൽ 'നിന്റെ സൃഷ്ടാവാകുന്ന നിന്റെ ഭർത്താവു്, സൈന്യങ്ങളുടെ ദൈവമായ യഹോവ എന്നാകുന്നു അവന്റെ നാമം' എന്നു വായിക്കുന്നു. പിതാവായ ദൈവം സകല ആത്മാക്കളുടെയും പിതാവാകുന്നു, ഭർത്താവായി വെളിപ്പെട്ടുന്നില്ല. അതിനാൽ ഈ സൃഷ്ടാവായ യഹോവ യോഹ. ൧൭-ൽ പറയുന്ന വചന സ്വരൂപനായ യഹോവ തന്നെ. സങ്കീ. ൮൯-ൽ യഹോവ എന്റെ ഇടയൻ എന്ന് യോഹ. ൧൦ ൧൧-ൽ 'ഞാൻ നല്ല ഇടയൻ' എന്നും പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണ് യെശ. ൪൦-ൽ കണ്ട മർശനം യേശുക്രിസ്തുവിന്റെ മഹിമയെ കണ്ടതാണെന്ന് യോഹ. ൧൨. ൪൧-ൽ കാണുന്നു.

ത്രിത്വത്തിലെ ഒരു മൂർത്തിയും, യഹോവ തന്നെയും ആണ നസ്രായനായ യേശു എന്നു നാം കണ്ടുകഴിഞ്ഞു. സദൃശ്യ. ൩൦. ൪-ൽ ഭൂമിയുടെ അറുതികളെ ഒക്കെയും നിയമിച്ചവൻ ആർ? അവന്റെ പേരെന്ത്? അവന്റെ മകന്റെ പേരെന്ത്? എന്നു കാണുന്നു. സങ്കീ. ൨. ൭-ൽ 'പുത്രനെ ചുംബിപ്പിൻ' എന്നു കാണുന്നു. ഈ പുത്രൻ ആരാണെന്നു നാം വിചാരിച്ചു വിശ്വസിക്കുമ്പോഴാണ് "ഇവൻ എന്റെ പ്രിയപുത്രൻ" എന്ന ഒരു ശബ്ദം കേൾക്കുന്നതു (മത്താ ൩. ൧൭) വിശുദ്ധ പൌലോസ് തീത്തൊ. ൨. ൧-ൽ ക്രിസ്തു മഹാദൈവം തന്നെയെന്നും, വിശു. യോഹ. ൧. ൧-ൽ താൻ സത്യദൈവമാണെന്നും പറയുന്നു.

[തുടരും]

['ക്രിസ്തു ഒരു മനുഷ്യൻ' മാത്രം ആയിരുന്നു എന്നു വാദിക്കുന്നവരും അതിനെപ്പറ്റി പുസ്തകം രചിച്ചവരും ഈ ലേഖനം ഒന്നു വായിച്ചാട്ടെ. ക്രിസ്തു പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവും ആയിരുന്നു എന്നു അവർ മനസ്സിലാക്കിയിരുന്നെങ്കിൽ!]

മറ്റു പുസ്തകങ്ങളിൽനിന്നു ഉന്നതമായിരിക്കുന്നു. അതുകൊണ്ടു അതിനെ തിരുവെഴുത്തുകൾ എന്നും, ദൈവവചനം എന്നും പറയുന്നു. (മത്താ. ൨൨. ൨൯ ; ൨പത്രൊ. ൧. ൨൧ ; ൨കൊരി. ൨. ൧൭). മനുഷ്യനെ പാപത്തിന്റെ അടിമത്വത്തിൽനിന്നു വിടുവിക്കുന്നതിനുള്ള ദൈവീക പ്ലാൻ എന്തെന്നു വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്ന ഏക പുസ്തകം എന്നനിലയിലും അതു അതുല്യമാണ്.

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണെന്നു വിശുദ്ധ പൌലൊസ് പറഞ്ഞിരിക്കുന്നു. (൨തിമൊ. ൩. ൧൬). പ്രധാനമായി താൻ അപ്പോൾ മനസ്സിൽ കണ്ടിരുന്നതു പഴയനിയമത്തിലെ പുസ്തകങ്ങളെയാണ്. അതിലെ ഓരോ പുസ്തകത്തിലെയും എഴുത്തുകാരിൽക്കൂടി സത്യംവെളിപ്പെടുത്തുന്നതിനു ദൈവാത്മാവു സ്വാധീനത ചെലുത്തിയിരുന്നതുകൊണ്ടാണു അവയെ ദൈവശ്വാസീയമായ തിരുവെഴുത്തുകൾ എന്നു വിളിച്ചിരിക്കുന്നതു്. സത്യം രേഖപ്പെടുത്തുന്നതിനു എഴുത്തുകാരെ യോഗ്യതയുള്ളവരാക്കി തീർത്തുകൊണ്ടു ദൈവം അവരിൽക്കൂടെ സംസാരിക്കുകയായിരുന്നു. എന്നാൽ ഓരോ പുസ്തകത്തിലെ ഭാക്കും, അതിലെ രചനയും എഴുത്തുകാരന്റെ കഴിവിനോടു സാധ്മ്യം പ്രാപിച്ചിരുന്നതിനും പുറമേ അതാതു കാലത്തെ ജനങ്ങൾക്കുംകൂടെ ഗ്രഹിക്കത്തക്ക വിധത്തിലും എഴുതപ്പെട്ടു. ഓരോ പുസ്തകവും പരിശോധിച്ചാൽ ഈ വാസ്തവം കാണാവുന്നതാണ്. പുതിയ നിയമത്തിലേക്കു കടക്കുമ്പോൾ അതു കൂടുതൽ പ്രസ്പഷ്ടമാകുന്നു.

വേദപുസ്തകം ദൈവശ്വാസീയമായ തിരുവെഴുത്തുകളാണെന്നു നമുക്കു എങ്ങനെ ഗ്രഹിക്കാം? തിരുവെഴുത്തുകളുടെ വിവിധ സ്വഭാവങ്ങളെപ്പറ്റി കുറെ സാമാന്യ അറിവു നമുക്കു ഉണ്ടായിരിക്കുകയും, ആത്മാർത്ഥതയോടെ അവയെ സമീപിക്കുകയും വേണം. സാമാന്യ അറിവു എന്നു പറയുന്നതു—വേദപുസ്തകത്തിൽ ദൈവത്തിന്റെ വെളിപ്പാടുണ്ടു. പരിശുദ്ധാത്മാവിന്റെ പ്രചോദനവും പ്രകാശനവും ഉണ്ടു. വാക്യം പ്രതി കേട്ടെഴുത്തും, നടന്ന സംഭവങ്ങളുടെ വിവരങ്ങളും ഉണ്ടു; ഈ വകയെല്ലാം ഉൾപ്പെടുത്തിയാണു ദൈവശ്വാസീയമായ തിരുവെഴുത്തു എന്നു പറയുന്നതു. മനുഷ്യമനസ്സിനു അതുവരെ അറിയപ്പെടാതിരുന്ന ഏതെങ്കിലും സത്യം നേരിട്ടു ദൈവം വെളിപ്പെടുത്തുന്നതിനെ "വെളിപ്പാടു" എന്നു പറയുന്നു. പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ സംസാരിക്കുകയും എഴുതുകയും ചെയ്യുന്നതിനെ ആത്മാവിന്റെ പ്രചോദനത്താൽ ഉണ്ടായതെന്നും, വിനയത്തിന്റെയും ദൈവത്തോടുള്ള അനുസരണത്തിന്റെയും ഫലമായി സംസാരിക്കുകയും എഴുതുകയും ചെയ്യുന്നതിനെ ആത്മാവിന്റെ പ്രകാശനത്താൽ ഉണ്ടായതെന്നും പറയപ്പെടുന്നു. കേട്ടതും കണ്ടതും അതുപോലെ രേഖപ്പെടുത്തുന്നതിനെ വാക്യം പ്രതി കേട്ടെഴുത്തു എന്നും പറഞ്ഞുവരുന്നു. വേദപുസ്തകങ്ങൾ ആദിയോടന്തം മേൽ പ്രസ്താവിച്ച വിഭാഗങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്. വെളിപ്പാടു ദൈവവെളിപ്പാടായും, പ്രചോദനവും പ്രകാശവും വെളിപ്പാടിൽനിന്നു വ്യത്യാസപ്പെട്ടതായും കേട്ടതും കണ്ടതും കാര്യങ്ങളുടെ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നതിനു അതുപോലെ രേഖപ്പെടുത്തിയതായും ധരിക്കുമെങ്കിൽ വേദപുസ്തകത്തിനു എതിരായി നവമതക്കാർ ഉന്നയിക്കുന്ന വാദഗതികൾ അർത്ഥശൂന്യമെന്നു ബോധപ്പെടും.

ശേഷിക്കുന്നതിനും പരിഹാരം കാണണമെങ്കിൽ ആത്മാർത്ഥതയോടെ നാം ദൈവവചനത്തെ സമീപിക്കണം. വിശദമായി പറഞ്ഞാൽ:— (1) ആത്മാവിന്റെ നിത്യരക്ഷയുടെ ആവശ്യബോധം നമ്മിൽ ഉണ്ടായിരിക്കണം. (2) ആ കാര്യം പ്രതിപാദിക്കുന്ന ഏക പുസ്തകമാണു ബൈബിൾ എന്ന നിശ്ചയത്തോടെ അതിനെ സമീപിക്കണം. (3) അതിന്റെ ദൈവനിശ്വാസീയതയെപ്പറ്റി അതിനോടുതന്നെ ചോദിച്ചു ഉത്തരം കണ്ടുപിടിക്കണം. (4) അതിലെ കുറവുകൾ കണ്ടു പിടിക്കണം എന്നുള്ള ലാക്കോടെ അതിനെ സമീപിക്കരുതു്. (5) ബുദ്ധിക്കും യുക്തിക്കും അതീതമായതു കാണുമ്പോൾ സ്വശക്തനായ ദൈവത്തിന്റെ കഴിവിലാശ്രയിച്ചു അതു വിശ്വസിക്കണം. (6) അതിലെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ചു യേശുക്രിസ്തുവിൽക്കൂടെയുള്ള രക്ഷയുടെ അനുഭവക്കാരായിത്തീരണം. അപ്പോൾ നാം കാണാതെ വിശ്വസിച്ച കാര്യങ്ങളും നാം കണ്ടതും തൊട്ടതും രുചിച്ചതുമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഉറപ്പിക്കപ്പെടും. ഇതു അനേകായിരം വിശ്വാസികളുടെ അനുഭവമാകുന്നു.

1600 വർഷങ്ങൾക്കിടയിൽ വിവിധകാലഘട്ടങ്ങളിൽ വ്യത്യസ്ഥങ്ങളായ മൂന്നുഭാഷകളിൽ വിവിധജീവിതസരണികളിൽപ്പെട്ട നാല്പതോളം എഴുത്തുകാർ 66 പുസ്തകങ്ങളിലായി രേഖപ്പെടുത്തിയിട്ടുള്ളതാണു ബൈബിൾ. അതിൽ ആദ്യാവസാനം കാണുന്ന ഐകരൂപ്യവും വിഷയബന്ധവും അത്ഭുതമാണ്. മനുഷ്യന്റെ പാപത്തിനു പ്രായശ്ചിത്തമായിത്തീർന്ന യേശുവിനെ, (1) ഉല്പത്തിപുസ്തകത്തിൽ സ്ത്രീയുടെ സന്തതിയായും, (2) പുറപ്പാടിൽ പെസഹാക്കുഞ്ഞാടായും, (3) ലേവ്യപുസ്തകത്തിൽ യാഗവസ്തുവായും, (4) സംഖ്യാപുസ്തകത്തിൽ അടിക്കപ്പെട്ട പാറയായും, (5) ആവർത്തനപുസ്തകത്തിൽ പ്രവാചകനായും, (6) യോശുവായിൽ യഹോവയുടെ സൈന്യങ്ങളുടെ നായകനായും, (7) ന്യായാധിപന്മാരുടെ പുസ്തകത്തിൽ വീണ്ടെടുപ്പുകാരനായും, (8) രൂത്തിൽ സ്വന്തീയ മണവാളനായും, (9) രാജാക്കന്മാരുടെ പുസ്തകങ്ങളിൽ വാഗ്ദത്തം ചെയ്യപ്പെട്ട രാജാവായും, (10) നെഹെമ്യാവിൽ ജാതിയുടെ ഉദ്ധാരകനായും, (11) എസ്ഥേറിൽ രാജാവിനോടു പക്ഷവാദം നടത്തുന്നവനായും, (12) ഇയ്യോബിൽ വ്യക്തിയുടെ ഉദ്ധാരകനായും, (13) സങ്കീർത്തനങ്ങളിൽ എല്ലാറ്റിനും എല്ലാമായും, (14) സദൃശ്യവാക്യങ്ങളിൽ മാതൃകാപുരുഷനായും, (15) സഭാപ്രസംഗിയിൽ ഏകലാക്കായും, (16) ഉത്തമഗീതത്തിൽ മണവാട്ടിയെ തൃപ്തിപ്പെടുത്തുന്ന മണവാളനായും, (17) പ്രവാചകപുസ്തകങ്ങളിൽ വരുവാനിരിക്കുന്ന സമാധാനപ്രഭവായും, (18) സുവിശേഷങ്ങളിൽ പാപിയെ തേടിവന്ന രക്ഷിതാവായ ക്രിസ്തുവായും, (19) പ്രവൃത്തികളുടെ പുസ്തകത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവായും, (20) ലേഖനങ്ങളിൽ വിശ്വാസികൾക്കുവേണ്ടി പിതാവിന്റെ വലത്തുഭാഗത്തു ഇരുന്നു പക്ഷവാദം ചെയ്യുന്ന കർത്താവായും, (21) വെളിപ്പാടിൽ വീണ്ടുംവന്നു സകലത്തെയും യഥാസ്ഥാനപ്പെടുത്തുന്ന രാജാവായും നാം കാണുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും രൂപം കൊടുക്കുന്നതുവരെയുള്ള കാര്യവും വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. അതിലെ ഐകരൂപ്യവും വിഷയബന്ധവും അതിന്റെ ദൈവനിശ്വാസീയതയെ ഉറപ്പിക്കുന്നു. സാത്താന്യശക്തിയും കൂട്ടും മൌനമായിരിക്കുന്നില്ല.

ഉല്പത്തിപുസ്തകം 3-ാം അദ്ധ്യായം 7-ാം വാക്യത്തിൽ സാത്താൻ സ്ത്രീയോടു "തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ? എന്നു ചോദിച്ചതായി നാം വായിക്കുന്നു, ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ ?" ഇതേ ചോദ്യം ഇന്നു മറ്റു പലരൂപത്തിൽ വേദപുസ്തകത്തിനുവെഴുത്തുകളെപ്പറ്റി അവിശ്വാസികൾ നമ്മോടു ചോദിച്ചുകൊണ്ടിരിക്കുന്നു. ഇവരിൽ നാമധേയ ക്രിസ്ത്യാനികളുമുണ്ട്. ബൈബിളിൽ ദൈവവചനമടങ്ങിയിട്ടുണ്ടെന്നു ഇവർ പറയും. ഒരുവനു തിരുവചനം എന്നു തോന്നുന്ന ഭാഗം അപരൻ അല്ല എന്നു പറയും. ഇവർ എല്ലാവരും കൂടി യോജിച്ചു ഒന്നു രൂപപ്പെടുത്തിക്കൊണ്ടു വരുമ്പോൾ അതിൽ ദൈവവചനം ഉണ്ടായിരിക്കയില്ല.

ഇവർ ബൈബിളിനു എതിരായി തർജ്ജമയിലും, പകർത്തിയതിലും, അച്ചടിയിലും, അതിൽ പണ്ടു പിശകുകൾ ഉയർത്തി കാണിക്കാറുണ്ട്. എന്നാൽ ഒരു ദൈവപൈതലിനു അവ ഒരു പ്രശ്നമേയല്ല. സത്യത്തിന്റെ ആത്മാവാണു അവനെ നടത്തുന്നതു്. പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ വരുമ്പോൾ അവൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരും എന്നു കർത്താവു പറഞ്ഞിരിക്കുന്നു. (യോഹ. 14. 16). എന്നാൽ വേദപുസ്തകത്തെ കൃത്തിക്കുന്ന ആൾക്കോ, സമുദ്രത്തിന്റെ മദ്ധ്യത്തിൽ മുങ്ങിത്താഴുവാൻ പോകുന്ന അവസരത്തിൽ ഒരുവൻ ആശ്രയിക്കുന്ന ചെറിയ പലകക്കഷണങ്ങളായി ഈ നിസ്സാര പിശകുകൾ ഉപയോഗപ്പെട്ട എന്നു വരാം. ചരിത്രപരവും, സാഹിത്യപരവും, ശാസ്ത്രീയവുമായ ആധുനികകാലത്തെ കണ്ടുപിടുത്തങ്ങളും ബൈബിളിന്റെ അപ്രമാദിതത്വത്തെ സ്ഥിരപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാര്യം ഇവർ ഒന്നുകിൽ അറിയാതെ ഇരിക്കുന്നതോ, അല്ലെങ്കിൽ അറിഞ്ഞിട്ടും അതു ഭാവിക്കാതെയിരിക്കുന്നതോ എന്നു നിശ്ചയമില്ല.

ചുരുക്കത്തിൽ, ബൈബിൾ ദൈവനിശ്വാസീയമായ തിരുവചനംതന്നെ ആകുന്നു. ഒരുത്തനു മാനസാന്തരവും വീണ്ടും ജനനവും ഉണ്ടാകണമെങ്കിൽ ശിശുക്കൾ പാൽകുടിക്കുന്നതുപോലെ തിരുവചനമാകുന്ന നിർമ്മലപാൽ അവൻ കുടിക്കേണ്ടതാകുന്നു. അങ്ങനെ

മല്ലപ്പള്ളി കയർ ഫെസ്റ്റിവൽ

മല്ലശ്ശേരിക്കാവിലമ്മയുടെ തിരുനാൾ മഹോത്സവത്തിനോടനുബന്ധിച്ച് ഒരു കയർ ഫെസ്റ്റിവൽ 1958 മെയ് മാസം 10-ാം തീയതി ശനിയാഴ്ച മല്ലപ്പള്ളി പള്ളിയിൽ വെച്ചു നടത്തപ്പെട്ടു. രാവിലെ 10 മണി മുതൽ വന്നുകൊണ്ടിരുന്ന ഗായകസംഘങ്ങൾക്കു വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ മല്ലപ്പള്ളി ഗായകസംഘാംഗങ്ങൾ അതീവ തല്പരരായിരുന്നു. കീഴ്വായ്പൂര്, മല്ലപ്പള്ളി, പുന്നവേലി, നീലമ്പാറ, കതീഡ്റൽ, തിരുവല്ലാ, പള്ളം, എന്നീ ഏഴു ഗായകസംഘങ്ങൾ ഈ കയർ ഫെസ്റ്റിവലിൽ പങ്കെടുക്കുകയുണ്ടായി. കോട്ടകുഉഞ്ഞി, നെടുങ്ങാടപ്പള്ളി എഴുമറ്റൂർ എന്നീ ഇടവകകളിൽ നിന്നും ഗായകസംഘ നേതാക്കന്മാരും സന്നിഹിതരായിരുന്നു.

ഉച്ചതിരിഞ്ഞ് കൃത്യമണിക്കു സംഘടനയുടെ ഭരണസമിതി യോഗം കൂടുകയും 2-30-ന് ഫെസ്റ്റിവൽ ആരംഭിക്കയും ചെയ്തു. കയർ ഫെസ്റ്റിവൽ ഗായകസംഘങ്ങൾക്കു മാത്രമായിട്ടുള്ള പരിപാടിയാണെന്നുള്ള തെറ്റിധാരണ മൂലമാണെന്നു തോന്നുന്നു, ഇടവകാംഗങ്ങൾ ചുരുക്കമായേ സന്നിഹിതരായിരുന്നുള്ളൂ. റവ. എം. കെ. ജോർജ്ജ്, റവ. എം. സി ഈപ്പൻ, റവ. എം. എം. ജോൺ എന്നീ പട്ടക്കാർ ശ്രുശ്രൂഷയിൽ സംബന്ധിച്ചു. പതിവുപോലെ കാരോ ഗായകസംഘവും പ്രത്യേകം പ്രത്യേകമായും, എല്ലാവരും ചേർന്നു പാടിയതിനു ശേഷം റവ. എം. എം. ജോൺ തന്റെ വിദേശപര്യടനവേളയിൽ ഉണ്ടായ അനുഭവങ്ങളെ ആസ്പദമാക്കി സന്ദർഭോചിതവും വിജ്ഞാനപ്രദവുമായ ഒരു പ്രസംഗം ചെയ്തു. ലഘുഭക്ഷണത്തിനു ശേഷം അഞ്ചുമണിയോടുകൂടെ എല്ലാവരും പിരിഞ്ഞു.

മഹായിടവകയിലെ ആരാധനാസംഗീത പുരോഗതിക്കുവേണ്ടി സംഘടന ചെയ്യുന്ന പരിശ്രമങ്ങൾ ഫലവത്താണോ എന്നതിനൊരു തെളിവായിരുന്നു മല്ലപ്പള്ളി കയർ ഫെസ്റ്റിവൽ. മല്ലപ്പള്ളി, പുന്നവേലി, നീലമ്പാറ എന്നീ ഗായകസംഘങ്ങൾക്കു കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുകം അത്ഭുതപൂർവ്വമായ പുരോഗതി ഉണ്ടായിട്ടുണ്ട്. കിഴ്വായ്പൂരു ഗായകസംഘം അടുത്ത സമയത്തുമാത്രമാണ് സംഘടനാംഗങ്ങൾ ആയതെങ്കിലും, അവരും സാമാന്യം ഭേദമായി പാടുകയുണ്ടായി. കതീഡ്റൽ, പള്ളം, തിരുവല്ല എന്നീ ഗായകസംഘാംഗങ്ങളുടെ സാന്നിദ്ധ്യവും ഗാനാലാപനവും മറ്റുള്ളവർക്ക് കൃത്യോജനപ്രദമായിരുന്നു.

J. W. M.

വീണ്ടും ജനിച്ചവൻ ക്രമീയ അനുഭവങ്ങളിൽ വളർച്ച പ്രാപിക്കുമ്പോൾ തിരുവചനത്തിൽ കുടിയായിട്ട ഒന്നുംതന്നെ അവനു അനുഭവപ്പെടുകയില്ല. ഭൌതിക വാഞ്ഛിക്കും ലോകജ്ഞാനിക്കും ഇതു മനസ്സിലാക്കുകയില്ല. ഇതാണു വാസ്തവം. "കൃശിന്റെ വചനം നശിച്ചുപോകുന്നവക്കു ലോഭിതപ്പെടുന്ന നമുക്കോ ദൈവശക്തിയുമാകുന്നു (ഏകൊരി. ക. ഏവ). അതുകൊണ്ടു നമുക്കു ദൈവശാസ്ത്രീയമായ തിരുവെഴുത്തിനു അർഹിക്കുന്ന സ്ഥാനം നൽകുകയും അതിലെ വചനങ്ങൾ കാരോന്നും പരിശുദ്ധാത്മനിയോഗത്താൽ എഴുതപ്പെട്ട വചനങ്ങളാണെന്നു വിശ്വസിക്കയും ചെയ്യാം. പാപിക്കു രക്ഷയുള്ളു ഏകമാർഗ്ഗവും വിശ്വാസിക്കു ഉറപ്പു കൊടുത്തിട്ടുള്ള വാഗ്ദത്തങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. അതിനാൽ വിശുദ്ധ വേദപുസ്തകത്തിനുവേണ്ടി നമുക്കു ദൈവത്തിനു സ്തോത്രം ചെയ്യാം.

സണ്ടെസ്ക്കൂൾ കത്തു്

പ്രിയ സ്നേഹിതരെ,

ജൂൺമാസം 15-ാം തീയ്യതി (ഞായറാഴ്ച) ഇപ്പോണ്ടത്തെ ബാലജനപ്പെരുന്നാൾ ദിനമായി കൊണ്ടാടുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഇതിനകം എല്ലാ സ്ഥലങ്ങളിലും പുതിയ ആണ്ടത്തേക്കുള്ള ക്രമികരണങ്ങൾ ചെയ്യുകാണുമെന്നു വിശ്വസിക്കുന്നു. പെരുന്നാൾ പതിവുപോലെ മുൻകൂട്ടി പരസ്യം ചെയ്യ വേണ്ട ക്രമങ്ങളോടെ എത്രയും വിജയ പ്രദമായി നടത്തുമല്ലോ. അതിനുള്ള കഥയും ആരാധനാക്രമവും തക്കസമയത്തു അയച്ചു തരാം.

ഈയാണ്ടിൽ രണ്ടു സണ്ടെസ്ക്കൂൾ അദ്ധ്യാപകന്മാരെ മേലുകാവു ഡിസ്ട്രിക്ടിൽ നിന്നും കുന്നുർ അദ്ധ്യാപക പരിശീലനത്തിനായി അയച്ചു. മെയ് 2—20 വരെയായിരുന്നു പരിശീലനകാലം. അവരുടെ ചെലവിന്റെ പകുതിഭാഗം മേലുകാവു സണ്ടെസ്ക്കൂൾ യൂണിയനാണു വഹിച്ചതു്. ഇങ്ങനെയുള്ളവർക്കു മുൻഗണന കൊടുക്കുമെന്നു് വാർഷിക റിപ്പോർട്ടിൽ പരസ്യം ചെയ്തിരുന്നല്ലോ. ഇവരുടെ പരിശീലനം മേലുകാവു ഡിസ്ട്രിക്ടിൽ സണ്ടെസ്ക്കൂൾ പ്രവർത്തനത്തിനു വളരെ പ്രയോജനപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.

പുതിയതായി കഴിഞ്ഞ ആണ്ടിൽ ഏർപ്പെടുത്തിയ സണ്ടെസ്ക്കൂൾ രജിസ്റ്റർ ഇതുവരെയും 139 സണ്ടെസ്ക്കൂളുകളിൽ മാത്രമെ ഉപയോഗപ്പെടുത്തിയിട്ടുള്ളു എന്നു കണക്കുകളിൽ നിന്നു മനസ്സിലാക്കുന്നു. ശേഷമുള്ള 231 സണ്ടെസ്ക്കൂളുകളും അവയുടെ നടത്തിപ്പു് സംബന്ധിച്ചുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നില്ല എന്നല്ലെ ഇതിന്റെ അർത്ഥം. അതു വലിയ കഷ്ടമാണ്. ഒരു രജിസ്റ്ററിനു 5 ണ മാത്രമെ വിലയുള്ളു. മൂന്നുവർഷത്തേക്കു ഉപയോഗിക്കാം. അതുകൊണ്ടു് ഈ 231 സണ്ടെസ്ക്കൂളുകളും ഉടൻ തന്നെ അവ വാങ്ങി ഉപയോഗിക്കുന്നതിനു അതാതു സ്ഥലങ്ങളിലെ ഇടവകപ്പട്ടക്കാരും പ്രവർത്തകരും, സണ്ടെസ്ക്കൂൾ അദ്ധ്യാപകരും താൽപ്പര്യപ്പെടണമെന്നു അഭ്യർത്ഥിക്കുന്നു.

അവധിക്കാലത്തു പല സണ്ടെസ്ക്കൂൾ വാർഷികങ്ങളിൽ സംബന്ധിച്ചതിൽനിന്നും ചില കാര്യങ്ങൾ മനസ്സിലായി. അതിൽ ഒന്നു ഇപ്പോഴും കുട്ടികളുടെ സ്തോത്രകാഴ്ച അവർക്കു തന്നെ സമ്മാനം കൊടുക്കുന്നതിനും കാപ്പികൊടുക്കുന്നതിനും ഉപയോഗിക്കുന്നു എന്നുള്ളതാണ്. സ്തോത്രകാഴ്ച സമർപ്പിക്കുന്ന പ്രാർത്ഥനയുടെ തന്നെ വിരുദ്ധമല്ലെ ഈ നടപടി. കുട്ടികളുടെ സ്തോത്രകാഴ്ചയുടെ ഒരു നല്ല ഭാഗം നടിക്കുടെ വേലയുടെയും ശേഷമുള്ളതു മറ്റു സുവിശേഷപരമായ പ്രവർത്തനങ്ങൾക്കും കൊടുക്കയാണു വേണ്ടതെന്നു ഒന്നുകൂടെ ഓർമ്മിപ്പിച്ചു കൊള്ളട്ടെ. അതു തന്നെയാണു മൈലമ്പകെയുടെ വിശ്വാസവുതയും. വേറൊരു സംഗതി ഇപ്പോഴും ചില സ്ഥലങ്ങളിൽ സമ്മാനങ്ങൾ മുഴുവൻ സാധനങ്ങളായി കൊടുക്കുന്നു എന്നുള്ളതാണ്. അവയിൽ ചിലതു് അവിടെ വെച്ചു തന്നെ പൊട്ടിപ്പോകുന്നതും കണ്ടിട്ടുണ്ടു്. ഇതും ശരിയല്ല; വായന അറിയാവുന്ന ക്ലാസ്സുകളിലെങ്കിലും എല്ലാ സമ്മാനങ്ങളും പുസ്തകങ്ങളായി കൊടുക്കുന്നതിനു ശ്രദ്ധിക്കണമെന്നു അപേക്ഷിക്കുന്നു.

എന്നു്,

പമ്പ, 15-5-58. റവ. സി. ററി. മാത്യു, ജനറൽ സെക്രട്ടറി.

വാർത്തകളും കുറിപ്പുകളും

കോട്ടയം സി. എം. എസ്സ്. കോളജിൽ പുതിയ ഇംഗ്ലീഷ് പ്രഫസർ. അടുത്ത അദ്ധ്യയന വർഷത്തിൽ കോട്ടയം സി. എം. എസ്സ്. കോളജിൽ ഇംഗ്ലീഷ് പ്രഫസറായി ഇംഗ്ലണ്ടിൽ പ്രസിദ്ധമായ കീൻ ആൻസ് പബ്ലിക് സ്കൂളിന്റെ പ്രിൻസിപ്പാലായി പല വർഷങ്ങൾ ജോലി ചെയ്തിരുന്ന മിസ്റ്റർ ജോവാൻ എലിയറർ എം. എ. (കാക്സൻ) വന്നു ചേരുന്നതാണെന്നു അറിയുന്നു. മിസ്റ്റർ എലിയറർ എം. എ. ബിരുദത്തിനും പുറമേ ലാംബെത്ത് തിയളോജിക്കൽ ഡിപ്ലോമായും നേടിയിട്ടുണ്ട്. സി. എം. എസ്സ്. കോളജിൽ ഇംഗ്ലീഷ് ഐച്ഛികവിഷയമായി എടുക്കാൻ ആഗ്രഹമുള്ള വിദ്യാർത്ഥികളെ ഉദ്ദേശിച്ചു ആരംഭിക്കുന്ന ത്രിവത്സര ഡിഗ്രികോഴ്സിൽ മിസ്റ്റർ എലിയറർ, റവ. എ. ബാഗ്സ്തോ എം. എ. കാക്സനും പ്രഫസറന്മാരായിരിക്കുന്നതാണ്. വിദ്യാർത്ഥികൾക്കായുള്ള ലീഹോസ്റ്റലിന്റെ വാർഡൻ സ്ഥാനവും മിസ്റ്റർ എലിയറർ വഹിക്കുന്നതായിരിക്കും.

മിസ്സസ്സ് സി. കെ. ജയിക്കബ്. മദ്രാസിൽ സപുത്രനോടുകൂടി താമസിച്ചിരുന്ന മിസ്സസ്സ് സി. കെ. ജേയിക്കബ് ഏതാനും ദിവസങ്ങൾക്കുമുമ്പു മടങ്ങിവന്നു പള്ളത്തുള്ള സ്വഭവനത്തിൽ താമസിച്ചുവരുന്നു.

സ്ഥലംമാറ്റങ്ങളും പുതിയ നിയമനങ്ങളും. ഏപ്രിൽ ലക്കം മാസികയിൽ ചേർത്തിരുന്നതിനും പുറമേ താഴെപ്പറയുന്ന പുതിയ നിയമനങ്ങളും സ്ഥലംമാറ്റങ്ങളും നടപ്പിലാക്കിയിരിക്കുന്നു.

നല്ലാനിക്കുന്നു ഇടവക ഉപദേശി ആയിരുന്ന ശ്രീ എ. വി. ജോർജ്ജ് ബി. ഏ. യെ കൊറനാട്ടു ഇടവകയിലേക്കു സ്ഥലം മാറ്റുകയും, വൈദികപരിശീലനം കഴിഞ്ഞു വന്നിട്ടുള്ള ശ്രീ കെ. ജെ. ജോൺ, കെ. സി. ജോർജ്ജ് ബി. എസ്സ്സ്, വി. എം. ഡേവിഡ് ബി. ഏ, ജോൺ ഫിലിപ്പോസ് ബി. എസ്സ്സി, എം. എസ്സ്. ജോൺ എന്നിവർ യഥാക്രമം കുട്ടിക്കൽ, കാമ്പൂർ, വണ്ടിപ്പെരിയാർ, പീരുമേട് (സഞ്ചാരസുവിശേഷകൻ) കോതമംഗലം എന്നീ സ്ഥലങ്ങളിലേക്കു നിയമിതരായിരിക്കുന്നു.

യൂത്തുലീഗ് സെക്രട്ടറി. ശ്രീ കുരുവിള സി. ഏബ്രഹാം വിദേശപരിശീലനത്തിനായി പോയതു നിമിത്തം ഒഴിവു വന്ന യൂത്ത്ലീഗുസെക്രട്ടറി സ്ഥാനത്തേക്കു വൈദികപരിശീലനം കഴിഞ്ഞു വന്നിരിക്കുന്ന ശ്രീ പോത്താ ഫിലിപ്പ് ബി. എസ്സ്സി. യെ നിയമിച്ചിരിക്കുന്നു.

യൂത്തുകോൺഫറൻസ്. തന്നാണ്ടത്തെ യൂത്തുകോൺഫറൻസ് കോട്ടയം ബേക്കർ മെമ്മോറിയൽ ഹൈസ്കൂളിൽവച്ചു ഏപ്രിൽ 29-ാംനു മുതൽ മെയ് മൂന്നാം തിയ്യതിവരെയുള്ള ദിവസങ്ങളിൽ വിജയകരമായി നടത്തപ്പെട്ടു. ആകെ 150-ൽ പരം യുവതീയുവാക്കന്മാർ ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

ശ്രീ എ. വി. ജോർജ്ജ്. ഏതാനും ദിവസങ്ങൾക്കു മുമ്പു പെട്ടെന്നുണ്ടായ ഹൃദയാഘാതത്തിന്റെ ഫലമായി ഡോക്ടറന്മാരുടെ നിർദ്ദേശാനുസരണം വിശ്രമിച്ചുകൊണ്ടിരുന്ന മഹാഇടവക കൌൺസിൽ സെക്രട്ടറി ശ്രീ എ. വി. ജോർജ്ജ് സുഖം പ്രാപിച്ചു വരുന്നു എന്നു പ്രസ്താവിപ്പാൻ സന്തോഷമുണ്ട്.

മല്ലപ്പള്ളി ഡിസ്ട്രിക്ട് കപയർ ഫെസ്റ്റിവൽ. മെയ് മാസം 10-ാംനു ശനിയാഴ്ച മല്ലപ്പള്ളി ഹോളി ഇമ്മാനുവേൽ പള്ളിയിൽവച്ചു മല്ലപ്പള്ളി ഡിസ്ട്രിക്ടിലുള്ള ഗായകസംഘങ്ങളുടെ ഒരു സമ്മേളനം നടത്തപ്പെട്ടു.

പ്രതിദിന വേദവായനക്കുറിപ്പുകൾ—ജൂൺ 1958

൨൯. (ശ.) ൨രാജാ. ൪. ൫—൭൪. മൂന്നു അതിശയപ്രവൃത്തികൾ. (1) ശ്രുനേംകാരത്തിയുടെ മകനെ ജീവിപ്പിക്കുന്നു. "എലീശ വീട്ടിൽ വന്നപ്പോൾ" ശ്രുനേംകാരത്തിയുടെ സ്നേഹത്തിൻെറ പ്രതിഫലം ലഭിച്ചു. ശ്രുനേം, നയീൻ പട്ടണത്തിനു വടക്കെ അട്ടത്ത സ്ഥലമാണ്. നമ്മുടെ കർത്താവു നയീനിലെ വിധവയുടെ ഏകമകനെ ജീവിപ്പിക്കുന്നു (ലൂക്കൊ. ൭. ൧൪). ഇവ രണ്ടും താരതമ്യപ്പെടുത്തുമ്പോൾ എലീശ ഒരു മാസനെന്ന രീതിയിലും "ക്രിസ്തു അവൻെറ ഭവനത്തിനു അധികാരിയായ പുത്രൻ" എന്ന നിലയിലും പ്രവർത്തിക്കുന്നു (എബ്രാ. ൩. ൬). (2) ഉപദ്രവകരമായ ഒന്നു പ്രയോജനമുള്ളതാക്കുന്നു. (3) അല്പംകൊണ്ടു അനേകംപേരെ പോഷിപ്പിക്കുന്നു. നമ്മുടെ കർത്താവിൻെറ വേലയുടെ മുൻ സൂചനകൾ അല്ലേ ഇവ?

൨൰. (ഞാ.) ൨രാജാ. ൫. ൧—൧൪. ദൈവം തൻെറ കൃപയും ശക്തിയും പുറജാതി ലോകത്തിനു വെളിപ്പെടുത്തുന്നതിനു ഈ ചെറിയ പെൺകുട്ടിയെ ആയുധമാക്കിയെടുക്കുന്നു. അവൾ ദൈവത്തെ തൻെറ സ്രഷ്ടാവും പിതാവും കർത്താവും എന്നു അനുഭവിച്ചറിഞ്ഞിരുന്നു. ഒരു അടിമ പെൺകുട്ടിയ്ക്കു തൻെറ യജമാനൻെറ കഷ്ടതയിൽ സഹതപിക്കുന്നതിനു കഴിഞ്ഞു. എലീശയെ സ്നേഹവും അനുഗ്രഹവും നൽകുന്ന ദൈവശക്തിയുടെ ആയുധമായി അവൾ കരുതി. മഹാ വൈദ്യനായ ക്രിസ്തുവിനെ നാം മറ്റുള്ളവർക്കു സാക്ഷിക്കുന്നവരോ?

൩൰. (തി.) ൨രാജാ. ൫. ൧൫—൨൭. "ഞാൻ ഇപ്പോൾ അറിയുന്നു" (൧൫ വാ). ഈ സംഭവത്തിനു മുമ്പു നയമാൻ യിസ്രായേലിലെ ദൈവത്തെപ്പറ്റിയും ദൈവമാസനായ എലീശയുടെ പ്രവർത്തനത്തെപ്പറ്റിയും കേട്ടിരുന്നേയുള്ളൂ. എന്നാൽ ഇപ്പോൾ അവൻെറ ജീവിതത്തിൽ അതു യഥാർത്ഥമായി. അവൻെറ രോഗം മാറി, ജീവിതത്തിലെ പഴയ തഴക്കങ്ങളും വിഗ്രാഹാരാധനയും ഉപേക്ഷിച്ചു. അനുസരണമാണു ഇതിൻെറ കാരണം. "ദൈവത്തിൻെറ ഇഷ്ടം ചെയ്യാൻ ഇച്ഛിക്കുന്നവൻ അവനെ അറിയും." താൻ ആഗ്രഹിക്കുന്ന ഒരു സംഗതി ചെയ്യാൻ ദൈവം നമ്മോടു ആവശ്യപ്പെടുന്നു. നാം അവനെ അനുസരിക്കുമോ? സേനാപതിയുടെ കൃതജ്ഞത! ദൈവത്തിൽനിന്നു അനുഭവിക്കുന്ന അനുഗ്രഹങ്ങൾക്കു നാം നന്ദിയുള്ളവരോ?

൪൰. (ചൊ.) ൨രാജാ. ൬. ൮—൨൩. കോടാലി നഷ്ടപ്പെട്ട പ്രവാചകശിഷ്യനെപ്പോലെയല്ലേ ഇന്നത്തെ പ്രവർത്തകരിൽ അധിക പങ്കും? ആരംഭത്തിലുണ്ടായിരുന്ന താല്പര്യം നഷ്ടപ്പെട്ടുപോയി. പരിശുദ്ധാത്മ ശക്തിയില്ലെങ്കിലും പ്രസംഗിക്കുന്നതിനും ഭക്തി പ്രകടിപ്പിക്കുന്നതിനും സാദ്ധ്യമാണ്. എലീശാ പ്രവാചകൻ ചോദിക്കുന്നു "കോടാലി എവിടെ വീണു?" എന്നു, എവിടെ? ഏതു സാഹചര്യത്തിൽ നമ്മുടെ ശക്തി ക്ഷയിച്ചു എന്നു നാം അറിയുന്നുണ്ടോ? ഉണ്ടെങ്കിൽ നമുക്കു കർത്താവിനോടു പറയാം

൫൰. (ബു.) ൨രാജാ. ൯. ൧—൧൩. (1) "പോടിക്കേണ്ടാ" അരാം രാജാവി

മാന്യവരിക്കാരുടെ ശ്രദ്ധയ്ക്കു്. മുൻലക്കം മാസികയിൽ 1956-ലെ കുടിശ്ശിക വരിസംഖ്യ അയച്ചു തരാത്തവർക്കു ജൂലൈ മാസം മുതൽ തുടർന്നു മാസിക അയച്ചുകൊടുപ്പാൻ നിവൃത്തിയില്ലെന്നു അറിയിച്ചിട്ടുണ്ടല്ലോ. അതിനാൽ ജൂൺ 20-ാംതീയ്യതിക്കകമായി 1956-ലെ കുടിശ്ശികസംഖ്യകൾ അയച്ചുതരണമെന്നു വീണ്ടും അഭ്യർത്ഥിച്ചുകൊള്ളുന്നു. വരിസംഖ്യ തിരുനക്കരയുള്ള ഡയോസിസൻ ബുക്കുഡിപ്പോയിലോ, കോട്ടയം സി. എം. എസ്സ്. പ്രസ്സ് മാനേജരുടെ പേക്കോ അയച്ചുകൊടുക്കേണ്ടതാണ്. ജൂലൈ മാസത്തെ മാസികയുടെ അച്ചടി ആരംഭിക്കുന്നതിനു മുമ്പായി കുടിശ്ശിക ഇല്ലാത്തവരുടെ എണ്ണം വ്യക്തമായി അറിയേണ്ടുന്നതു അത്യാവശ്യമായതുകൊണ്ടാണ് ജൂൺ 20-ാംതീയ്യതിക്കകമായി കുടിശ്ശിക അയച്ചുതരണമെന്നു ആവശ്യപ്പെടുന്നതു്.

ന്റെ സൈന്യം സ്വന്തീയ സൈന്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏതുമില്ല "യഹോവയുടെ ഭൃത്യൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു" (സങ്കീ. ൩൪. ൭). കഷ്ടവും പ്രയാസവും നമുക്കു നേരിടാം. എന്നാൽ ദൈവസാന്നിദ്ധ്യബോധം നമുക്കു പ്രോത്സാഹജനകമാണ്. ഏതവസ്ഥയിലും "ഉഷ്ണന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം" എന്ന പരിച എടുത്തുകൊണ്ടു നില്പിൻ" (എഫെ. ൬. ൧൬). പരിച എന്നതു നമ്മുടെ വിശ്വാസം അല്ല; അതു നമ്മെ സംരക്ഷിപ്പാൻ മതിയായതല്ല, പിന്നെയോ ദൈവത്തിന്റെ വിശ്വസ്തതയത്രെ. അതു തന്റെ ജനങ്ങളെ പരിപൂർണ്ണമായി സൂക്ഷിക്കുന്നു. വിശ്വാസം എന്നതു ദൈവത്തിന്റെ വിശ്വസ്തതയോടുള്ള നമ്മുടെ മറുപടിയും അതിൽ നാം ശരണപ്പെടുന്നതുമാകുന്നു. (2) "അപ്പവും വെള്ളവും അവൾക്കു കൊടുക്കുക." തിന്മയ്ക്കു പകരം നന്മ. "നിന്റെ ശത്രുവിനു വിശക്കുന്നുവെങ്കിൽ അവനു തിന്മാൻ കൊടുക്ക, ദാഹിക്കുന്നുവെങ്കിൽ കുടിപ്പാൻ കൊടുക്ക" റോമ. ൧൨. ൨൦).

✓ കൊടു-. (വ്യാ.) ഭരാജാ. ന്യ. ഭൂ, ഭാ; ഉ. ക—കൈ. (1) "നാം ചെയ്യുന്നതു ശരിയല്ല" സഭാത്മാനം ലഭിച്ചപ്പോൾ അവർ ചുമതലയുള്ളവരായിത്തീരുന്നു. ഈ ചുമതല ക്രൈസ്തവരായ ഏവർക്കുമുണ്ട്. ദൈവത്തിന്റെ സഭാത്മാനം നാം മറ്റുള്ളവരെ അറിയിക്കേണ്ടതാണ്. (2) നേരം പുലരുംവരെ "രാത്രി കഴിവാറായി, പകൽ അടുത്തിരിക്കുന്നു" (റോമ. ൧൩. ൧൨). ഓരോരുത്തന്റെ ചുമതല ഇന്നവിധം നിറവേറ്റി എന്നു ആ ദിവസം തെളിയിക്കും (൧കൊരി. ൩. ൧൩). അന്ധകാരമയമായ ഈ ലോകത്തിൽ ഇപ്പോഴാണു സഭാത്മാനം ലോകത്തിനുള്ള പ്രധാന അവസരം.

കൊടു-. (വെ.) ഭരാജാ. ഉ. ൧൨—൨൦. യിസ്രായേൽമക്കളുടെ സൈന്യബലം വിജയത്തിനു അവരെ ഒരു വിധത്തിലും സഹായിച്ചില്ല. ജയിച്ചവാർത്ത ആഡംബരസമനിതമായി അറിയിച്ചില്ല. പുറംതള്ളപ്പെട്ട നാലു കുഷ്ഠരോഗികളായിരുന്ന സന്ദേശകർ. സുവിശേഷത്തിന്റെ ചില സത്യങ്ങൾ ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. (1) അതു പ്രവചിക്കപ്പെട്ടിരുന്നു. (2) അതു തികച്ചും ദൈവത്തിന്റെ പ്രവൃത്തിയാണ്. (3) തന്റെ ഹിതം നിറവേറ്റുന്നതിനു ദൈവം മനുഷ്യന്റെ ദുഷ്ടതപോലും ആയുധമാക്കിയെടുത്തു. (അപ്പൊ. പ്ര. ൫. ൪൧, ൪൭). (4) ദൈവത്തിന്റെ പ്രകൃത്യാതീതമായ വിടുതൽ നാം സ്വായത്തമാക്കി. അതിനനുസരിച്ചു ജീവിക്കുക.

✓ കൊടു-. (ശ.) ഭരാജാ. ൻ. ൧൪—൨൨. ആഹാബു ഗൃഹത്തെ നശിപ്പിക്കുന്നതിനു വേണ്ടി യേഹൂവിനെ അഭിഷേകം ചെയ്യുവാൻ ദൈവം ഏലിയാവിനോടു അരുളിച്ചെയ്തു. (൨രാജാ. ൯൯. ൧൬). ഇവിടെ ഏലീശയുടെ ആജ്ഞയാൽ അതു നിറവേറുന്നു. ഉപയോഗിക്കുന്നു. യേഹൂവിനെ ദൈവം തന്റെ ഉദ്ദേശസാദ്ധ്യത്തിനായി ഉപയോഗിക്കുന്നു. യേഹൂവിന്റെ കൈയ്യിൽ ഇരയായവർ യോരാം (ആഹാബിന്റെ പുത്രൻ) അഹസ്യാവു (ആഹാബിന്റെ പൌത്രൻ). ഈസബേൽ—പാപത്തിനു ആരേ വിധത്തിലുള്ള ശിക്ഷ എപ്പോഴും നാം കാണുന്നില്ല (൨രാജാ. ൯൪, ൩൦—൩൭). പക്ഷേ പാപത്തിനു ശിക്ഷ എന്ന പൊതുതത്വം നിശ്ചയമാണ്.

കൊടു-. (ഞാ.) ഭരാജാ. ൧൦. ൨൨—൩൧. യഹോവ യേഹൂവിന്റെ പ്രവൃത്തിയെ നീതീകരിക്കുന്നു (൩൦ വാ). പക്ഷേ അവൻ പ്രയോഗിച്ച മാർഗ്ഗത്തെയല്ല (ചതിവു). വിഗ്രഹാരാധനയെ ഉൻമൂലനാശം ചെയ്യുക എന്നതു എപ്പോഴും ദൈവത്തിന്റെ ഉദ്ദേശമാണ്. മറ്റെല്ലാ ബലിപീഠങ്ങളെയും ഇടിച്ചുകളഞ്ഞു യഹോവയ്ക്കു മാത്രമായി ഒരു ബലിപീഠം നമ്മുടെ ജീവിതത്തിൽ പണിയേണം. യേഹൂവിന്റെ തോൽവി ഇവിടെയായിരുന്നു. ബാലിന്റെ ആരാധന നശിപ്പിച്ചെങ്കിലും ദൈവനാമത്തിലുള്ള ആരാധനയ്ക്കു അവൻ പരിശ്രമിക്കുന്നില്ല. സകല പാപത്തിൽനിന്നും അനുതാപവും തന്നെ ആരാധിക്കുന്നതിനു പൂർണ്ണഭക്തിയും ദൈവം നമ്മിൽനിന്നു ആഗ്രഹിക്കുന്നു.

കൊന്നു-. (തി.) ഭരാജാ. ൧൧. ൧—൧൦, യെഹോശേബ യെഹോയാദാ പുരോഹിതന്റെ

ഭാര്യയായിരുന്നു. (൨൭൫൩. ൨൨. ൬൬). അവർ യഥാർത്ഥമായ രാജാവായ യോരാമിന്റെ മകനും അഹസ്യാവിന്റെ സഹോദരിയും ആയിരുന്നു. അതുകൊണ്ടു അവൾ എല്ലാ രാജകുമാരന്മാരെയും വധിച്ചിരുന്നെങ്കിൽ യഹോശേബ കിരീടാവകാശിനിയായേനേ. എന്നാൽ അവൾ അതു കാംക്ഷിച്ചില്ല. അവൾക്കു ഒരു മകൻ ഉണ്ടായിരുന്നിട്ടുപോലും ഇപ്രകാരം പ്രവർത്തിച്ചതിനാൽ നിസ്വാർത്ഥതയുടെയും സ്വാമിഭക്തിയുടെയും മാതൃകയായി അവളെ നമുക്കു കാണാവുന്നതാണ്. തന്റെ ജീവനും കിരീടത്തിനും യെഹോവാശ് ദൈവഭക്തരായ ഈ ദമ്പതികളോട് കടപ്പെട്ടവനായിരുന്നു. പക്ഷെ അവൻ അതു മറന്നുപോയി (൨൭൫൩. ൨൪. ൨൨). യെഹോയാദാ പുരോഹിതന്റെയും ഭാര്യയുടെയും വിശ്വസ്തതമൂലമാണു ദൈവം ദാവീദിനോടു ചെയ്ത വാഗ്ദത്തം (൨ശമൂ. ൭. ൧൬) നിറവേറുന്നതിനു ഉടയായത്. അവരെപ്പോലെ നാമും "വിളിക്കപ്പെട്ടവരും തെരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരും" (വെളി. ൧൭. ൧൪) ആയിക്കാണപ്പെടുമോ?

൧൯. (൨ദിന.൨൨.൧൧—൨൩. യെഹോവാശിന്റെ രക്ഷകർത്താവായ യെഹോയാദാ സ്വാർത്ഥപരമായി ഒന്നും ചെയ്യുന്നില്ല. അവന്റെ ലാക്കു ദൈവനാമമഹിമയും രാജത്വത്തിന്റെ നന്മയും സത്യമാർഗ്ഗം പുനരുദ്ധരിക്കയും ആയിരുന്നു. ഇക്കാലത്തും ഈ വിധത്തിലുള്ള ആളുകളെ ദൈവം നമ്മുടെ മദ്ധ്യേ അയയ്ക്കുന്നുണ്ട്. ഇപ്പോൾ മറഞ്ഞിരിക്കുന്നവനെങ്കിലും ഇനിയും രാജാധിരാജനായി പ്രത്യക്ഷപ്പെടാനിരിക്കുന്ന ദാവീദുവംശജനായ നമ്മുടെ കർത്താവിന്റെ കിരീടധാരണദിവസം നാം അവന്റെ പക്ഷത്തു കാണപ്പെടണമെങ്കിൽ സ്വാമിഭക്തിയോടും ധൈര്യത്തോടും ക്ഷമയോടുംകൂടെ അവന്റെ വരവിനായി കാത്തിരുന്നു പ്രവർത്തിക്കണം.

൨൧൯. (ബൃ.) ൨രാജാ. ൨൨. ൧—൨൭. മറുജീവരുടെ സ്വാധീനശക്തിമൂലം ജീവിതം ക്രമപ്പെടുത്തുന്നതിനു ഒരുദ്ദാഹരണമായിരുന്നു യെഹോവാശ്. യെഹോയാദാ ജീവിച്ചിരുന്നേടത്തോളം അവൻ ദൈവഭക്തിയുള്ള ഒരു രാജാവായിരുന്നു. അതിന്റെശേഷം ബേൽശേബക്കാരത്തിയായ തന്റെ അമ്മയുടെ സ്വാധീനത്തിനു വശംവദനാകുന്നു. ബേൽശേബ വിഗ്രഹാരാധനയുടെ കേന്ദ്രമായിരുന്നു (ആമോ. ൫. ൫). മറുജീവരുടെ സ്വാധീനത്തിനനുസരിച്ചു മാത്രമാണോ നാം ഭക്തരായി ജീവിക്കുന്നതു? "കർത്താവിലും അവന്റെ അമിതബലത്തിലും ശക്തരായിട്ടുവിൻ."

൨൦൯. (വ്യാ.) ൨രാജാ. ൧൩. ൧൪—൨൫. (1) യിസ്രായേൽരാജാവായ യോവാശ് ദുഷ്ടനായ ഒരു രാജാവായിരുന്നെങ്കിലും എലീശയുടെ മരണക്കിടക്കയിൽ, രാജ്യത്തെ നടത്തുവാൻ ഇനി ആരുമില്ലല്ലോ എന്നു വ്യസനിക്കുന്നു. അപ്പോൾ എലീശാ, താൻ കടന്നു പോകുമെങ്കിലും ദൈവദാസനും യിസ്രായേലിനെ സംരക്ഷിച്ചു വിജയത്തിലേക്കു നടത്തുമെന്നു രാജാവിനെ മനസ്സിലാക്കുന്നു. അമ്പു മൂന്നുപ്രാവശ്യം മാത്രം നിലത്തിട്ടടിച്ചതിനാൽ അരാമിന്മേലുള്ള തന്റെ ജയത്തിനു യോവാശ് അതിരു കല്പിച്ചു എന്നു എലീശാ പറയുന്നു. യോവാശിന്റെ അപൂർണ്ണമായ വിശ്വാസത്തെ എലീശാ ശാസിക്കുന്നു. ദൈവകൃപയ്ക്കു തടസ്സമായിരിക്കുന്നതു നമ്മുടെ അപൂർണ്ണവിശ്വാസം അത്രേ. (2) മരണാനന്തരവും യഹോവയുടെ ശക്തിയുള്ള ആയുധമായി എലീശാ തീരുന്നു (൨൪ വാ). ഈ സംഭവം എലീശാ ദൈവത്തിന്റെ ദാസനും വക്താവും എന്നതു സ്ഥിരീകരിക്കുന്നതായിരുന്നു. മരണശേഷവും ദൈവനാമം മഹത്വപ്പെടേണ്ടതിനു നമ്മുടെ സ്വാധീനവും ശക്തിയും കാരണമായിത്തീരുമോ?

൨൦൯. (വെ.) ൨രാജാ ൧൨. ൧—൨൦. അമസ്യാവു ബുദ്ധിമാനായിരുന്നെങ്കിലും പൂജാഗിരികളെ നീക്കം ചെയ്തില്ല ഏദോമിന്മേലുള്ള ജയം അവനെ നിഗളിയാക്കുന്നു. ജയിച്ചതു തന്റെ പരാക്രമംകൊണ്ടും ബുദ്ധികൊണ്ടും ആണെന്നു വിചാരിച്ചു അവൻ യിസ്രായേൽരാജാവായ യെഹോവാശിനെ വെല്ലുവിളിക്കുന്നു. അവൻ ദൈവത്തെ മഹത്വീകരിക്കയോ അവനു നന്ദി കാണിക്കയോ ചെയ്തില്ല. അങ്ങനെ അവന്റെ "വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി" (റോമ. ൧. ൨൧). തന്നെത്താൻ പുകഴ്ത്തിയതു അവന്റെ നാശത്തിനു ഹേതുവായിത്തീർന്നു. (1) നമ്മുടെ ജീവിതത്തിൽ വിഗ്രഹാരാധനയുടെ സ്ഥാനമുണ്ടോ? (2) വിജയം ദാനമായി ലഭിക്കുമ്പോൾ നാം നിഗളിച്ചുപോകുന്നുണ്ടോ? (3) ദൈവത്തിന്റെ കരുണയ്ക്കായി നാം അവനോടു നന്ദിയുള്ളവരോ?

൨൯൯. (ശ.) ൨രാജാ. ൧൫. ൨൧—൨൯. യെരോബെയാം രണ്ടാമൻ ബി. സി. 785 മുതൽ 745വരെ യിസ്രായേലിൽ വാണു. വടക്കേ രാജ്യത്തിലെ ഏറ്റവും ജയാളിയായ യോദ്ധാവു യെരോബെയാം ആയിരുന്നു. രാജ്യത്തിന്റെ അതിർത്തി അരാം രാജ്യംവരെയും അശ്ശൂർവരെയും ആക്കി. യെരോബെയാം യഹോവക്കു അനിഷ്ടമായുള്ളതു ചെയ്തു; യിസ്രായേൽ യഹോവയെ വിട്ടു അന്യദേവന്മാരെ ആരാധിച്ചു എന്നിട്ടും അവരെ രക്ഷിക്കുന്നതിനു യഹോവ യെരോബെയാമിന്റെ കൈകളെ ശക്തിപ്പെടുത്തി. (൨൫ വാ). നാം പാപികളായിരിക്കുമ്പോൾ നമ്മെ രക്ഷിപ്പാൻ തന്നെത്താൻ ഏൽപ്പിച്ചുകൊടുത്ത ഒരു കർത്താവു നമുക്കുണ്ടു.

൨൯൯. (ഞാ.) ൨രാജാ. ൧൭. ൨൩—൨൯. ബി. സി. 721-ൽ പത്തുഗോത്രത്തിലുള്ള സകലരേയും അടിമകളാക്കി അശ്ശൂരിലേക്കു കൊണ്ടുപോയി. ഇതിന്റെ കാരണം രാജാക്കന്മാരുടെയും ജനങ്ങളുടെയും മതത്യാഗവും വിഗ്രഹാരാധനയും ആയിരുന്നു. ഉപദ്രവം വിട്ടുതിരിയുന്നതിനു യഹോവ പ്രവാചകന്മാർ മുഖാന്തിരം യിസ്രായേലിനെ ഉൽബോധിപ്പിച്ചു. ദൈവം ഒരു വ്യക്തിയെയോ രാഷ്ട്രത്തെയോ തന്റെ ദീർഘക്ഷമയെപ്പറ്റി മനസ്സിലാക്കാതെ ഒരിക്കലും ഉപേക്ഷിക്കയില്ല. ദൈവീകകൃപയും അറിവും പ്രാപിപ്പാനുള്ള വിലയേറിയ പല അവസരങ്ങൾ നഷ്ടപ്പെടുത്തിയതുകൊണ്ടു യിസ്രായേൽ ഭയങ്കരശിക്ഷാവിധിക്കു അർഹരായി. യിസ്രായേലിനേല്പുള്ള വിധി യഹൂദക്കു ഒരു പാഠമായിരുന്നു. ദൈവത്തിനു മുഖപക്ഷം ഇല്ലാത്തതിനാൽ യിസ്രായേലിന്റെ ശിക്ഷയിൽ യഹൂദയും ഒഴിവാകയില്ല. നമ്മുടെ രാജ്യം പാപത്തിൽനിന്നും മോചിക്കപ്പെട്ട കർത്താവിന്റെ പാദപീഠത്തിലേക്കു വരുന്നതിനു നമുക്കു പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്യാം. അതാണു സാക്ഷാൽ സ്വാമിഭക്തിയും സ്വരാജ്യസ്നേഹവും.

൨൯൯. (തി.) ൨രാജാ. ൧൨. ൨൦—൨൧. ശമര്യയിൽനിന്നു കൊണ്ടുപോയിരുന്ന (൨൧ വാ) പുരോഹിതൻ ലേവ്യഗോത്രക്കാരൻ ആകാൻ നിവൃത്തിയില്ല. അതിനാൽ അവൻ ഉപദേശിച്ച "യഹോവയെ ഭജിക്കേണ്ടവിധം" വടക്കേ രാജ്യത്തു സർവ്വസാധാരണമായിരുന്ന വിഗ്രഹാരാധനയായിരിക്കണം. ക്രമേണ വിഗ്രഹാരാധനയുടെ കേന്ദ്രമായ ബെഥേലിലാണ് അശ്ശൂരിൽനിന്നു വന്ന ഈ പുരോഹിതൻ വാസം ഉറപ്പിക്കുന്നതു. "എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ടു എത്ര വലിയതു" (മത്താ. ൬. ൨൩).

൨൯൯. (ചൊ.) ൨രാജാ. ൧൭. ൨൯—൩൫. ദൈവം തനിക്കായി തിരഞ്ഞെടുത്ത യിസ്രായേൽ മക്കൾക്കു ചുറ്റുമുള്ള പുറജാതി ലോകത്തിനു കൊടുക്കുവാൻ വിഗ്രഹാരാധനയല്ലാതെ വേറൊന്നും ഇല്ല എന്ന അവസ്ഥയിൽ എത്തിച്ചേർന്നു. എലീശായുടെ കാലശേഷം പ്രയോജനകരമായി യഹോവയ്ക്കു സാക്ഷി നില്ക്കുന്നതിനോ അവനായി മറ്റുള്ളവരെ സ്വാധീനപ്പെടുത്തുന്നതിനോ കഴിവുള്ള ഒരാൾ ഇല്ലായിരുന്നു. യഹോവയുടെ കല്പനലംഘിച്ചു ലേവ്യഗോത്രത്തിൽ നിന്നല്ലാതെ പുരോഹിതന്മാരെ നിയമിച്ചു. "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ പ്രമാണിപ്പിൻ." സ്നേഹിക്കുന്നു എന്നു സ്വയം തൃപ്തിപ്പെടുത്തുന്നതിനു അഗാധമായ ഒരു ആഗ്രഹം ഇല്ലാത്തിടത്തോളംകാലം അതു സാക്ഷാൽ സ്നേഹമല്ല. ഞാൻ എന്റെ കർത്താവിനെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടോ?

൨൯൯. (ബു.) ൨രാജാ. ൧൮. ൯—൧൨. യിസ്രായേൽ രാജ്യം അവസാനിച്ചു. താമ്രസർപ്പം യഹോവയ്ക്കും ജനങ്ങൾക്കും മദ്ധ്യേ സ്ഥാനം പിടിച്ചു. അതുകൊണ്ടു അതു മാറേറണ്ടിവന്നു. ഒരു സംഗതി എത്ര വിശുദ്ധമായാലും അതു നമുക്കും ദൈവത്തിനുമിടയിൽ സ്ഥാനം പിടിച്ചാൽ ദൈവവുമായുള്ള ആഭിമുഖ്യബന്ധം നഷ്ടപ്പെടുന്നതിനും വിഗ്രഹാരാധനയായിത്തീരുന്നതിനും ഇടയാകും. സഭാപ്രവർത്തകർ പ്രസംഗത്തിനും ആരാധനയ്ക്കും സക്രമെന്തുകർമ്മം അമിതപ്രാധാന്യം കൊടുത്തു ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം പാലിക്കാതിരുന്നേക്കാം. ദൈവത്തെ ഉപേക്ഷിച്ചു യിസ്രായേൽമക്കൾ ആരാധനാസ്ഥലങ്ങൾക്കും വിശുദ്ധ കായ്ഞ്ഞൽകൾക്കും കൂടുതൽ ശ്രദ്ധ പതിപ്പിച്ചതിനാലാണ് പല പ്രാവശ്യവും ആക്രമിക്കപ്പെട്ടതു. ക്രിസ്തീയമാർഗ്ഗം ഗുരുവും ശിഷ്യനും തമ്മിലുള്ള ഒരു ആഭിമുഖ്യബന്ധമത്രേ (യോഹ. ൧൫. ൫). "ആരും അവനോടു തുല്യനായിരുന്നില്ല" (൫ വാ). കാരണം ഹിസ്കിയാവും ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമായിരുന്നു.

൨൩൯. (വ്യാ.) ൨രാജാ. ൧൮. ൧൯—൨൩. ഹിസ്കിയാവു ദൈവഭയമുള്ളവൻ ആയിരുന്നു. അവൻ ദൈവത്തിൽ വിശ്വസിക്കയും അവനെ അനുസരിക്കയും ചെയ്തിട്ടും പ്രയാസങ്ങളിൽനിന്നും കഴിവാക്കപ്പെട്ടിരുന്നില്ല. ദൈവം തന്റെ കുഞ്ഞുങ്ങളെ സ്വഭാവരൂപീകരണത്തിനായി കഷ്ടങ്ങളിലും പ്രയാസങ്ങളിലുംകൂടെ നടത്തുന്നു എന്നു സൻഹെരീബിന്റെ ആക്രമണത്തിൽ നിന്നും നമുക്കു മനസ്സിലാക്കാം. ഇങ്ങനെയുള്ള പരിശോധനകൾ സ്വാഭാവികമാണ്. ഹേതു ആകുന്നു. എന്നാൽ ദൈവം ഉദ്ദേശിക്കുന്നതു നാം അടുത്തുപ്പിടിയിലേക്കു വരുന്നതിനുള്ളതാണ് (എബ്രാ. ൧൨. ൭—൧൧;)

൨൩൯. (വെ.) ൨രാജാ. ൧൮. ൧൯—൩൬; ൟൻ. ൧—൪. സൻഹെരീബിന്റെ ഭീഷണിയും അവന്റെ രണ്ടാമത്തെ വെല്ലുവിളി ഗൗരവമുള്ളതും വ്യാമോഹജനകവും ആയിരുന്നു. ഹിസ്കിയാവിനു ഒരു അഭയസ്ഥാനം മാത്രം—യഹോവ, (സങ്കീ. ൪൬. ൧) ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിബന്ധങ്ങൾ നാം ദൈവത്തിങ്കലേക്കു തിരിയുന്നതിനാണ്. പ്രയാസങ്ങൾ ഇല്ലെങ്കിൽ നാം ദൈവത്തെ മറന്നു കളയുന്നു. ഹിസ്കിയാവു ദൈവത്തെ ഏറ്റവും അടുത്തു പരിചയപ്പെട്ടുന്നതിനാൽ തന്നെ സമീപിക്കുന്നതിനു അവനു ഒരു പ്രയാസവും ഉണ്ടായില്ല, ദാവീദിനെപ്പോലെ "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു" (സങ്കീ. ൧൬. ൮) എന്നു പറയുവാൻ നമുക്കു സാധിച്ചിരുന്നെങ്കിൽ!

൨൩൯. (ശ.) ൨രാജാ. ൧൯. ൩—൭൦. ദൈവദൂഷണം പറഞ്ഞും ഭീഷണിപ്പെടുത്തിയും ഉള്ള കത്തെഴുത്തു സൻഹെരീബു ഹിസ്കിയാവിനു അയയ്ക്കുന്നു. അവൻ അതു ദൈവസന്നിധിയിൽ കൊണ്ടുചെന്നു വിടുത്തു പ്രാർത്ഥിക്കുന്നു. പരിശോധനയുടെ നടുവിൽ വിശ്വാസത്തെ തെളിയിക്കുന്ന ഒരു പ്രാർത്ഥനയത്രേ ഇതു. (1) വിശ്വാസത്തിന്റെ സങ്കേതം. ഹിസ്കിയാവു ദൈവത്തിന്റെ പരിജ്ഞാനത്തിൽ തന്നെത്തന്നെ ഏല്പിക്കയും ഭാരം മുഴുവൻ അവന്റെ തോളിൽ ഇടുകയും ചെയ്യുന്നു. (2) വിശ്വാസത്തോടുകൂടിയ കേണപേക്ഷ. സൻഹെരീബു ആക്ഷേപിച്ച ജീവനുള്ള ദൈവത്തിന്റെ ബഹുമാനവും സ്വാധികാരവും വീണ്ടുകൊടുക്കുന്നതിനു ഹിസ്കിയാവു അവനോടു അപേക്ഷിക്കുന്നു. (3) വിശ്വാസത്തിൽ കൂടെയുള്ള വിടുതൽ (൧൫—൧൯ വാ).

൨൩൯. (ഞാ.) ൨രാജാ. ൨൦. ൧—൧൧. ഹിസ്കിയാവിനു രോഗം പിടിച്ചപ്പോൾ പതറിപ്പോലെ അവൻ പ്രാർത്ഥിക്കുന്നു. യഹോവ അവന്റെ കണ്ണുനീർ കണ്ടു അവനെ സൌഖ്യമാക്കി. ജീവൻ നല്കുന്നതും എടുക്കുന്നതും ദൈവം മാത്രമാണ്. സൌഖ്യമായാലും ഇല്ലെങ്കിലും "നിന്റെ ഇഷ്ടം ചെയ്യപ്പേടണമേ" എന്നായിരിക്കണം പ്രാർത്ഥന. ദൈവം നമ്മുടെ അധീനത്തിൽ നല്കിത്തന്നിട്ടുള്ള സൌഖ്യമാക്കുന്നതിനുള്ള ഉപാധികൾ ഉപേക്ഷിക്കരുതെന്ന വിലയേറിയ പാഠം ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു (൨ വാ). സാധാരണ നിലയിൽ ദൈവശക്തി പ്രവർത്തിക്കുന്നതു താൻ നല്കിത്തന്നിട്ടുള്ള ഈ ഉപാധികളിൽക്കൂടെയാണ്. സൌഖ്യമായാൽ ഹിസ്കിയാവു ചെയ്യുന്ന ആദ്യത്തെ പ്രവൃത്തി എന്തെന്നു യഹോവയ്ക്കു അറിയാമായിരുന്നു (൩ വാ). നമ്മുടെ ആരോഗ്യം നാം ദൈവനാമമഹിമയ്ക്കുവേണ്ടി ഉപയോഗിക്കുന്നുണ്ടോ?

൨൩൯. (തി.) ൨രാജാ. ൨൦. ൧൨—൨൧. നീട്ടിക്കൊടുക്കുന്ന ആയുസ്സു അനുഗ്രഹകരമാകണമെന്നില്ല. ഹിസ്കിയാവു നിഗളിച്ചു ബാബേൽ രാജാവുമായി കൂട്ടുകെട്ടു ഉണ്ടാക്കുന്നതിനു തന്റെ ഭണ്ഡാരഗൃഹം മുഴുവനും അവനെ കാണിക്കുന്നു. യഹൂദാരാജ്യം മുഴുവനും അവസാനമായി പിടിച്ചടക്കുന്നതു ബാബേൽ രാജാവാണു, ദൈവഭയമുള്ള ഹിസ്കിയാവിനു ഐശ്വര്യമുള്ള കാലം കഷ്ടകാലത്തേക്കാൾ അപകടകരമായിരുന്നു. പലപ്പോഴും നമ്മുടെ ജീവിതത്തിൽ ഇപ്രകാരമല്ലേ?

ജൂലായി ൧൯. (ചൊ.) ൨രാജാ. ൨൧. ൧—൨൬. മനശ്ശെ യഹോവയ്ക്കു അനിഷ്ടമായുള്ളതു ചെയ്തു. ഭക്തരായ മാതാപിതാക്കന്മാർ ഉണ്ടെന്നുള്ളതു മാത്രം ഒരുവനെ ഭക്തനാക്കിത്തീർക്കുന്നില്ല. മാതാപിതാക്കന്മാർക്കു കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ കഴിവുറ്റതു ചെയ്യാൻ സാധിക്കുമെന്നുള്ളതു ശരിയാണ്. എന്നാൽ രക്ഷ അവരവർ തന്നേ അനുഭവമാക്കേണ്ടതത്രേ; അശ്ശൂർ രാജാവു മനശ്ശെയെ പിടിച്ചു ബാബേലിലേക്കു കൊണ്ടുപോയി, അവിടെ

വെച്ചു അവൻ അനുതപിച്ചു. അശ്ശൂർ രാജാവിനു അവനോടു കരുണയുണ്ടായി രാജത്വം അവനു തിരികെ കൊടുത്തു (2 ദിനവൃ. 33. 11—13) പിന്നാറെക്കു തന്റെ യഥാസ്ഥാനപ്പെടുത്തുവാനും സ്വീകരിപ്പാനും എപ്പോഴും കരുതുമുള്ള ഒരു ദൈവമത്രേ നമുക്കുള്ളതു.

2 രാജാ. 21. 1—18. (ബു.) യെരൂശലേമിൽ യഹോവെക്കു ഇഷ്ടമായുള്ളതു ചെയ്തു. മാതാപിതാക്കന്മാർ ദുഷ്ടന്മാർ ആയിരുന്നാൽ തന്നെയും മകൻ അപ്രകാരം ആകണമെന്നില്ല എന്നു ഹിസ്കീയാവും യോശിയാവും നമ്മെ പഠിപ്പിക്കുന്നു. യോശിയാവു ചെറുപ്പത്തിൽ തന്നെ ദൈവത്തിനായി തീരുമാനം എടുത്തു (2 ദിനവൃ. 34. 3) അവൻ ആലയത്തിന്റെ അറകൾ വൃത്തിയാക്കുവാൻ തുടങ്ങിയപ്പോൾ ന്യായപ്രമാണപുസ്തകം കണ്ടുകിട്ടിയതു അവന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട സംഭവം ആയിരുന്നു. ആത്മീകനില അധഃപതിക്കുമ്പോൾ തിരുവചനത്തിനു സ്ഥാനമില്ലാതെയാകുന്നു. യോശിയാവു് അവനു ലഭിച്ച വെളിച്ചത്തിനനുസരണമായി ജീവിച്ചതുകൊണ്ടു ആവശ്യമായ പൂർണ്ണ വെളിച്ചം ലഭിക്കുന്നു. ദൈവവചനത്തിനു നമ്മുടെ ജീവിതത്തിലുള്ള സ്ഥാനമെന്തു?

2 രാജാ. 22. 1—23. 30. (വ്യാ.) രാജാ. 22. 8—10. ന്യായപ്രമാണ പുസ്തകം വായിച്ചുകേട്ടപ്പോൾ യോശിയാവിന്നു ഭീതിയും വ്യസനവും ഉണ്ടായി. ദൈവനിയമം വിട്ടു രാജ്യം വളരെ അകന്നുപോയെന്നും അതിനുള്ള ശാപം കഠിനമെന്നും അവൻ ഗ്രഹിച്ചു. ദൈവവചനത്തിന്റെ വെളിച്ചത്തിൽ പാപത്തിന്റെ ഭയങ്കരതയെയും കഴിഞ്ഞു മാറാൻ പാടില്ലാത്ത ന്യായവിധിയെയും പററി അവൻ മനസ്സിലാക്കി (എബ്രാ. 9. 27) യോശിയാവു ദൈവവചനം താഴ്മയോടെ കൈക്കൊള്ളുകയും ഏറ്റുപറഞ്ഞു അനുതപിക്കയും ചെയ്തു (2 തിമൊ 3). ദൈവശിക്ഷ വ്യവസ്ഥാപിതമാണ്. അനുതപിച്ചാൽ അതിൽ നിന്ന് മോചനം പ്രാപിക്കാം. ഉടനെ പാപം ചെയ്തു ജീവിക്കുന്നവർ ശിക്ഷയിൽനിന്ന് ഒരു വിധത്തിലും കഴിഞ്ഞുമാറാൻ പാടില്ലാത്ത ഒരു പരിതസ്ഥിതിയിൽ എത്തിച്ചേരുന്നു. യഹൂദന്മാർ ഈ നിലയിൽ ആയിത്തീർന്നു. എന്നാൽ സത്യമായി അനുതപിക്കയും വിനയപ്പെടുകയും ചെയ്യുന്നവരെ ദൈവം ഒരിക്കലും ഉപേക്ഷിക്കുന്നില്ല.

2 രാജാ. 23. 29, 30. (വെ). രാജാ 22. 8—20. രാജ്യത്തിനു ഭയങ്കര ശിക്ഷാവിധി ഉണ്ടാകാൻ പോകുന്നു എന്നു അറിഞ്ഞപ്പോൾ വിഗ്രഹാരാധനയെ ഉൻമൂലനാശം ചെയ്യുന്നതിനു യോശിയാവു ഒരുമ്പെട്ടു. രാജാവും ജനങ്ങളും ദൈവത്തോടു വിശ്വസ്തരായിരിക്കുമെന്നു ഒരു ഉടമ്പടി ചെയ്തു. അങ്ങനെ സീനായിമലയിലെ ഉടമ്പടി പുതുക്കപ്പെട്ടു. അതിനുശേഷം ദിനംതോറുമുള്ള ജീവിതം ക്രമീകരിക്കേണ്ടിയിരുന്നു. എന്നാൽ താമസിയാതെ തന്നെ അവർ പിന്നാറെത്തിലേക്കു പോയി. ഭക്തനായ യോശിയാവു ആത്മാർത്ഥമായി പ്രവർത്തിച്ചെങ്കിലും അവരുടെ ഹൃദയം വ്യാപരിപ്പെടുത്തുവാൻ അവനു കഴിഞ്ഞില്ല. ഇന്നു ഏതു് രീതിയിലും ആത്മാവിലുമാണ് നാം ദൈവവുമായി ഉടമ്പടി ചെയ്യുന്നതു? അധരംകൊണ്ടു് മാത്രമോ?

2 രാജാ. 24. 1—25. 30. (ശ.) രാജാ. 24. 2—20. ഭയവും ക്ഷീണവും വകവെക്കാതെ വിഗ്രഹാരാധനയെ മുഴുവൻ ഇല്ലാതെയാക്കുന്നതിനു യോശിയാവു ഒരുമ്പെട്ടു. ഉഗ്രമായ ഒരു ശസ്ത്രക്രിയയായിരുന്നു അതു—ഉപദ്രവകരമായ സകലതും ശരീരമായ രാജ്യത്തിൽ നിന്നു നീക്കം ചെയ്യുക. ആത്മീകമണ്ഡലത്തിലും ഈ ശസ്ത്രക്രിയ ആവശ്യമത്രേ. ബെഥേലിൽ കാണുന്ന ജ്ഞാപകസ്തംഭം ദുഷ്ടതയുടെ മദ്ധ്യത്തിൽ ഏകനായി ദൈവത്തിനു സാക്ഷ്യം വഹിച്ച അജ്ഞാതനായ പ്രവാചകന്റെതു് ആയിരുന്നു. നാം ശരിയായി സാക്ഷ്യം വഹിക്കുമെങ്കിൽ ദൈവം തന്റെ ഭാഗത്തുള്ളതു നിവർത്തിക്കും. സാക്ഷ്യം വഹിച്ചതിനനുസരണമായി ന്യായവിധി നാളിൽ ബഹുമാനമോ അപമാനമോ ലഭിക്കും (യോഹ. 3. 18).

2 രാജാ. (ഞാ.) രാജാ. 24. 2—20. യോശിയാവു യഹോവയുടെ ന്യായപ്രമാണം പരിപൂർണ്ണമായി അനുസരിച്ചു (2 ദിന വൃ). അവൻ അവിചാരിതമായി കൊല്ലപ്പെട്ടതു. ദൈവകോപം യഹൂദാരാജ്യത്തിൽ നിന്നും മാറ്റുകയുണ്ടായിരുന്നു. വലിയ ക്ഷേത്രമായ ആളുകളെക്കൊണ്ടുപോലും ഹൃദയം കഠിനപ്പെട്ടുപോയ ആളുകളെ രക്ഷിപ്പാൻ സാധിക്കയില്ല എന്ന് യഹൂദയുടെ നാശം നമ്മെ പഠിപ്പിക്കുന്നു.

കുടുംബപ്രിയവാദിനി

മഹാഇടവക യുവതീസമാജം

പ്രിയ സഹോദരികളെ,

രണ്ടുമൂന്നു മാസത്തെ അവധിക്കുശേഷം നമ്മുടെ യുവതീസമാജ അംഗങ്ങളിൽ ചിലർ, ഒരു പുതിയ ക്ലാസ്സിൽ കയറിയതിന്റെ സന്തോഷം ഉള്ളവരും, ചിലർ തങ്ങൾ ഇനിയും എന്തു ചെയ്യേണമെന്നു നിശ്ചയമില്ലാതെയും മറ്റു ചിലർ തോൽവിമൂലം നിരാശപ്പെട്ടവരും ആയിരിക്കുമല്ലോ. ഈ മൂന്നു കൂട്ടർക്കും ഒരുപോലെ ദൈവത്തിന്റെ അനുഗ്രഹം ആവശ്യമായതുകൊണ്ടു നമുക്കു കരുണ ലഭിപ്പാനും തൽസമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടു കൃപാസനത്തിനു അടുത്തുചെല്ലാം. എല്ലാവർക്കും സന്തോഷകരവും അനുഗ്രഹപ്രദവുമായ ഒരു സ്കൂൾവർഷം നേർന്നുകൊള്ളുന്നു.

ഈ അവധി സമയങ്ങളിൽ പല സ്ഥലങ്ങളിലേയും യുവതീസമാജങ്ങളുടെ വാർഷികം നടന്നതിൽ സന്തോഷം ഉണ്ട്. അതിനുവേണ്ടി പ്രവർത്തിച്ച സമാജ അംഗങ്ങളോടും ഇടവകപ്പട്ടക്കാരോടും ഉള്ള നന്ദിയെ രേഖപ്പെടുത്തികൊള്ളുന്നു. കാനം യുവതീസമാജം, അംഗങ്ങൾ കുറവെങ്കിലും കഴിഞ്ഞാരുമിച്ചുള്ള പ്രവർത്തനംനിമിത്തം ആത്മികമായും, സാമ്പത്തികമായും ഉയരാൻ സാധിക്കുമെന്നുള്ളതിനു ഉദ്ദാഹരണമാണ്. അവർ പഠിച്ച ബൈബിൾ ക്ലാസ്സിനെ അടിസ്ഥാനപ്പെടുത്തിയുള്ള പരീക്ഷയിൽ വിജയികളായവർക്കു സമ്മാനങ്ങൾ നല്കി എന്നുള്ളതു നമ്മുടെ എല്ലാ സമാജങ്ങൾക്കും അനുകരിക്കത്തക്കതാണ്. കഴിഞ്ഞമാസത്തിൽ വാഴൂർ, പൊൻകുന്നം, കാനം, കണിയാമ്പാറ, കൊല്ലാട എന്നീ സ്ഥലങ്ങളിൽ പോകുവാൻ സാധിച്ചു.

St. Monicas,
Kanakkary, Ettumanur.

A. C. MARIAMMA,
Girls' Guild Secretary

ബഥേൽ കുറിപ്പുകൾ

മദ്ധ്യവേനൽ അവധി കഴിഞ്ഞു ബഥേൽ ആശ്രമം വീണ്ടും ജൂൺ 2-ാംനു (D. V.) തുറന്നിരിക്കുന്നു. ആശ്രമത്തിൽ ക്രിസ്തീയ കുടുംബപരിശീലനവും ക്രിസ്തീയ പ്രവർത്തനപരിശീലനവും നടക്കുന്നതാകുന്നു. E. S. L C. കഴിഞ്ഞു ഭാവിയിൽ എന്തു ചെയ്യണമെന്നു ആലോചിക്കുന്നവർ ഇവയിൽ വന്നു സംബന്ധിക്കുന്നതു ഭാവിയിൽ പ്രയോജനമായിരിക്കുമല്ലോ. മാതാപിതാക്കളും ഇതേപ്പറ്റി ചിന്തിക്കണമെന്നു അപേക്ഷിക്കുന്നു.

ബഥേൽ കൊമ്മണിറ്റി സ്കൂളിൽ 125 കുട്ടികളെ 4 കോട്ടെജുകളിലായി അവരുടെ കോശസ്ഥിതി അനുസരിച്ചു താമസിപ്പിച്ചു പഠിപ്പിക്കുന്നതിനും (D. V.) നിശ്ചയിച്ചിരിക്കുന്നു. വളരെ പ്രത്യാശയുള്ള ഒരു ജോലി ആകുന്നു ഇതു.

"Home of peace"ന്റെ പറമ്പിൽ ഉണ്ടായിരുന്ന പഴയ കെട്ടിടം പുതുക്കി വ്യായാമപ്പെടുത്തി നന്നാക്കുകയും പുതിയ കെട്ടിടങ്ങളിൽ ഒന്നാമത്തേതു പണിതു വരുകയും ചെയ്യുന്നു. ഈ സംഗതിയിൽ ഉള്ള വിവിധ തരത്തിലുള്ള ദൈവനടത്തിപ്പു കാണ്മാൻ ദൈവത്തെ സ്തുതിക്കുന്നു. ജലവിതരണത്തിനുള്ള വേലയും ആരംഭിക്കേണ്ടതാകുന്നു.

ശാഖകളിൽ, കല്ലട, പറക്കാൽ ഈ രണ്ടു സ്ഥലത്തും അല്പ ഭേദഗതികൾ നടത്തേണ്ടതുണ്ട്. നടത്തിപ്പിനായി പ്രാർത്ഥിക്കുമല്ലോ.

തിരുവനന്തപുരത്തു സെനാനാമിക്ക്യൻ നടത്തിയിരുന്ന തൈക്കാട്ടുള്ള ഹോസ്റ്റലും സുവിശേഷപ്രവർത്തനവും സഭാപ്രവർത്തനവും ബഥേൽ ആശ്രമത്തിന്റെ ഒരു ശാഖയായി അംഗീകരിക്കണമെന്നുള്ള അഭ്യർത്ഥന അനുസരിച്ചു അതിന്റെയും ആത്മിക കൂട്ടായ്മയിലും ആലോചനയിലും ബഥേൽ ആശ്രമത്തിനു ചുമതലയുണ്ട്. കൂടുതൽ ആശ്രയത്തിനും പ്രാർത്ഥനക്കുള്ള വഴി ആണല്ലോ ഇതു.

സിസ്റ്റർ ഏലിയാമ്മ കേർവാറയിൽചെന്നു താമസം ഉറപ്പിച്ചു ഭാഷ പഠിക്കയും വേല മനസ്സിലാക്കിവരുകയും ചെയ്യുന്നു. ഇപ്പോൾ അവിടെ ഭയങ്കര ക്ഷാമം പൊടിയും ആകുന്നു എന്നാണു അറിവു്. ശരീരസുഖത്തിനായും ആത്മിക നിലനില്പിനും പുരോഗമനത്തിനുമായി പ്രാർത്ഥിക്കേണമേ.

ബഥേൽ ആശ്രമമിപ്പോൾ ഒട്ടു താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. ഭയവായി സ്ത്രീകൾ എല്ലാവരും അതു വായിച്ചോ, വായിച്ചു കേട്ടോ അറിയുന്നതിനു ഇട ആകുണമേ.

SISTER RACHEL JOSEPH.

ബഥേൽ ആശ്രമം

"നാം എത്രനാളായി ബഥേലിനെ സഹായിച്ചു വരുന്നു; ഇനിയും കുറെ നിർത്തരുതോ" എന്നു ഒരു താലൂക്കുകാരൻ സ്ത്രീ ചോദിച്ചതായി കേട്ടു. അതു വെളിപ്പെടുത്തുന്നതു പുതിയ തലമുറയിലുള്ളവർക്കു ബഥേലിന്റെ ആരംഭശത്തെ കുറിച്ചും ഉദ്ദേശത്തെക്കുറിച്ചും വേണ്ട അറിവില്ല എന്നാണല്ലോ. അതുകൊണ്ടു അവയെപ്പററി ചുരുക്കമായി എഴുതണമെന്നു വിചാരിക്കുന്നു.

കുന്നാമതു ബഥേൽ വേല ആരംഭിച്ചതു വിശ്വാസനിലപാടിൽ ആയിരുന്നു. സി. എം. എസ്സിനോടു സഹായം ആവശ്യപ്പെടുകയോ അവരെ ആശ്രയിക്കയോ ചെയ്തുതെന്നും, ഈ നാട്ടിലെ സ്ത്രീകൾ സ്വമേധയാ കൊടുക്കുന്ന ദാനങ്ങളാലും ദൈവം മനസ്സുണർത്തി മററു ജനങ്ങളെക്കൊണ്ടു കൊടുപ്പിക്കുന്ന ദാനങ്ങളാലും വേല നടത്തണമെന്നാകുന്നു നിശ്ചയിച്ചിരുന്നതു്. അങ്ങനെ ലഭിക്കുന്ന ദാനങ്ങളെ അനുസരിച്ചു പിരുപിരുപ്പുകൂടാതെയും ആവലാതിക്കുടാതെയും, ബഥേലിൽ ദൈവം വിളിച്ചുവരുത്തുന്ന വേലക്കാർ ദൈവത്തിൽ തങ്ങളുടെ ആശ്രയപ്രതി ആശ്രയവും വിശ്വാസവുംവെച്ചു ജീവിച്ചു പ്രവർത്തിച്ചു പോരണമെന്നും ആകുന്നു. ആ കാരണത്താൽ ആകുന്ന ബഥേൽവേലയ്ക്കായി Assessment ഓ നിർബന്ധവരുമാനപദ്ധതികളോ ഇല്ലാത്തതു്. ബഥേലിനത്തിൽ സ്വമേധയാ നടത്തുന്ന പിരിവുകൾ സ്തോത്രത്തോടെ സ്വീകരിക്കയും ചെലവഴിക്കയും ആകുന്നു പതിവു്.

ദൈവത്തിന്റെ വിശ്വസ്തത ഇന്നുവരെയും അനുഭവിച്ചു വരുകയും ചെയ്യുന്നു. അതുകൊണ്ടു ബഥേൽ സന്ധിപ്പു നിർത്താവുന്ന കുന്നല്ല എന്നു ഓർക്കണമേ.

ബഥേൽപ്രവർത്തകർ തങ്ങളുടെ അവസ്ഥയെപ്പററി ആവലാതിപ്പെടുകയേ പിരുപിരുക്കയോ ചെയ്യുന്നില്ലെങ്കിലും വെളിയിൽനിന്നു പ്രവർത്തക്കുന്ന ചിലർക്കു ഇവിടുത്തെ ശമ്പളം നിരക്കു എന്താണു ഇതു മോശമായിരിക്കുന്നതു എന്ന ചോദ്യം ഇല്ലാതില്ല. മുമ്പേ ദൈവത്തിന്റെ രാജ്യവും അതിന്റെ നീതിയും അന്വേഷിക്കുന്നവർക്കു അതോടുകൂടെ സകലവും ലഭിക്കും എന്ന വാസ്തവം ഞങ്ങൾക്കു അനുഭവപ്പെടുന്നു.

'കരുതൽ ദൈവം ജീവിക്കുന്നു എന്നതിനു സാക്ഷ്യമായി ഈ സ്ഥാപനം എന്നും കാണപ്പെടേണമെ' എന്നു പ്രാർത്ഥിച്ചുകൊണ്ടു എഴുതുന്നതു.

SISTER EDITH NEVE,
RACHEL JOSEPH.

സ്ത്രീജനസഖ്യ വാർത്തകൾ

പൂവത്തൂർ ഇടവകയിലെ മാതൃസംഘജൂബിലി മഹോത്സവം

പൂവത്തൂർ ഇടവകയുടെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു ദിവസമാണു മെയ് രണ്ടാം തീയതി. അന്നേദിവസം രാവിലെ മുതൽ തന്നെ സമ്മേളനസ്ഥലമായ കുന്നന്താനം സഭയിലേക്കു പ്രസ്തുത ഇടവകയിലെ അമ്മമാർ ജൂബിലിഗാനാലാപത്തോടുകൂടി കൂട്ടമായി വന്നുചേർന്നുകൊണ്ടിരുന്നു. ഇടവകപ്പട്ടക്കാരൻ എം. കെ. കുര്യൻ

അച്ചൻ അവർകൾ നടത്തിയ വിശുദ്ധസംസ്ക്കാരശ്രൂഷയാണ ജൂബിലിസമ്മേളനത്തിന്റെ പ്രാരംഭമായി നടന്നതു്. അനന്തരം നടന്ന പൊതുയോഗത്തിന്റെ അദ്ധ്യക്ഷസ്ഥാനം നിവ്വഹിപ്പാൻ വന്ദ്യ ശ്രീ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയെ ലഭിച്ചതു് എല്ലാ പ്രകാരേണയും സമ്മേളനത്തെ ധന്യമാക്കുക തന്നെ ചെയ്തു. സ്തോത്രഗീതത്തിന്റെയും പ്രാർത്ഥനയുടെയും പിന്നാലെ മിസ്സസ്സ് ഐ. കെ. ചാക്കോയുടെ സവിസ്തരമായ സ്വാഗത പ്രസംഗത്തോടുകൂടി പരിപാടികൾ ആരംഭിച്ചു. മാതൃസംഘസംഘടനയുടെ സജീവ പ്രവർത്തകരും ബഹുമാന്യരുമായ മിസ്സസ്സ് എം. വി. ജോർജ്ജ് മിസ്സസ്സ് തോമസ് ചെറിയാൻ എന്നിവരുടെ കൂട്ടായ്മയും പ്രസംഗങ്ങളും തികച്ചും പ്രയോജനകരമായിരുന്നു. കുട്ടികളുടെ ഇടയ്ക്കിടെയുണ്ടായിരുന്നതു് യോഗങ്ങളുടെ ഉണർവ്വിനു സഹായിച്ചു. മിസ്സസ്സ് എം. കെ. കുഞ്ഞന്റെ സമുചിതമായ കൃതജ്ഞതാപ്രസംഗത്തോടുകൂടി പൊതുയോഗപരിപാടികൾ അവസാനിച്ചു. പ്രസ്തുത ദിവസത്തെ ഭക്ഷണനിവ്വഹണത്തിനും ഗാനങ്ങളുമായി സ്ഥലം സഭാപ്രവർത്തകൻ കെ. സി. ജോർജ്ജ് അവർകളും കുടുംബവും എല്ലായും സന്തോഷത്തോടെ ചെയ്ത സേവനം വിസ്മരിക്കാവുന്നതല്ല. മാതൃസംഘജൂബിലി ആഘോഷിക്കുന്നതിനു മറുഇടവകകളെ അപേക്ഷിച്ചു മുന്നാമതായി തുനിഞ്ഞതു പൂവത്തൂർ ആണെന്നുള്ളതു പ്രശംസനീയം തന്നെയാണ്. എന്നു തന്നെയുമല്ല ജൂബിലിസ്മാരകഫണ്ടിൽ തങ്ങളുടെ വീതാംശം വീഴ്ച കൂടാതെ കൊടുക്കുന്നതു സാദ്ധ്യമെന്നു കാണിപ്പാൻ തക്കവണ്ണം അന്നത്തെ ശുശ്രൂഷാസമയം തന്നെ 200-ൽ പരം രൂപാ അപ്പിക്കയുണ്ടായി. മക്കളുടെ പേരു് എഴുതി അയച്ചതിന്റെ ഫലമായി രണ്ടുപേർ തങ്ങളുടെ അമ്മമാർക്കു കാരോ വർഷത്തിനു കാരോ രൂപാ കണക്കിനു് 50 രൂപാ വീതം അയച്ചുകൊടുത്തതും അന്നു സമർപ്പിച്ചു. എല്ലാ ഉപസഭകളും തങ്ങളുടെ കഴിവനുസരിച്ചു് ഇതിൽ പങ്കെടുത്തതും സന്തോഷാവഹമാണ്. അങ്ങിനെ നമ്മുടെ മാതൃസംഘജൂബിലി വളരെ അനുഗ്രഹകരമായി നടക്കും എന്നതിനു ഇതു ഒരു സൂചനയായി പരിഗണിക്കാം.

ജൂബിലിസംബന്ധമായി ഓർക്കേണ്ട സംഗതികൾ

ജൂബിലിസ്മാരക ഫണ്ടിലേക്കു പിരിക്കുന്ന പണം അതാതു സ്ഥലത്തെ ജൂബിലി ആഘോഷത്തിനു ചെലവിടാതെ പ്രത്യേകം സൂക്ഷിക്കണം. പൊതുവായുള്ള ജൂബിലിമഹോത്സവത്തോടു നാം കുറെ കൂടി സമീപിച്ചതിനാൽ എല്ലാ ഇടവകകളും വിശേഷിച്ചും ഇതു വരെയും ഇതിനായി ഒരു പരിശ്രമവും ചെയ്തിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗത്തിൽ ഇതിനായി ശ്രദ്ധവെക്കുമെന്നു ആശിക്കുന്നു. 50-ാം വർഷ ജൂബിലി കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ തങ്ങളുടെ അമ്മമാരോടുള്ള സ്നേഹബഹുമാനാദികൾ പ്രമാണിച്ചു അൻപതോ അതിലപ്പുറമോ രൂപാ അമ്മമാരുടെ പേരു് അയച്ചുകൊടുക്കാൻ സന്നദ്ധതയും കഴിവുമുള്ള എത്ര എത്ര മക്കളാണു നമുക്കുള്ളതു്!!

മാതൃസംഘപ്രാർത്ഥന. ഈ ജൂബിലി വർഷത്തിൽ എല്ലാ അമ്മമാരും മാതൃസംഘപ്രാർത്ഥന മനഃപാഠമാക്കുകയും ദിനംതോറും അതു പ്രാർത്ഥിക്കയും ചെയ്താൽ നല്ലതാണ്.

അടൂർ ഇടവക മാതൃസംഘ വാർഷികം

അടൂർ ഇടവക മാതൃസംഘ വാർഷികം പതിവുപോലെ മെയ് 10-നു ശനിയാഴ്ച, അടൂർ വെച്ചു നടത്തപ്പെട്ടു. ഇടവകപ്പട്ടക്കാരൻ ബഹുമാനപ്പെട്ട എം. ജെ. ഈപ്പൻ അച്ചൻ അവർകൾ വിശുദ്ധസംസ്ക്കാരശ്രൂഷ നടത്തി പ്രസ്തുത വർഷിക കൂട്ടായ്മ ആരംഭിച്ചു. തുടർന്നു നടന്ന യോഗങ്ങൾ, കച്ചേരി, എന്നിവയും ശേഷം സന്തോഷമായിത്തന്നെ പര്യവസാനിക്കയും ചെയ്തു. മാതൃസംഘം വകയായി കേന്ദ്രത്തിലേക്കു അടയ്ക്കേണ്ട തങ്ങളുടെ വീതാംശത്തുകകളും വാർഷികത്തോടുകൂടെ തങ്ങൾ കൊടുത്തു വരുന്നു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

യഹോവയിങ്കലേക്കുള്ള നോട്ടം

കുട്ടികൾ ഒരു പുതിയ സ്ക്കൂൾവർഷാരംഭത്തിലേക്കു പ്രവേശിച്ചിരിക്കുന്നതു് അമ്മമാരെയും ഏറെക്കുറെ ബാധിച്ചിട്ടുണ്ടല്ലോ. കുട്ടികളുടെ പഠിത്തം, ജോലി, താമസം, പണം ഇവയോരോന്നും ഓരോവിധത്തിൽ പ്രശ്നങ്ങളായിത്തീർന്നിട്ടുണ്ടാവാം. ആശാവഹമായ വിധം ഒന്നും കാണാതെ കഴയുന്നവരും ഉണ്ട്. താഴെപ്പറയുന്ന സന്ദർഭങ്ങൾ കാപ്പിച്ചു കൊള്ളട്ടെ.

പുറകോട്ടു നോക്കുമ്പോൾ. "ഏബൻ-ഏസ്സർ" ശമു. ൭. ൧൨ (ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു).

മുമ്പോട്ടു നോക്കുമ്പോൾ. "യഹോവ-യിരെ" ഉല്പ. ൨൨. ൧൪ (യഹോവ കരുതിക്കൊള്ളും).

മുകളിലേക്കു നോക്കുമ്പോൾ. "യഹോവ-നിസ്സി" പുറ. ൧൭. ൧൫ (യഹോവ എന്റെ കൊടി).

ചുറ്റും നോക്കുമ്പോൾ. "യഹോവ ശലേം" ന്യായാ. ന്യ. ൨൧ (യഹോവ സമാധാനം അയയ്ക്കുന്നു). S. T.

സ്ത്രീജന സമന്ധ സുവിശേഷസംഘം

കോട്ടയം—ഏറ്റുമാനൂർ എന്നീ കൌൺസിലുകളിലെ സ്ത്രീജനസുവിശേഷ സംഘയോഗങ്ങൾ യഥാക്രമം ഉച്ച, ഏറ്റുമാനൂർ എന്നീ സഭകളിൽ വെച്ചു ഭംഗിയായി നടന്നിരിക്കുന്നു. ഇടവകപ്പട്ടക്കാരുടെ സഹായ സഹകരണം എന്നു മാത്രമല്ല ഇതിൽ പങ്കെടുക്കുന്നതിനു ഓരോ സ്ഥലത്തെയും സ്ത്രീകളിൽ കാണുന്ന പ്രത്യേക താല്പര്യം വളരെ പ്രോത്സാഹജനകമാണ്. സുവിശേഷ വേലയിൽ കൂടുതൽ താല്പര്യം ഉളവായിക്കൊണ്ടിരിക്കുന്നതിനു ഈ യോഗങ്ങൾ മഹായിടവകയിലെങ്ങും ഒരു അനുഗ്രഹമായിത്തീരുമെന്നു ആശിക്കാം.

A. Kurien.

സഭപ്രവർത്തകരുടെ ഭാര്യമാക്കായി നടന്ന പ്രത്യേക ക്ലാസ്സുകൾ

ഏപ്രിൽ 23-ാം തീയതി മുതൽ 26 വരെയുള്ള ദിവസങ്ങളിൽ മഹാ ഇടവക സഭാപ്രവർത്തകരുടെ ഭാര്യമാരെ ഉദ്ദേശിച്ചു പ്രത്യേക ക്ലാസ്സുകൾ ബുക്കാനാൻ പാഠശാലയിൽ വെച്ചു നടത്തുന്ന വിവരം എല്ലാ ഇടവകകളെയും മുൻകൂട്ടി അറിയിച്ചതനുസരിച്ചു അവ അനുഗ്രഹകരമായി നടക്കുന്നതിനു സാധിച്ചു. റവ. സി. റ്റി. മാത്യു, റവ. സി. റ്റി. ജോൺ, റവ. ജോസഫ് മാത്യു, റവ. പി. ജെ. ജോജ്ജ്, മിസ്റ്റർ കോരുള ജോൺ, മിസ്സസ്സ് കോരുള ജോൺ മിസ്റ്റർ ചാണ്ടപ്പിള്ള, മിസ്സ് ചേച്ചമ്മ ജോർജ്ജ്, മിസ്സ് എൻ. റ്റി. ചാച്ചിയമ്മ, മിസ്സ് പി. വി. അന്നമ്മ, മിസ്സസ്സ് ഐ. കുഞ്ഞൻ, മിസ്സസ്സ് തോമസ് ചെറിയാൻ, മിസ്സ പി. സി. അന്നാമ്മ, മിസ്സ് സി. എം. ശോശാമ്മ, മിസ്സ് ആലിസ് മാണി എന്നിവരെല്ലാം ഏറ്റം പ്രയോജനകരമായ പാഠങ്ങൾ, പ്രബോധനങ്ങൾ എന്നിവയാൽ ഇതിനു സഹായിച്ചവരാണ്. മൂന്നാറിൽ പരം സഭകളെ ഉദ്ദേശിച്ചതിൽ ഇവയിൽ പങ്കെടുത്തതു് 19 സഭകൾ മാത്രമാണെന്നു പറയുന്നതിൽ അല്പമല്ലാത്ത ഖേദം ഉണ്ട്. വേനൽ അവധി സമയം ആത്മീയമായും ശാരീരികമായും ഉള്ള വിശ്രമത്തിനും അനുഗ്രഹത്തിനുമായി വേർതിരിച്ചു ലഭിച്ച ഈ നല്ല സന്ദർഭം നഷ്ടപ്പെടുത്തിയതു പലരാണെല്ലോ. 19 സഭകൾ ഏവയെന്നു പറയുന്നതു ഉചിതമാണെന്നു തോന്നുന്നതിനാൽ അവയുടെ പേരുകൾ കൂടി പ്രസ്താവിക്കട്ടെ.

കുമ്പനേടം, കാടമുറി, മാറിയാൻകുന്ന്, കിടങ്ങന്നൂർ, പ്രയാർ, തെക്കേ ചെങ്ങളം, തീപ്പിനി, കാവാലച്ചിറ, കലവൂർ, കാഞ്ഞിരപ്പാറ, പ. മീനടം, എരികാട്ട്, നാലുന്നാക്കൽ, വേളൂർ, കല്ലുമല, മഠത്തുശ്ശേരി, വാരിക്കാട്ട്, മാതാ, തുരുത്തി. S. T.

സുവിശേഷഭാഷിണി

പറക്കാൽ മിഷ്യൻ വാർത്തകൾ

ഏപ്രിൽ മാസം 28-ാംനു- മുതൽ മെയ് 4-ാംനു- വരെ ഈ മിഷ്യൻ വയലിലുള്ള പ്രവർത്തകരായ ഞങ്ങൾ കൂന്നിച്ചു ഇവിടെയുള്ള പല ഗ്രാമങ്ങൾ സന്ദർശിച്ചു സുവിശേഷം അറിയിക്കുകയുണ്ടായി. ഞങ്ങളോടുകൂടെ മൂന്നു ബോർഡിങ്ങ് കുട്ടികളും രണ്ടു യുവാക്കന്മാരും ആ ആഴ്ച മുഴുവനും, മറ്റു ഗ്രാമങ്ങളിലുള്ള ചില യുവാക്കന്മാർ ചില ദിവസങ്ങളിലും ഞങ്ങളോടുകൂടെയുണ്ടായിരുന്നു. മിഷ്യനറി അയ്യശാരികി (അച്ചൻ അവർകൾക്കു) നല്ല സുഖമില്ലാഞ്ഞതിനാൽ ഈ പ്രാവശ്യം ഞങ്ങളോടുകൂടെ വരുന്നതിനു സാധിച്ചില്ല. എങ്കിലും അദ്ദേഹം ഉണ്ടാക്കിതന്ന കായ്യപരിപാടി അനുസരിച്ചു തങ്ങൾ ഓരോ ദിവസവും പല ഗ്രാമങ്ങളിൽ ചെന്നു സുവിശേഷം അറിയിച്ചു.

ഓരോ ഗ്രാമങ്ങളിലും ഞങ്ങൾ പ്രവേശിച്ചപ്പോൾ പാട്ടുപാടിക്കൊണ്ടു ആ ഗ്രാമത്തിലുള്ള വീഥികളിൽ കൂടെ സഞ്ചരിക്കുകയും പിന്നീടു തക്കതായ ഒരു സ്ഥലത്തു ചെന്നു നിന്നു സുവിശേഷം പ്രസംഗിക്കുകയും ആണ് ചെയ്യുപോന്നതു. രാത്രിയിൽ കഥാകാലക്ഷേപം വഴിയായും ചെറിയ നാടകങ്ങൾ മൂലമായും സുവിശേഷം ഘോഷിച്ചു നാട്ടി. പുരുഷന്മാരും സ്ത്രീകളും കുട്ടികളും അനേകർ ഓരോ ഗ്രാമത്തിലും വന്നു വളരെ താല്പര്യത്തോടും നിശ്ശബ്ദമായും സുവിശേഷം കേട്ടുകൊണ്ടിരുന്നു. ഒരു ഗ്രാമത്തിൽ കമ്മൂണിസ്റ്റ് ആണെന്നു ഭാവിക്കുന്ന ഒരു യൗവനക്കാരൻ വന്നു ചില അലോഹ്യങ്ങൾ ചെയ്യുന്നതിനു ശ്രമിച്ചു. ദൈവം എന്ന ഒരാൾ ഇല്ലെന്നും യേശു പുരാതന കാലത്തു ജീവിച്ചു പല നല്ല കായ്യങ്ങൾ ചെയ്തു ഒരു ആൾ മാത്രമാണെന്നും മറ്റും പറഞ്ഞു ആ കൂട്ടത്തിൽനിന്നു പോകുകയുണ്ടായി. എന്നാൽ വചനം കേട്ടുകൊണ്ടിരുന്ന വേറൊരാൾ ഉടനെ എഴുന്നേറ്റുനിന്നു ബിംബങ്ങളെ ആരാധിക്കുന്നതു ഭോഷത്വമാണെന്നും ഈ ആളുകൾ ഘോഷിക്കുന്ന യേശുക്രിസ്തു അത്രെ സത്യ ദൈവം എന്നു സാക്ഷി പറകയുണ്ടായി.

ആ ആഴ്ചയിൽ ഇരുപത്തിരുന്നു ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു സാധിച്ചു. ആകെ രണ്ടായിരത്തിഅഞ്ഞൂറിൽ പരം ആളുകൾ സുവിശേഷം കേട്ടു. അനേക സുവിശേഷ പ്രതികളും ലഘുപത്രങ്ങളും വിതരണം ചെയ്യുകയുണ്ടായി. "രംഗാപുരം" എന്ന ഗ്രാമത്തിലെ മാല ജാതിയിൽപെട്ട ആളുകളും "വരിക്കോൽ" എന്ന ഗ്രാമത്തിലെ മാദിഗാജാതിയിൽപെട്ട ആളുകളും തങ്ങൾക്കു ഓരോ പ്രവർത്തകരെ ആക്കിക്കൊടുത്തു സുവിശേഷം പഠിപ്പിക്കണമെന്നും തങ്ങൾ ക്രിസ്ത്യാനികൾ ആകുവാൻ ആഗ്രഹിക്കുന്നു എന്നും വളരെ ഉത്സാഹത്തോടുകൂടെ ഞങ്ങളെ അറിയിക്കുകയുണ്ടായി.

ഈ സംവത്സരം മേൽ പറഞ്ഞ ഈ രണ്ടു ഗ്രാമങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി പ്രവർത്തിക്കണമെന്നാഗ്രഹിക്കുന്നു.

ഞങ്ങൾക്കുവേണ്ടി നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥന പ്രത്യേകം അഭ്യർത്ഥിച്ചു കൊള്ളുന്നു.

എന്നു്

Parakal,
(Via) Kazipet C. Ry,
17-5-1958.

ആർ. ദേവപ്രിയം,
(തെലുങ്കപ്രവർത്തകൻ).

ഈ മാസം ആരംഭത്തിങ്കൽ കാട്ടിറപ്പള്ളി എന്ന ഗ്രാമത്തിൽ ക്രിസ്ത്യാനികൾ താമസിച്ചുകൊണ്ടിരുന്ന ആ ഭാഗത്തുള്ള ഒരു വീടിനു ഒരു ദിവസം മദ്ധ്യാഹ്നസമയത്തു തീ പിടിക്കുകയും 29 വീടുകൾ കൂന്നിച്ചു നശിച്ചുപോകയും ചെയ്തു. ആ സമയത്തു നല്ല കാറുണ്ടായിരുന്നതിനാൽ പെട്ടെന്നു തീ വ്യാപിച്ചു ഒരു മണിക്കൂറിനകം എല്ലാം കൂന്നിച്ചു ചാമ്പലാകുകയാണ് ഉണ്ടായതു. അവർക്കു യാതൊന്നും തന്നെ വീടുകളിൽനിന്നു എടുത്തു മാറ്റുന്നതിനു സാധിക്കാതെ പോയി. ചിലർ സൂക്ഷിച്ചുവെച്ചിരുന്ന നെല്ലു, ചിലരുടെ ചോളം മറ്റു ധാന്യങ്ങൾ ഇവയെല്ലാം കരിക്കട്ടയായിതന്നു. അവരിപ്പോൾ വളരെ കഷ്ടതയിൽ

കൂടെ കടന്നുപോകുന്നു. അപ്പോൾ ധരിച്ചിരുന്ന വസ്ത്രം അല്ലാതെ മറെറാന്നും അവക്കു പ്പോൾ ഇല്ല.

കാട്ടിറപള്ളിക്കു അടുത്തു കാട്ടു ഉണ്ടായിരുന്നതുകൊണ്ടു ഈ വീട്ടുകൾ എല്ലാം മറുള്ള ഗ്രാമങ്ങളിലെ അവരുടെ വർഗ്ഗക്കാരുടെ വീടുകളെ അപേക്ഷിച്ചു നല്ല വീടുകളായി പണിയപ്പെട്ടതായിരുന്നു. ഈ വേനൽകാലത്തു അവരുടെ വീടുകളുടെ മേൽപുര എല്ലാം വെന്തു നശിച്ചുപോയതിനാൽ മതിലുകളുടെ മുകളിൽ ചില കമ്പുകൾ നിരത്തി പനയോല നിരത്തി വെച്ചിട്ടുള്ള പന്തലിന്റെ കീഴൽ കാരോരുത്തരും കഴിഞ്ഞുകൂടുന്നു.

ഇവരെ ഈ സമയത്തു സഹായിക്കേണ്ടിയതു നമ്മുടെ ചുമതലയുടെ അല്ലയൊ? കഴിഞ്ഞ ഞായറാഴ്ച ഇവരുടെ ഈ ദയനീയ അവസ്ഥയെപ്പററി ഹൈദരബാദിലെ പള്ളിയിൽ മലയാളം ശുശ്രൂഷയ്ക്കായി വന്ന നമ്മുടെ ആളുകളോടു പറഞ്ഞതിനാൽ പല വീടുകളിൽനിന്നും പഴയ ഉടുപ്പുകൾ, സാരികൾ, ക്വർട്ടുകൾ, കോട്ടു മുതലായവ തരികയും ചിലർ പണമായി സംഭാവനകൾ നല്കുകയും ചെയ്തു. ഇന്നലെ പ്രവർത്തകരോടൊരുമിച്ചു ഞാൻ അവിടെ ചെന്നു കിട്ടിയ പണംകൊണ്ടു ചോറും വാങ്ങിച്ചു കാരോ വീട്ടുകാർക്കും പങ്കിട്ടു കൊടുക്കയും വസ്ത്രങ്ങൾ ഇല്ലാത്തവർക്കു വസ്ത്രങ്ങൾ കൊടുക്കുകയും ചെയ്തു. അതു ലഭിച്ചപ്പോൾ അവരുടെ സന്തോഷവും നന്ദിയും പറഞ്ഞറിയിക്കുന്നതിനു പ്രയാസമാണ്. പലരും വസ്ത്രം കിട്ടാതെ നിരാശപ്പെടുകയുമുണ്ടായി.

വീടുകൾ പണിയുന്നതിനായിട്ടു അവരുടെ പക്കൽ യാതൊന്നുമില്ല. ചിലർ കാരോ ആവശ്യത്തിനായി സമ്പാദിച്ചുവെച്ചിരുന്ന രൂപായും അഗ്നിയിൽ നഷ്ടപ്പെട്ടു. സക്കാരിൽ ഒരു അപേക്ഷ ഇവർ നല്കിയതിന്റെ ഫലമായി കാരോ വീട്ടുകാർക്കും ഇരുപതു രൂപാവില വരുന്ന തടി കൊടുക്കുന്നതിനായിട്ടു അനുവദിച്ചു കിട്ടിട്ടുണ്ടു. എങ്കിലും അതു ഇതുവരെയായിട്ടും അവർക്കു ലഭിച്ചില്ല.

ആ ഗ്രാമത്തിലും അടുത്ത ചില ഗ്രാമങ്ങളിലുള്ളവരും ഇവർക്കു ധാന്യങ്ങളായിട്ടും മറും സഹായിച്ചു ആ ദിവസങ്ങളിൽ. എന്നാൽ അവർക്കു അവരുടെ വീടുകൾ പണിതു വീണ്ടും ഒരു സ്ഥിതിയിൽ എത്തുന്നതിനു അവരെ സഹായിക്കേണ്ടുന്ന ആവശ്യമുണ്ടു. പഴയ വസ്ത്രങ്ങൾ കാരോ സ്ഥലത്തും ശേഖരിച്ചു കോട്ടയത്തു റവ. എം. എം. ജോൺ അച്ചൻ അവർകളുടെ വീട്ടിൽ എത്തിച്ചു കൊടുക്കുന്നതായാൽ വലിയ ഉപകാരമായിരുന്നു. അവർക്കു കാരോ വീട്ടുകാർക്കും പത്തു രൂപാ വീതമെങ്കിലും കൊടുത്തു ഈ ദുരിതാവസ്ഥയിൽ സഹായിക്കുന്നതിനു സാധിച്ചാൽ കൊള്ളാമെന്നും ആഗ്രഹിക്കുന്നു. അവരോടു സഹതാപമുള്ളവർ ദയവായി എന്റെ പേർക്കു മണിഓഡറായി അവരവരുടെ സംഭാവനകൾ അയച്ചുതരണമെന്നപേക്ഷിക്കുന്നു.

ഹൈദരബാദിൽ പണമായിട്ടു സഹായിച്ചവരുടെ ലിസ്റ്റു താഴെ ചേർത്തുകൊള്ളുന്നു.

ഡോക്ടർ (മിസ്സ്) ഇ. ഫിലിപ്പ് 50 രൂപാ, മി. സി. ഐ. ജോൺ 10 രൂപാ, മി. കെ. കെ. കോശി 10 രൂപാ, മി. ജോർജ്ജ് എം. ജേക്കബ് 5 രൂപാ.

പഴയ വസ്ത്രങ്ങൾ തന്നു സഹായിച്ചവരോടും പണം തന്നു സഹായിച്ചവരോടും വളരെ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഞങ്ങളെ എല്ലാവരെയും നിങ്ങളുടെ പ്രാർത്ഥനയിൽ കാത്തുകൊണ്ടിരിക്കുന്നതിനാൽ ഞങ്ങൾ വളരെ നന്ദിയുള്ളവരായിരിക്കുന്നു.

എന്നു്

Parakal
(*Via*) *Kazipet C. Ry*, *17-5-58.*

Rev. T. M. THOMAS.

C. M. S. P.—87—1550—27-5-1958.

PUBLISHED BY REV. A. J. KURIEN AND PRINTED BY A. J. VARUGHESE
AT THE C. M. S. PRESS, KOTTAYAM.

ദി കോട്ടയം ഓറിയൻറ്റ് ബാങ്കു് ക്ലിപ്തം

(മുൻ കോട്ടയം ബാങ്കും, ഓറിയൻറ്റ് സെൻട്രൽ ബാങ്കും തമ്മിൽ സംയോജിപ്പിക്കപ്പെട്ടതു്.)

ഒരു ഷെഡ്യൂൾഡ് ബാങ്കു്

ഹെഡാഫീസു് . . .	കോട്ടയം
അധികൃത മൂലധനം . . .	25,00,000 രൂപാ
പിരിഞ്ഞു കിട്ടിയ മൂലധനം .	10,50,000 രൂപാ
കരുതൽ ധനം	7,00,000 രൂപാ
പ്രവത്തന മൂലധനം . .	3,12,00,000 രൂപാ

ബാങ്കിൻെറ 32 ശാഖകൾ കേരളത്തിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിൽ വിജയകരമായി പ്രവത്തനം നടത്തുന്നു.

കറൻറു്, സേവിംഗ്സു്, നോട്ടീസു്, സ്ഥിരം ഡിപ്പോസിറ്റുകൾ ആകഷ്ണീയമായ നിരക്കുകളിൽ സ്വീകരിക്കപ്പെടുന്നു.

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ഏറ്റവും ആദായകരമായ വിധത്തിൽ നടത്തപ്പെടുന്നു. നിങ്ങളുടെ ബാങ്കിംഗ് ആവശ്യങ്ങൾക്കു് ഞങ്ങളുടെ ഹെഡാഫീസിനെയോ, ഏതെങ്കിലും ബ്രാഞ്ചോഫീസിനെയോ സമീപിക്കുക.

എ. ഐ. ഇട്ടി അയ്പു്,
ചെയർമാൻ.

കെ. പി. മാത്യു,
മാനേജിംഗ് ഡയറക്ടർ.

K. NINAN'S COLLEGE, KOTTAYAM.

(COLLEGE ROAD)

For English K. Ninan's is the best.

Classes begin on the dates specified below.

S. S. L. C.—All Subjects—Tuesday, June 3 at 11 a. m.

INTER—All Parts—Tuesday, June 10 at 10 a. m.

Pre-University—All Parts—Friday, June 6 at 9 a. m.

B. A./P Sc. Parts I & II—Friday, June 20 at 9 a. m.

Convenient hostel facilities for men and women students. Guardians will be informed every fortnight of the progress of their wards.

Apply to:

K. NINAN, M. A.,
Principal.